# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പുസ്തകം 59 ലക്കം 8 നവംബർ 2019


കേരളത്തിലെ
പഞ്ചായത്തുകൾ
കേന്ദ്ര പുരസ്കാര നിറവിൽ

നവകേരള സൃഷ്ടിക്കായി
സമഗ്ര സംയോജിത
പദ്ധതികൾ

കെട്ടിട നിർമ്മാണാനുമതി
സുഗമമാക്കാൻ
ഇന്റലിജന്റ് ബിൽഡിംഗ്
പ്ലാൻ മാനേജ്മെന്റ് സിസ്റ്റം

കളക്ടേഴ്സ് @ സ്കൂൾ:
വരും തലമുറയുടെ
ശുചിത്വ പാഠം

## പുതിയ കാലം
## പുതിയ നിർമ്മാണ ചട്ടങ്ങൾ



സാമൂഹ്യ സഹായ പെൻഷൻ എന്ത്, എങ്ങനെ?

കേരളം വന്ന വഴി



'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ

നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'

# നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം

പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്

നവംബർ 2019


150 YEARS OF CELEBRATING THE MAHATMA

# അകത്ത്






പുതിയ കാലം
പുതിയ നിർമ്മാണ ചട്ടങ്ങൾ
എ.സി. മൊയ്തീൻ 5

കേരളത്തിലെ പഞ്ചായത്തുകൾ
കേന്ദ്ര പുരസ്കാര നിറവിൽ 6

പാപ്പിനിശ്ശേരി
ഒന്നാമതെത്തിയത് ഇങ്ങനെ 9

കെട്ടിട നിർമ്മാണാനുമതി സുഗമമാക്കാൻ
ഇന്റലിജന്റ് ബിൽഡിംഗ്
പ്ലാൻ മാനേജ്മെന്റ് സിസ്റ്റം
കെ. എസ്. ഗിരിജ 12

നവകേരള സൃഷ്ടിക്കായി
സമഗ്ര സംയോജിത പദ്ധതികൾ
ഡോ. ജോയ് ഇളമൺ 14

ബ്ലൂ ആർമി
ഒരു കൈകുമ്പിൾ ജലം
നമുക്കും വരുംതലമുറയ്ക്കും
സിന്ധു പി.ഡി. 16

കളക്റ്റേഴ്സ് @ സ്കൂൾ
വരും തലമുറയുടെ ശുചിത്വ പാഠം
അമീർഷാ ആർ.എസ്. 19

സാമൂഹ്യ സഹായ പെൻഷൻ
എന്ത്, എങ്ങനെ?
കെ. പ്രശാന്ത് കുമാർ 22

കുടുംബശ്രീയെ ശക്തിപ്പെടുത്താൻ
സമന്വയം 28

കേരളം വന്ന വഴി
വെള്ളനാട് രാമചന്ദ്രൻ 29

മാലിന്യസംസ്കരണത്തിലെ
തളിപ്പറമ്പ് മാതൃക
എബ്രഹാം തോമസ് രഞ്ജിത് 35

കണ്ടാണശ്ശേരി തട്ടകത്തിലെ
കളമൊരുക്കം
ഷെയിൻ ചാക്കോ 38

അഴിയൂരിൽ മുടി മാലിന്യം
സംസ്ക്കരിക്കാൻ പദ്ധതി 40

പ്ലാസ്റ്റിക് മാലിന്യ രഹിത
പഞ്ചായത്താകാൻ എടവിലങ്ങ് 40


## പംക്തികൾ


കില ന്യൂസ് 32

വാർത്തകൾ വിശേഷങ്ങൾ 34

അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ 41

എന്ന് വായനക്കാർ 42

നവംബർ 2019
പുസ്തകം 59 ലക്കം 8
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി
ചെയർമാൻ
**എ.സി.മൊയ്തീൻ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
യു.വി. ജോസ് ഐ.എ.എസ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
എം. രാധാകൃഷ്ണൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2018@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 7907344705

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത് രാജിന് ഉത്തരവാദിത്തമില്ല.

## എഡിറ്റോറിയൽ

# പ്രചോദനം പകരുന്ന പുരസ്കാരനേട്ടങ്ങൾ

പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ പ്രവർത്തനമികവിനുള്ള ഈ വർഷത്തെ ദേശീയ പുരസ്കാരങ്ങൾ പ്രാദേശിക ഭരണ സംവിധാനത്തിന്റെ യശസ്സ് ഉയർത്തിയിരിക്കുന്നു. പ്രാദേശിക സ്വയംഭരണത്തിന്റെ കാര്യത്തിൽ രാജ്യത്തെ ഇതര സംസ്ഥാനങ്ങളെ ബഹുദൂരം പിന്നിലാക്കി നമ്മുടെ സംസ്ഥാനം മുന്നേറുന്നതിന്റെ തെളിവാണ് പുരസ്കാര നേട്ടത്തിൽ കേരളത്തിന് ലഭിച്ച മുൻതൂക്കം. കേരളത്തിലെ ജനകീയാസൂത്രണത്തെ ദേശീയ ശ്രദ്ധയിൽ നിലനിർത്തുന്ന പുരസ്കാര ജേതാക്കൾക്ക് അഭിനന്ദനങ്ങൾ. പ്രാദേശിക ആസൂത്രണ രംഗത്തെ കേരളത്തിന്റെ മികവിനും കാര്യശേഷിക്കുമുള്ള രാജ്യത്തിന്റെ അംഗീകാരമാണ് ഇവരുടെ അഭിമാന വിജയം.

വിവിധങ്ങളായ ബഹുമതികളിലൂടെ മികവിന്റെ പര്യായമായി മാറിയ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിനാണ് ഈ വർഷത്തെ ഗ്രാമ പഞ്ചായത്ത് വികസന പദ്ധതി പുരസ്കാരം. ശുചിത്വം, മാലിന്യസംസ്കരണം, ജലസംരക്ഷണം, കാർഷിക വികസനം, ഊർജ്ജസുരക്ഷ തുടങ്ങിയ മേഖലകളിൽ ഇവർ നടത്തിയ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. മറ്റ് പുരസ്കാര ജേതാക്കളും ഒന്നല്ലെങ്കിൽ മറ്റൊരു മേഖലയിൽ ഭാവനാപരമായി പ്രവർത്തിച്ച് ഒന്നാമതെത്തിയവരാണ്. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്, തിരുനാവായ ഗ്രാമപഞ്ചായത്ത്, മാറഞ്ചേരി ഗ്രാമ പഞ്ചായത്ത്, ശൂരനാട് നോർത്ത് ഗ്രാമ പഞ്ചായത്ത് എന്നിവ മികവിന്റെ അംഗീകാരമായി ദീൻ ദയാൽ ഉപാദ്ധ്യായ പഞ്ചായത്ത് സശാക്തീകരൺ പുരസ്കാരവും നേടി. ഇവരിൽ നിന്ന് പഠിക്കാനും മികവിൽ നിന്ന് മികവിലേക്കുള്ള സ്വന്തം വഴി കണ്ടെത്താനും മറ്റുള്ളവർ ശ്രമിക്കണം.

നാനാജി ദേശ്മുഖ് രാഷ്ട്രീയ ഗൗരവ് ഗ്രാമസഭാ പുരസ്കാരവും ദീൻ ദയാൽ ഉപാദ്ധ്യായ പഞ്ചായത്ത് സശാക്തീകരൺ പുരസ്കാരവും ഒരുമിച്ച് കരസ്ഥമാക്കിയ തിരുനാവായ ഗ്രാമ പഞ്ചായത്ത് പ്രത്യേക അഭിനന്ദനം അർഹിക്കുന്നു. ആദിശങ്കരന്റെ ജന്മസ്ഥലമായ കാലടി ഉൾപ്പെട്ട കാലടി ഗ്രാമപഞ്ചായത്തിന് ഈ വർഷത്തെ സ്വച്ച് ഐക്കോണിക് പ്ലെസ് അവാർഡ് ലഭിച്ചത് അഭിമാനകരമാണ്. കേരളത്തിലെ മികച്ച ബാല സൗഹൃദ ഗ്രാമപഞ്ചായത്തിനുള്ള കേന്ദ്ര പുരസ്കാരം നേടിയ കോലഴി ഗ്രാമപഞ്ചായത്തും ബാല സൗഹൃദ തദ്ദേശഭരണത്തിൽ മാതൃകാപരമായ പ്രവർത്തനം നടത്തിയിരിക്കുന്നു. പൊതുജനസേവന രംഗത്തെ നൂതന ആശയാവിഷ്കാരത്തിനു മുഖ്യമന്ത്രിയുടെ പുരസ്കാരം കരസ്ഥമാക്കിയ മയ്യിൽ (സമ്പൂർണ്ണ നെൽകൃഷി), ബുധനൂർ (നദി പുനരുജ്ജീവനം) ഗ്രാമപഞ്ചായത്തുകളും വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളിലൂടെ നേരത്തെ തന്നെ മാധ്യമശ്രദ്ധ നേടിയവരാണ്.

ക്രിയാത്മകമായ ആസൂത്രണത്തിന്റെയും സ്ഥിരോൽസാഹത്തിന്റെയും അംഗീകാരമാണ് ഇവരെ തേടിയെത്തിയ പുരസ്കാരങ്ങൾ. ഉദ്യോഗസ്ഥരും ജനപ്രതിനിധികളും പരസ്പര ബഹുമാനത്തോടെ കൈകോർക്കുക; ജനങ്ങളെ വിശ്വാസത്തിലെടുത്ത് ജനങ്ങൾക്കു വേണ്ടി പ്രവർത്തിക്കുക; കൂട്ടായ ആലോചനയിലൂടെ പ്രതിസന്ധികൾ മുറിച്ചു കടക്കുക. ബഹുമതികൾ താനേ വന്നു ചേരും. ഇതാണ് ഈ പുരസ്കാരനേട്ടങ്ങൾ നൽകുന്ന പാഠം.

**ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്.**

**"വീഴ്ചകൾ മനസ്സിലാക്കാതിരിക്കുന്നതാണ്
ഏറ്റവും വലിയ വീഴ്ച."**
**കാർലൈൽ**



വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് തയ്യാറാക്കിയ പുതിയ (KMBR 2019, KPBR 2019) ചട്ടങ്ങൾ പുറപ്പെടുവിച്ചു കഴിഞ്ഞു. കേരള മുനിസിപ്പാലിറ്റി ബിൽഡിങ്ങ് റൂൾസ് 1999, കേരള പഞ്ചായത്ത് ബിൽഡിങ്ങ് റൂൾസ് 2011 എന്നിവയിലെ അവ്യക്തതകൾ നീക്കി വ്യാഖ്യാനത്തിനുള്ള പഴുതുകൾ പരമാവധി അടച്ചാണ് പുതിയ ചട്ടങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

# പുതിയ കാലം പുതിയ നിർമ്മാണ ചട്ടങ്ങൾ

**എ.സി. മൊയ്തീൻ**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

ഓരോ നിർമ്മാണ പ്രവൃത്തിയും ഒരു സ്വപ്നത്തിലേക്കുള്ള വഴിയാണ്. രണ്ടോ മൂന്നോ സെന്റിലെ ഒറ്റമുറി വീടാവട്ടെ, മൾട്ടിപ്ലക്സ് കെട്ടിടമാവട്ടെ, അത് വെറും കമ്പിയും കോൺക്രീറ്റുമല്ല. തല ചായ്ക്കാൻ ഇടം തേടുന്നവരുടെയും ജീവിതമാർഗ്ഗം അന്വേഷിക്കുന്നവരുടെയും പ്രതീക്ഷകൾക്കു മുകളിലാണ് ഓരോ നിർമ്മിതിയും ഉയരുന്നത്. മാറുന്ന കാലത്തോടും ഉയരുന്ന പ്രതീക്ഷകളോടും നീതിപുലർത്തുന്ന കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വേണ്ടിയുള്ള ആവശ്യത്തിന് പരിഹാരമാവുകയാണ്. വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് തയ്യാറാക്കിയ പുതിയ (KMBR 2019, KPBR 2019) ചട്ടങ്ങൾ പുറപ്പെടുവിച്ചു കഴിഞ്ഞു. കേരള മുനിസിപ്പാലിറ്റി ബിൽഡിങ്ങ് റൂൾസ് 1999, കേരള പഞ്ചായത്ത് ബിൽഡിങ്ങ് റൂൾസ് 2011 എന്നിവയിലെ അവ്യക്തതകൾ നീക്കി വ്യാഖ്യാനത്തിനുള്ള പഴുതുകൾ പരമാവധി അടച്ചാണ് പുതിയ ചട്ടങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളും കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളും കൂടുതൽ ലളിതവും വ്യക്തവും സുതാര്യവും ആക്കുകയെന്ന സമീപനം ഈ സർക്കാർ അതിന്റെ തുടക്കത്തിലേ വ്യക്തമാക്കിയതാണ്. 2017 ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആൻഡ് ഫസിലിറ്റേഷൻ ഓർഡിനൻസ് ഈ ദിശയിലുള്ള സുചിന്തിതമായ കാൽവയ്പായിരുന്നു. 2018 ഏപ്രിൽ നാലിന് കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആൻഡ് ഫസിലിറ്റേഷൻ ആക്ട് 2018 എന്ന പേരിൽ കേരള നിയമസഭ ഇത് നിയമമാക്കി. പുതിയ ചട്ടങ്ങൾ ഈ നിയമത്തിന്റെ സൂക്ഷ്മവശങ്ങളിൽ വ്യക്തത വരുത്തും.



# കേരളത്തിലെ പഞ്ചായത്തുകൾ

# കേന്ദ്ര പുരസ്കാര നിറവിൽ

കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ ഈ വർഷത്തെ ഗ്രാമപഞ്ചായത്ത് വികസന പദ്ധതി പുരസ്കാരം കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന് ലഭിച്ചു. 20 ലക്ഷം രൂപയാണ് അവാർഡു തുകയായി പഞ്ചായത്തിന് ലഭിക്കുക. കേന്ദ്രപഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെയും സംസ്ഥാനം പുറപ്പെടുവിച്ച മാർഗ്ഗരേഖയുടെയും അടിസ്ഥാനത്തിൽ രാജ്യത്ത് മികച്ച രീതിയിൽ വികസന പദ്ധതി നടപ്പിലാക്കിയതിനാണ് പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന് അവാർഡ് ലഭിച്ചത്. കർണ്ണാടകയിലെ ഉദുപുര ഗ്രാമ പഞ്ചായത്തും ആന്ധ്രാപ്രദേശിലെ കരകമ്പാടി ഗ്രാമപഞ്ചായത്തും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

തൃശ്ശൂർ ജില്ലയിലെ കോലഴി ഗ്രാമപഞ്ചായത്ത് കേരളത്തിലെ മികച്ച ബാലസൗഹൃദ ഗ്രാമപഞ്ചായത്തിനുള്ള കേന്ദ്രപുരസ്കാരം നേടി. 2017-18 സാമ്പത്തിക വർഷത്തെ പ്രവർത്തനം വിലയിരുത്തി നൽകിയ 2019 ലെ ദീൻ ദയാൽ ഉപാദ്ധ്യായ പഞ്ചായത്ത് സശാക്തീകരൺ പുരസ്കാരങ്ങളും കേരളത്തിലെ പഞ്ചായത്തുകൾക്ക് ലഭിച്ചു. ജില്ലാ പഞ്ചായത്ത് വിഭാഗത്തിൽ തിരുവനന്തപുരത്തിനും ബ്ലോക്ക് പഞ്ചായത്ത് വിഭാഗത്തിൽ നെടുമങ്ങാട് (തിരുവനന്തപുരം ജില്ല), ശ്രീകൃഷ്ണപുരം (പാലക്കാട് ജില്ല) ബ്ലോക്കുകൾക്കും ഗ്രാമപഞ്ചായത്ത് വിഭാഗത്തിൽ മാറഞ്ചേരി (മലപ്പുറം ജില്ല), തിരുനാവായ (മലപ്പുറം ജില്ല), ശൂരനാട് വടക്ക് (കൊല്ലം ജില്ല) എന്നീ ഗ്രാമപഞ്ചായത്തുകൾക്കും പുരസ്കാരം ലഭിച്ചു. മാറഞ്ചേരി, ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തുകൾക്ക് വിഭവസമാഹരണത്തിലും മറ്റ് പഞ്ചായത്തുകൾക്ക് പൊതുവിഭാഗത്തിലുമാണ് അവാർഡുകൾ ലഭിച്ചത്. മലപ്പുറം ജില്ലയിലെ തിരുനാവായ ഗ്രാമ പഞ്ചായത്ത് 2019 ലെ നാനാജി ദേശ്മുഖ് രാഷ്ട്രീയ ഗൗരവ് ഗ്രാമസഭാ പുരസ്കാരവും നേടി. 2017-18 ലെ സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് അവാർഡ് നൽകിയത്.

2017-18 കാലയളവിൽ ഐക്കണിക് പ്രദേശത്ത് മികച്ച ശുചീകരണ പ്രവർത്തനം നടത്തിയതിന് കാലടി ഗ്രാമപഞ്ചായത്തിനെ സ്വച്ഛ് ഐക്കണിക് പ്രദേശമായി അംഗീകരിച്ച് കേന്ദ്രം അവാർഡ് നൽകിയിട്ടുണ്ട്.

---

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ജില്ലാ, സംസ്ഥാന തലങ്ങളിലും സംഘടിപ്പിച്ച ഫയൽ തീർപ്പാക്കൽ അദാലത്തുകളിൽ വകുപ്പ് മന്ത്രിയെന്ന നിലയിൽ ഈ ലേഖകൻ നേരിട്ട് പങ്കെടുത്തിട്ടുള്ളതാണ്. നിർമ്മാണ അനുമതിയുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും നടപടിക്രമങ്ങളിലും കൂടുതൽ പൊളിച്ചെഴുത്ത് ആവശ്യമാണെന്ന് ഈ അദാലത്തുകളുടെ അനുഭവങ്ങൾ വ്യക്തമാക്കി. സർക്കാർ ഈ ദിശയിൽ മുന്നോട്ടു തന്നെയാണ്. പുതിയ ചട്ടങ്ങൾ ഈ രംഗത്ത് സമഗ്രവും സുസ്ഥിരവുമായ മാറ്റം കൊണ്ടുവരും.

കൂടുതൽ ജനസൗഹാർദ്ദപരവും സുതാര്യവുമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചതാണ് ഈ നിയമം. കെട്ടിട നിർമ്മാണ അനുമതി, കെട്ടിട നിർമ്മാണ ക്രമവൽക്കരണം, ഒക്കുപ്പെൻസി/കെട്ടിട നമ്പർ എന്നിവയ്ക്കുള്ള അപേക്ഷകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തീർപ്പാകാതെ കെട്ടിക്കിടക്കുന്ന അവസ്ഥയ്ക്ക് പുതിയ നിയമവും ചട്ടങ്ങളും പരിഹാരമുണ്ടാക്കും. ദുർവ്യാഖ്യാനത്തിനുള്ള പഴുതുകൾ അടച്ച് നിർമ്മാണാനുമതി നടപടിക്രമം ലളിതവും സുതാര്യവുമാക്കും. നിയമപരമായി തടസ്സമില്ലാത്ത അനുമതികൾ യഥാസമയം നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുന്നിലുള്ള തടസ്സങ്ങൾ നീങ്ങും. നിർമ്മാണ അനുമതിക്ക് ഉദ്യോഗസ്ഥരുടെ മനോധർമ്മത്തെ ആശ്രയിക്കേണ്ട ഗതികേട് ഇതോടെ ഇല്ലാതാവും. റോഡിനോട് ചേർന്ന പുരയിടങ്ങളിലെ കെട്ടിടങ്ങളുടെ ഉയരം കണക്കാക്കുന്നത് അടക്കമുള്ള നിരവധി കാര്യങ്ങളിൽ വ്യക്തവും വ്യാഖ്യാനത്തിന് പഴുതില്ലാത്ത

**പുതിയ നിയമത്തിൽ 6 മീറ്ററിൽ താഴെ വീതിയുള്ള നോട്ടിഫൈ ചെയ്യാത്ത റോഡുകളോട് ചേർന്നിരിക്കുന്ന വീടുകൾക്ക് മുൻവശത്ത് 2 മീറ്ററും വശങ്ങളിൽ കുറഞ്ഞത് ഒരു മീറ്ററും വിട്ടാൽ മതിയാവും. ഏതാനും സെൻറ് വസ്തു മാത്രം സ്വന്തമായുള്ള എത്രയെങ്കിലും പേർക്ക് ഈ ഇളവ് ആശ്വാസമാവും.**

# പ്രചോദനമാവട്ടെ ഈ മാതൃകകൾ

പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്രവർത്തന മികവിനുള്ള ഈ വർഷത്തെ ദേശീയ പുരസ്കാരങ്ങൾ കേരളത്തിന് സമ്മാനിച്ച തിളക്കമാർന്ന നേട്ടങ്ങൾ പ്രാദേശിക ആസൂത്രണ രംഗത്തെ സംസ്ഥാനത്തിന്റെ മികവിനും കാര്യശേഷിക്കും അടിവരയിടുന്നു. രാജ്യത്തെ രണ്ടര ലക്ഷത്തോളം വില്ലേജ് പഞ്ചായത്തുകളോട് മൽസരിച്ച് ഒന്നാമതെത്തിയ കണ്ണൂർ ജില്ലയിലെ പാപ്പിനിശേരി ഗ്രാമപഞ്ചായത്തിനാണ് ഈ വർഷത്തെ ഗ്രാമപഞ്ചായത്ത് വികസന പദ്ധതി പുരസ്കാരം. 2016-17 ലും 2017-18 ലും സ്വരാജ് ട്രോഫി, ഐ.എസ്.ഒ 9001-2015 അംഗീകാരം, തുടർച്ചയായ 3 വർഷങ്ങളിൽ 100 ശതമാനം നികുതി പിരിവ്, 100 ശതമാനം പദ്ധതി ചെലവ് എന്നിങ്ങനെയുള്ള നിരവധി ബഹുമതികളുടെ തുടർച്ചയാണ് പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ഈ നേട്ടവും. ഈ ബഹുമതിയിലൂടെ ശുചിത്വം, മാലിന്യ സംസ്കരണം, ജലസംരക്ഷണം, കാർഷിക വികസനം, ഊർജ്ജ സുരക്ഷ തുടങ്ങിയ മേഖലകളിൽ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് നടത്തിയ മാതൃകാപരമായ പ്രവർത്തനങ്ങൾ ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ഈ വർഷത്തെ ദീൻ ദയാൽ ഉപാദ്ധ്യായ് പഞ്ചായത്ത് സശാക്തീകരൻ പുരസ്കാരം സ്വന്തമാക്കിയ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്, തിരുനാവായ ഗ്രാമപഞ്ചായത്ത്, ശൂരനാട് നോർത്ത് ഗ്രാമപഞ്ചായത്ത് , മാറഞ്ചേരി ഗ്രാമപഞ്ചായത്ത് എന്നിവയും



മികവിന്റെ മാതൃകകളായി നമുക്ക് മുന്നിലുണ്ട്. ദീൻ ദയാൽ ഉപാദ്ധ്യായ് പഞ്ചായത്ത് സശാക്തീകരൻ പുരസ്കാരവും നാനാജി ദേശ്മുഖ് രാഷ്ട്രീയ ഗൗരവ് ഗ്രാമസഭാ പുരസ്കാരവും ഒരുമിച്ച് കരസ്ഥമാക്കിയ തിരുനാവായ ഗ്രാമ പഞ്ചായത്ത് പ്രത്യേക അഭിനന്ദനവും ശ്രദ്ധയും അർഹിക്കുന്നു.

ബാലസൗഹൃദ തദ്ദേശഭരണത്തിൽ രാജ്യത്തിനുതന്നെ മാതൃകയാണ് കേരളം. കേരളത്തിലെ മികച്ച ബാലസൗഹൃദ ഗ്രാമപഞ്ചായത്തിനുള്ള കേന്ദ്രപുരസ്കാരം കരസ്ഥമാക്കിയ തൃശ്ശൂർ ജില്ലയിലെ കോലഴി ഗ്രാമപഞ്ചായത്തും അഭിനന്ദനം അർഹിക്കുന്നു.

ചരിത്ര പ്രാധാന്യമുള്ള 14 സ്ഥലങ്ങളെ 'ഐക്കണിക് പ്ലേസ്' എന്ന പേരിൽ പ്രത്യേക പരിഗണന നൽകി തെരഞ്ഞെടുത്തതിൽ ആദിശങ്കരന്റെ ജന്മസ്ഥലമായ കാലടിയും ഉൾപ്പെട്ടിരുന്നു. സ്ഥലത്തിന്റെ ചരിത്രപ്രാധാന്യത്തിനും പ്രതീകാത്മക മൂല്യത്തിനും യോജിച്ച രീതിയിൽ ഈ സ്ഥലം ശുചിയായി പരിപാലിക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ 2017 ലെ സ്വച്ച് ഐക്കണിക് പ്ലേസ് അവാർഡും കാലടി ഗ്രാമപഞ്ചായത്ത് നേടിയിരിക്കുന്നു. പൊതുജനസേവനരംഗത്തെ നൂതന ആശയാവിഷ്കാരത്തിനുള്ള മുഖ്യമന്ത്രിയുടെ പുരസ്കാരം കരസ്ഥമാക്കിയ മയ്യിൽ, ബുധനൂർ ഗ്രാമപഞ്ചായത്തുകൾ പ്രത്യേക പരാമർശം അർഹിക്കുന്നു.

ഒന്നിനു പിറകേ ഒന്നായി മികവിന്റെ അംഗീകാരങ്ങൾ സ്വന്തമാക്കി പുതിയ പുരസ്കാര നേട്ടത്തിലൂടെ ദേശീയ ശ്രദ്ധയിൽ തിളങ്ങി നിൽക്കുന്ന ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരള സർക്കാരിന്റെ അഭിനന്ദനങ്ങൾ. ഈ വിജയം കൂടുതൽ വലിയ നേട്ടങ്ങൾക്ക് പ്രചോദനമാവട്ടെ. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന എത്രയെങ്കിലും തദ്ദേശ ഭരണ സ്ഥാപനങ്ങൾ വേറെയുമുണ്ട്. ഇനിയും മെച്ചപ്പെടാനുള്ള മാർഗ്ഗങ്ങൾ അവരും ആരായട്ടെ. ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ജനകീയ പിന്തുണാസംവിധാനങ്ങളുടെയും കൂട്ടായ്മയും പൊതുജനത്തിന്റെ പിന്തുണയുമുണ്ടെങ്കിൽ മികവിന്റെ ഏതൊരൗന്നത്യവും അസാധ്യമല്ലെന്ന് ഈ പുരസ്കാര നേട്ടങ്ങൾ തെളിയിക്കുന്നു. അഭിനന്ദനങ്ങൾ, ഒരിക്കൽക്കൂടി.

**എ.സി. മൊയ്തീൻ**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

തുമായ വ്യവസ്ഥകൾ വരും.നിലവിലെ ചട്ടങ്ങൾ പ്രകാരം, റോഡിനോട് ചേർന്ന് വരുന്ന പുരയിടങ്ങളിൽ റോഡിന്റെ ശരാശരി ഉയരത്തിൽ നിന്നാണ് നിർമ്മാണത്തിന്റെ ഉയരം കണക്കാക്കുന്നത്. മറ്റ് സ്ഥലങ്ങളിൽ വസ്തുവിന്റെ ശരാശരി ഉയരത്തിൽ നിന്നാണ് കെട്ടിടത്തിന്റെ ഉയരം അളക്കുന്നത്. ഒരേ നിയമം രണ്ടു സ്ഥലത്ത് രണ്ട് രീതിയിൽ വ്യാഖ്യാനിക്കാൻ ഉദ്യോഗസ്ഥന് അവസരം നൽകുന്നു. പുതിയ ചട്ടത്തിൽ, കെട്ടിടത്തിന്റെ ഉയരം കണക്കാക്കുന്നത് പ്ലോട്ട് ലവലിൽ നിന്ന് മാത്രമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ലേഔട്ട് അംഗികാരം നൽകുമ്പോൾ പരിസരപ്രദേശത്തെ വികസനം, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, പ്ലോട്ടിന്റെ ഭൗതിക സ്ഥിതി, പരിസരങ്ങളിൽ ഉണ്ടാവുന്ന പ്രത്യാഘാതങ്ങൾ എന്നിവ കണക്കിലെടുക്കേണ്ടതാണെന്ന് പുതിയ ചട്ടത്തിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളുടെ അനുമതി ആവശ്യമുള്ള നിർമ്മാണങ്ങളുടെ കാര്യത്തിൽ അപേക്ഷ ബന്ധപ്പെട്ടവകുപ്പുകൾക്ക് കൈമാറി മറുപടി ലഭിക്കാതെ കാത്തിരിക്കുന്ന അവസ്ഥയ്ക്കും മാറ്റം വരും.

പുതിയ നിയമത്തിൽ 6 മീറ്ററിൽ താഴെ വീതിയുള്ള നോട്ടിഫൈ ചെയ്യാത്ത റോഡുകളോട് ചേർന്നിരിക്കുന്ന വീടുക

ൾക്ക് മുൻവശത്ത് 2 മീറ്ററും വശങ്ങളിൽ കുറഞ്ഞത് 1 മീറ്ററും വിട്ടാൽ മതിയാവും. ഏതാനും സെൻറ് വസ്തു മാത്രം സ്വന്തമായുള്ള എത്രയെങ്കിലും പേർക്ക് ഈ ഇളവ് ആശ്വാസമാവും. പെർമിറ്റ് കാലാവധി 3 വർഷമെന്നത് 5 വർഷമാക്കും. ഒരു പുതുക്കൽ അടക്കം ഇത് 10 വർഷമാകും. ചെറുകിട കോഴിഫാമുകൾക്കും ഡയറിഫാമുകൾക്കും ഇനി മുതൽ ഫയർ എൻ.ഒ.സി. ആവശ്യമില്ല. പുതിയ ചട്ടങ്ങൾ വരുന്നതോടെ പൊതു കെട്ടിടങ്ങളിൽ സന്ദർശകർക്കുള്ള ശുചിമുറി സൗകര്യങ്ങൾ നിർബന്ധമാവും. 300 ചതുരശ്ര മീറ്ററിന് മുകളിലുള്ള എല്ലാ പുതിയ വാസഗൃഹ കെട്ടിടങ്ങളിലും നിലവിൽ മാലിന്യ നിർമ്മാർജ്ജനത്തിന് മറ്റു സംവിധാനങ്ങൾ ഇല്ലാത്തപക്ഷം ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കണം. മറ്റു ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്കു മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിക്കുന്ന രീതിയിൽ മലിനീകരണ നിയന്ത്രണ സംവിധാനം ഒരുക്കണം. സർക്കാർ തീരുമാനപ്രകാരം ചട്ടങ്ങളിൽ ഇളവ് നൽകുന്നതിനുള്ള മാനദണ്ഡങ്ങളും ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചില ചട്ടങ്ങളിൽ 15 ശതമാനം വരെയും മറ്റ് ചിലതിൽ 10 ശതമാനം വരെയും കവറേജിൽ 5 ശതമാനം വരെയും ഇളവ് അനുവദിക്കാം. തർക്കങ്ങളിലും വ്യവഹാരങ്ങളിലും പെട്ട് നമ്പർ ലഭിക്കാതെ കിടക്കുന്ന നിർമ്മാണങ്ങളുടെ കാര്യത്തിൽ പൊതുതാൽപര്യവും സാഹചര്യത്തിന്റെ ഗൗരവവും മുൻനിർത്തി ഇത്തരത്തിൽ സർക്കാരിന് ഇടപെടാം.

പുതിയ നിയമം നിർമ്മാണ രംഗത്തെ നിയമ ലംഘനങ്ങൾക്ക് തടയിടും. നിലവിലെ ചട്ടങ്ങൾ പ്രകാരം കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ പ്ലാൻ സമർപ്പിക്കുന്ന ലൈസൻസിയുടെ ലൈസൻസ് 1 വർഷത്തേക്ക് റദ്ദാക്കാം. പുതിയ നിയമത്തിൽ, ഈ കാലയളവ് 5 വർഷമാവും. നിയമപ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികളും ലൈസൻസിക്ക് എതിരെ സ്വീകരിക്കാം.

പുതിയ നിയമം നിർമ്മാണ
രംഗത്തെ നിയമ ലംഘനങ്ങൾക്ക്
തടയിടും. നിലവിലെ ചട്ടങ്ങൾ
പ്രകാരം കെട്ടിടനിർമ്മാണ ചട്ടങ്ങൾ
പാലിക്കാതെ പ്ലാൻ സമർപ്പിക്കുന്ന
ലൈസൻസിയുടെ ലൈസൻസ്
ഒരു വർഷത്തേക്ക് റദ്ദാക്കാം.
പുതിയ നിയമത്തിൽ,
ഈ കാലയളവ് 5 വർഷമാവും.
നിയമപ്രകാരമുള്ള പ്രോസിക്യൂഷൻ
നടപടികളും ലൈസൻസിക്ക്
എതിരെ സ്വീകരിക്കാം.

കെട്ടിട നിർമ്മാണ അപേക്ഷകൾ പ്രോസസ് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി അവയെ ഓൺലൈനായി കൈകാര്യം ചെയ്യുന്ന തരത്തിൽ ചട്ടങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്. ജില്ലാ ടൗൺ പ്ലാനറും ചീഫ് ടൗൺ പ്ലാനറും പരിശോധിച്ച് അനുമതി നൽകേണ്ട നിർമ്മാണങ്ങളുടെ കാര്യത്തിൽ ഇതിനെടുക്കുന്ന കാലതാമസം ഒരു കീറാമുട്ടിയായി സർക്കാരിന്റെ മുന്നിലുണ്ട്. ഇത് ഒഴിവാക്കാൻ മൾട്ടിപ്ലക്സ് ഒഴികെയുള്ള എല്ലാ നിർമ്മാണങ്ങൾക്കുംലേ ഔട്ട് അനുമതി ജില്ലാ തലത്തിൽ നൽകിയാൽ മതി എന്ന് പുതിയ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഒരേ കമ്പ്യൂട്ടർ പ്രോഗ്രാമിന്റെ പരിധിയിലേക്ക് എളുപ്പം കൊണ്ടുവരത്തക്ക വിധത്തിൽ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെയും പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെയും വകുപ്പുകൾ ഏകീകരിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ 161ഉം പഞ്ചായത്ത് ചട്ടങ്ങളിലെ 152 ഉം ചട്ടങ്ങൾ 109 ചട്ടങ്ങളായി ഏകീകരിച്ചിട്ടുണ്ട്. ഒരേ കാര്യത്തെ സംബന്ധിച്ച ചട്ടങ്ങൾ ഇനി ഒരേ നമ്പറിൽ അറിയപ്പെടും. നിർമ്മാണം പൂർത്തീകരിച്ചതിനു ശേഷം അനധികൃതമായി കൂട്ടിച്ചേർക്കലുകൾ നടത്തുന്നതും ഉപയോഗമാറ്റം വരുത്തുന്നതും പരിശോധിച്ച് നടപടി സ്വീകരിക്കാനുള്ള തുടർഓഡിറ്റിനും പുതിയ ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്. ഒന്നിലധികം തരത്തിലുള്ള നിർമ്മാണങ്ങൾ ഒരേ വസ്തുവിൽ ഒരുമിച്ചു വരുന്ന സാഹചര്യത്തിൽ, ഏറ്റവും കൂടുതൽ നിയന്ത്രണങ്ങൾ ബാധകമായ നിർമ്മാണത്തിന്റെ നിബന്ധനകൾ പൊതുവിൽ ബാധകമാക്കണമെന്ന വ്യവസ്ഥയിലും മാറ്റം വരുത്തി. പകരം, മൾട്ടിപ്ലക്സ് കെട്ടിടങ്ങൾക്ക് ബാധകമാകുന്ന വ്യവസ്ഥകൾ ചട്ടങ്ങളിൽ പുതിയതായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. □






# പാപ്പിനിശ്ശേരി ഒന്നാമതെത്തിയത് ഇങ്ങനെ

## കേന്ദ്ര ഗ്രാമപഞ്ചായത്ത് വികസന പദ്ധതി പുരസ്കാരം പാപ്പിനിശ്ശേരിക്ക്

**രാജ്യത്തെ രണ്ടരലക്ഷത്തിലധികം ഗ്രാമപഞ്ചായത്തുകളോട് മത്സരിച്ചാണ് പാപ്പിനിശ്ശേരി ഒന്നാമതെത്തിയത്. വളപട്ടണം പുഴ വലംവച്ചൊഴുകുന്ന, 5.75 ചതുരശ്ര മൈൽ വിസ്തൃതിയുള്ള ഈ ഗ്രാമ പഞ്ചായത്ത് പുരസ്കാര നേട്ടത്തിലൂടെ ദേശീയ ശ്രദ്ധ നേടിയിരിക്കുന്നു.**

കേന്ദ്ര സർക്കാരിന്റെ ഈ വർഷത്തെ ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (Grama Panchayath Development Plan) പുരസ്കാരം സ്വന്തമാക്കിയ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ നേട്ടം കേരളത്തിനാകെ അഭിമാനകരമാണ്. രാജ്യത്തെ രണ്ടരലക്ഷത്തിലധികം ഗ്രാമപഞ്ചായത്തുകളോട് മത്സരിച്ചാണ് പാപ്പിനിശ്ശേരി ഒന്നാമതെത്തിയത്. വളപട്ടണം പുഴ വലംവച്ചൊഴുകുന്ന, 5.75 ചതുരശ്ര മൈൽ വിസ്തൃതിയുള്ള ഈ ഗ്രാമ പഞ്ചായത്ത് ഈ പുരസ്കാര നേട്ടത്തിലൂടെ ദേശീയ ശ്രദ്ധ നേടിയിരിക്കുന്നു.

2016-17ലും 2017-18ലും മികച്ച പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി കരസ്ഥമാക്കിയ പാപ്പിനിശ്ശേരിയുടെ ഈ നേട്ടവും ആരെയും അത്ഭുതപ്പെടുത്തുന്നില്ല. ഐ. എസ്.ഒ 9001-2015 അംഗീകാരം, തുടർച്ചയായ 3 വർഷങ്ങളിൽ 100 ശതമാനം നികുതി പിരിവ്, 100 ശതമാനം പദ്ധതി ചെലവ് എന്നിങ്ങനെ പാപ്പിനിശേരി ഗ്രാമപഞ്ചായത്തിന്റെ നേട്ടങ്ങൾ എണ്ണിപ്പറഞ്ഞാൽ നിരവധിയുണ്ട്. കണ്ണൂർ ജില്ലയിൽ ആദ്യമായി നീർത്തട മാസ്റ്റർപ്ലാൻ പരിഷ്കരിച്ചതും പാപ്പിനിശ്ശേരിയാണ്.

### ക്ലീൻ പാപ്പിനിശ്ശേരി

ക്ലീൻ പാപ്പിനിശ്ശേരി പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടത്തിയ പ്രവർത്തനങ്ങൾ പാപ്പിനിശ്ശേരി പഞ്ചായത്തിന്റെ വെടിപ്പും സൗന്ദര്യവും പാരിസ്ഥിതിക സുസ്ഥിതിയും തിരികെ കൊണ്ടുവന്നു. ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി എന്നിവയുമായി സഹകരിച്ച്, വീടുകളിൽ നിന്ന് ശേഖരിച്ച പാഴ്വസ്തുക്കളായ ബാഗ്, ചെരിപ്പ്, സി.എഫ്.എൽ, ട്യൂബ് ലൈറ്റ്, കുപ്പി മുതലായ 10 ടൺ പാഴ്വസ്തുക്കൾ എറണാകുളത്തുള്ള കെ.ഇ.ഐ.എൽ എന്ന സ്ഥാപനത്തിലേക്ക് കയറ്റി അയച്ചുകൊണ്ടാണ് ക്ലീൻ പാപ്പിനിശ്ശേരി ശ്രദ്ധേയമായ തുടക്കമിട്ടത്.

തൊഴിലുറപ്പ് പദ്ധതിയിൽ തോടുകളും ജലാശയങ്ങളും ശുചീകരിച്ചു. കുടുംബശ്രീയുമായി ബന്ധപ്പെട്ട് ശുചിത്വ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. പ്ലാ

സ്റ്റിക്കിന് പകരം പേപ്പർ ബാഗുകളും തുണി സഞ്ചികളും പ്രചരിപ്പിച്ചു. അംഗനവാടികൾ അമ്മമാരുടെ സഹായത്തോടെ ശുചീകരിച്ചു. സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള ശുചീകരണ പ്രവൃത്തികൾ പി.ടി.എ.യുടെ സഹായത്തോടെ നടപ്പിലാക്കി. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ആശാ വർക്കർമാരുടെ സഹായത്തോടെ പൊതു സ്ഥലങ്ങൾ ശുചീകരിച്ചു. മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 25,000 രൂപ വരെ പിഴ ചുമത്തി.

പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് സൂക്ഷിക്കുന്നതിന് 25 ലക്ഷം രൂപ ചെലവിൽ എം.സി.എഫ്. നിർമ്മിച്ചു. 42 അംഗ ഹരിതകർമ്മസേനയുടെ സഹായത്തോടെ പ്ലാസ്റ്റിക് വസ്തുക്കൾ ശേഖരിച്ച് ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറി വരുന്നു. പ്ലാസ്റ്റിക് ബോട്ടിലുകൾ ശേഖരിക്കുന്നതിന് പ്രധാന കവലകളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചു. എല്ലാ ഓഫീസുകളിലും സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോകോൾ നിർബന്ധമാക്കി. ആവശ്യമായ സൂചന ബോർഡുകളും സ്ഥാപിച്ചു.

വളപട്ടണം പാലത്തിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ചതോടെ രാത്രി കാലങ്ങളിൽ പാലത്തിന്റെ മുകളിൽ നിന്ന് നദിയിലേക്ക് മാലിന്യങ്ങൾ വലിച്ചെറിയുന്നത് അവസാനിച്ചു. നാഷണൽ ഹൈവെ 66ൽ നിരീക്ഷണ ക്യാമറകളും സ്ഥാപിച്ചു. മാലിന്യം തള്ളുന്ന വാഹനം തിരിച്ചറിഞ്ഞാൽ, വാഹന ഉടമയുടെ പേരിൽ വളപട്ടണം പോലീസ് കേസെടുക്കും. പാതയോരത്ത് മാലിന്യങ്ങൾ ഇല്ലാതായതോടെ, തെരുവ് നായ ശല്യവും കുറഞ്ഞു. പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് ലേലം നടത്തി. ലേലക്കാരന്റെ ചെലവിലാണ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ച് പരിപാലിക്കുന്നത്. ലേലത്തുക ഇനത്തിൽ പഞ്ചായത്തിന് പ്രതിവർഷം 54,000 രൂപ വരുമാനം ലഭിക്കുന്നു.



ഇറച്ചിക്കോഴി മാലിന്യം വളമാക്കി മാറ്റുന്നതിന് റെണ്ടറിംഗ് പ്ലാന്റ് സ്ഥാപിച്ചു. ബഹറിൻ മലയാളികളുടെ കൂട്ടായ്മയായ ഗ്രീൻ വെൻചേഴ്സ് കണ്ണൂർ 3 കോടി രൂപ മുതൽമുടക്കിൽ ദിവസം 10.5 ടൺ ഇറച്ചിക്കോഴി മാലിന്യം വളം അല്ലെങ്കിൽ മത്സ്യ/പട്ടി തീറ്റ ആയി മാറ്റുന്നു. ശുചിത്വ മിഷന്റെ സഹായത്തോടെ 35 ലക്ഷം രൂപ ചെലവിൽ ബയോഗ്യാസ് പ്ലാന്റ് (ഗോബർധൻ) നിർമ്മിച്ചു. ഇതിൽ പ്രതിദിനം 1 ടൺ ജൈവ മാലിന്യം സംസ്കരിക്കുന്നു. 25 ക്യൂബിക് മീറ്റർ ഗ്യാസ് പ്രതിദിനം ലഭിക്കുന്നു. വീടുകളിൽ പൈപ്പ് കമ്പോസ്റ്റ് (800 എണ്ണം), മണ്ണിര കമ്പോസ്റ്റ് (500 എണ്ണം), ബയോഗ്യാസ് യൂണിറ്റ് (50 എണ്ണം) എന്നിവ സ്ഥാപിച്ചുനല്കി.

വ്യാപാരികളുടെ സഹായത്തോടെ 10 ലക്ഷം രൂപ ചെലവിൽ കുട്ടികളുടെ പാർക്കും പൂന്തോട്ടവും നിർമ്മിച്ചു. പ്ലാസ്റ്റിക് നിർമ്മാർജനം ലക്ഷ്യമാക്കി വനിതാ സംരംഭമായി പേപ്പർബാഗ്, തുണിസഞ്ചി യൂണിറ്റുകൾ സ്ഥാപിച്ചു. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 10 സ്കൂളുകളിലും എഴുതി തീർന്ന പേനകൾ അലക്ഷ്യമായി വലിച്ചെറിയുന്നത് ഒഴിവാക്കുന്നതിനായി പെൻബൂത്തുകൾ സ്ഥാപിച്ചു.

## വിളവ്

ഗ്രാമ പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വിള സമൃദ്ധി പദ്ധതികൾ (സമഗ്ര നെൽകൃഷി, തെങ്ങ്, പച്ചക്കറി, കിഴങ്ങ് വികസന പദ്ധതികൾ) പാപ്പിനിശ്ശേരിയുടെ കാർഷിക സമൃദ്ധി തിരികെ കൊണ്ടുവരികയാണ്. കാർഷിക കർമ്മസേന രൂപീകരിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ കൂടി പങ്കാളിത്തത്തോടെ കാർഷിക യന്ത്രോപകരണങ്ങളായ ടില്ലർ, മെതിയന്ത്രം, കാട് വെട്ട് യന്ത്രം, മരുന്ന് തളിയന്ത്രം എന്നിവ കർഷകർക്ക് വാടകയ്ക്ക് നൽകി വരുന്നു.

പഞ്ചായത്തിന്റെയും സമീപ പഞ്ചായത്തിലെയും കർഷകർ ഉല്പാദിപ്പിച്ച കാർഷിക ഉല്പന്നങ്ങളും നടീൽ വസ്തുക്കളും പച്ചക്കറി തൈകളും വളം, കീടനാശിനി എന്നിവയും ഇക്കോഷോപ്പ് വഴി വിതരണം ചെയ്യുന്നു. കഴിഞ്ഞ 3 വർഷ



ക്കാലത്തിനകം ഹെക്ടർ കണക്കിന് തരിശ് നിലം തെളിച്ചെടുത്ത് കൃഷിയോഗ്യമാക്കി.

വനിതാ സംരംഭം എന്ന നിലയിൽ, 6 ലക്ഷം രൂപ ചെലവിൽ ചാണകവള സമ്പുഷ്ടീകരണ യൂണിറ്റ് ആരംഭിച്ചു. കൃഷിഭവനിലൂടെയും ഇക്കോ ഷോപ്പ് മുഖേനയും ചാണകവളം കർഷകരിൽ എത്തിക്കുന്നു. കേരളത്തിൽ ആദ്യമായാണ് ഇത്തരം സംരംഭം ആരംഭിച്ചത്. മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നഴ്സറികൾ സ്ഥാപിച്ചു. പ്രതിവർഷം 8000 ഫല വൃക്ഷതൈകൾ ഉല്പാദിപ്പിച്ച് പരിസ്ഥിതി ദിനത്തിൽ പൊതു സ്ഥലങ്ങളിലും വ്യക്തികളുടെ സ്ഥലങ്ങളിലും നട്ടുപിടിപ്പിച്ച് അതിന്റെ സംരക്ഷണം ഉറപ്പുവരുത്തുന്നു.

അന്യം നിന്നുപോയ അഴീക്കോട് ലോക്കൽ എന്ന നാടൻ വഴുതിന ഇനം സംരക്ഷിക്കുന്നതിനായി 25 സെന്റ് സ്ഥലത്ത് വിത്ത് പാകി 25000 തൈകൾ ഉല്പാദിപ്പിച്ച് ബ്ലോക്ക് തലത്തിൽ വിതരണം ചെയ്തു.

പച്ചക്കറി തൈ ഉല്പാദനത്തിന് നഴ്സറി രൂപീകരിച്ചു. 2018-19 വർഷം 3 ലക്ഷം തൈകൾ ഉല്പാദിപ്പിച്ച് കണ്ണൂർ ബ്ലോക്ക് പരിധിയിലെ പഞ്ചായത്തുകളിലും കണ്ണൂർ കോർപ്പറേഷൻ പരിധിയിലും വിതരണം ചെയ്തു. 2019-20 വർഷം 1 ലക്ഷം തൈകൾ ഉൽപാദിപ്പിച്ചു. നിയമസഭാ സാമാജികരുടെ വീട്ടുവളപ്പിൽ പച്ചക്കറി കൃഷിയുടെ ഭാഗമായി വ്യവസായ മന്ത്രി ഇ.പി.ജയരാജന്റെ വീട്ടുവളപ്പിൽ 50 സെൻറ് സ്ഥലത്ത് മാതൃകാ തോട്ടം നിർമ്മിച്ച് പൊതുജനങ്ങളെ കൃഷി മേഖലയിലേക്ക് ആകർഷിച്ചു.

മത്സ്യകൃഷിക്കും പച്ചക്കറികൃഷിക്കും തുല്യ പ്രാധാന്യം നല്കുന്ന അക്വഫോണിക്സ് കൃഷിരീതി കൃഷിഭവൻ മുഖേന നടപ്പിലാക്കി. നൂതന കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിന്റെയും സംയോജിത കൃഷി രീതി നടപ്പിലാക്കുന്നതിന്റെയും ഭാഗമായി അരയാല, കീച്ചേരി എന്നിവിടങ്ങളിൽ ഫിലോപ്പി മത്സ്യകൃഷിയും പച്ചക്കറി കൃഷിയും നടത്തിവരുന്നു.

## വെള്ളം

വിവിധ വകുപ്പുകളുമായി സഹകരിച്ച് വിപുലമായ ജലസംരക്ഷണ പ്രവൃത്തികൾ പഞ്ചായത്ത് ഏറ്റെടുത്തു. നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കി നീർത്തട വികസന



പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തി. ഇടിഞ്ഞു പൊളിഞ്ഞു കിടന്ന കീച്ചേരി കുളം മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ജനപങ്കാളിത്തത്തോടെ പുനരുദ്ധരിച്ചു. നെൽകൃഷിക്ക് പ്രത്യേക പ്രോത്സാഹനം നൽകി. മൈനർ ഇറിഗേഷൻ വകുപ്പുമായി ചേർന്ന് പാടശേഖരങ്ങളിലെ തടയണകൾ നവീകരിച്ച് കൃഷിഭൂമിയിൽ ഉപ്പുവെള്ളം കയറുന്നത് നിയന്ത്രിച്ചു. അഴുക്കിൽ നിന്ന് അഴകിലേക്ക് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നീർച്ചാലുകൾ, തോടുകൾ, നീരുറവുകൾ എന്നിവയിലെ മാലിന്യങ്ങൾ നീക്കം ചെയ്തു.

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള മഴവെള്ള സംഭരണി നിർമ്മിച്ച് ശുദ്ധജല ദൗർലഭ്യത്തെ മറികടന്നു. സമ്പൂർണ്ണ കിണർ റീച്ചാർജിംഗ് നടപ്പിലാക്കി. കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോൾ കിണർ റീചാർജ്ജിംഗ് നിർബന്ധമാക്കി. വാട്ടർ അതോറിറ്റിയുടെ സഹായത്തോടെ 105 കി.മീ. കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിച്ചു. 350 കുടുംബങ്ങൾക്ക് സബ്സിഡിയോടെ ഗാർഹിക കുടിവെള്ള കണക്ഷൻ അനുവദിച്ചു.

## ഊർജ്ജം

ഗ്രാമ പഞ്ചായത്ത് കെട്ടിടത്തിന് മുകളിൽ 10 ടൺ ശേഷിയുള്ള സോളാർ പ്ലാന്റ് സ്ഥാപിച്ചു വൈദ്യുതി കെ.എസ്.ബി. ഗ്രീഡ്ഡിലേക്ക് നൽകുന്നു. ഉറുത്തി മാലിന്യ പ്ലാന്റിന് മുകളിൽ 19 ലക്ഷം രൂപ ചെലവിൽ 20 കി. വാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്ന സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി കെ.എസ്.ഇ.ബി ഗ്രിഡ്ഡിലേക്ക് നൽകുന്നു.

ഇതുവഴി ഊർജ്ജ സുരക്ഷ ഉറപ്പുവരുത്തുന്നതിനു പുറമേ പഞ്ചായത്ത് ഓഫീസ്, പഞ്ചായത്തിന് കീഴിലുള്ള മറ്റ് ഓഫീസുകൾ, തെരുവ് വിളക്കുകൾ എന്നിവയുടെ വൈദ്യുതി ചാർജ്ജ് പൂർണ്ണമായും ഒഴിവാക്കി കിട്ടുകയും ചെയ്യുന്നു.

## ബഡ്സ് സ്പെഷ്യൽ സ്കൂൾ

കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി, 2013-14, 2014-15ൽ നിർമ്മിച്ച ബഡ്സ് സ്കൂൾ കെട്ടിടം ആധുനിക സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ, പഠന-കളി ഉപകരണങ്ങൾ, ഫിസിയോതെറാപ്പി, സ്പീച്ച് തറാപ്പി സൗകര്യങ്ങൾ, ഡാർക്ക് റൂം, ഫർണ്ണീച്ചറുകൾ, കളി സ്ഥലങ്ങൾ, സ്മാർട് ക്ലാസ്സ് മുറികൾ, കിച്ചൺ-ഡൈനിംഗ് ഹാൾ, പ്രത്യേക ടോയിലറ്റുകൾ എന്നിവ നിർമ്മിച്ച് സജ്ജമാക്കി. ഭിന്നശേഷി വിഭാഗത്തിൽ പെടുന്ന സെറിബൽ പാൾസി, ഓട്ടിസം എന്നിവ ബാധിച്ച കുട്ടികളുടെ പഠനത്തിനും ബുദ്ധിവികാസത്തിനുമുള്ള ആധുനിക സൗകര്യങ്ങൾ ഇവിടെ ഒരുക്കി. പ്രത്യേകം പരിശീലനം സിദ്ധിച്ച ടീച്ചർ, ആയ എന്നിവരെ നിയമിച്ചു. കുട്ടികൾക്കാവശ്യമായ ഭക്ഷണം, യാത്രാ സൗകര്യം എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും സഹകരണത്തോടെ ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ, സംസ്ഥാനത്തെ ഏറ്റവും മികച്ച ബഡ്സ് കേന്ദ്രങ്ങളിൽ ഒന്നായി ഈ സ്ഥാപനം മാറും. ☐

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*



## കെട്ടിട നിർമ്മാണാനുമതി സുഗമമാക്കാൻ


# ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റം

■ കെ. എസ്. ഗിരിജ

**കെട്ടിടനിർമ്മാണ അപേക്ഷകളുടെ ഇ - ഗവേണൻസിന് വേണ്ടിയുള്ള ഒരു സോഫ്റ്റ്‌വെയർ ആണ് IBPMS. ഓൺലൈൻ ആയി സമർപ്പിക്കുന്ന അപേക്ഷകളിലെ ഡ്രോയിംഗ്സിൽ നിന്നും അളവുകൾ സോഫ്റ്റ്‌വെയർ നേരിട്ട് സ്വീകരിച്ച് ചട്ടങ്ങൾക്ക് അനുസൃതമാണോ എന്ന് പരിശോധിക്കുകയും ചട്ടവിധേയമായ അപേക്ഷകൾക്കു ബിൽഡിംഗ് പെർമിറ്റ് ഓൺലൈനായി നൽകുകയും ചെയ്യുന്നു.**

കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പാക്കി വരുന്ന പ്രധാന പദ്ധതിയായ ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ (Ease of Doing Business) ഭാഗമായി സംസ്ഥാനത്തെ 93 നഗരസഭകളിൽ നടപ്പിലാക്കുന്നതിനായി തയ്യാറാക്കി പ്രവർത്തനക്ഷമമാക്കി വരുന്ന ഒരു ബിൽഡിംഗ് പെർമിറ്റ് മാനേജ്മെന്റ് സംവിധാനമാണ് ഐബിപിഎംഎസ് (Intelligent Building Plan Management System (IBPMS). കേരളത്തിലെ 92 നഗരസഭകളിൽ ഇത് സുഗമമായി നടപ്പിലാക്കുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷനും (KSIDC) M/S ദേവ് ഇൻഫർമേഷൻ ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ കരാറിലേർപ്പെട്ടിട്ടുണ്ട്.

കെട്ടിടനിർമ്മാണ അപേക്ഷകളുടെ ഇ - ഗവേണൻസിന് വേണ്ടിയുള്ള ഒരു സോഫ്റ്റ്‌വെയർ ആണ് IBPMS. കെട്ടിട നിർമ്മാണ അപേക്ഷകൾ എവിടെ നിന്നും



ഓൺലൈനായി സമർപ്പിക്കുന്നതിനും പരിശോധിക്കുന്നതിനും അനുമതി നൽകുന്നതിനും സഹായിക്കുന്ന ഒരു ഓട്ടോമേറ്റ് ഇന്റലിജന്റ് സോഫ്റ്റ്‌വെയർ ആണിത്. ഓൺലൈൻ ആയി സമർപ്പിക്കുന്ന അപേക്ഷകളിലെ ഡ്രോയിംഗ്സിൽ നിന്നും അളവുകൾ സോഫ്റ്റ്‌വെയർ നേരിട്ട് സ്വീകരിച്ച് കെട്ടിട നിർമ്മാണചട്ടങ്ങൾക്ക് അനുസൃതമാണോ എന്ന് പരിശോധിക്കുകയും ചട്ടവിധേയമായ അപേക്ഷകൾക്ക ബിൽഡിംഗ് പെർമിറ്റ് ഓൺലൈനായി നൽകുകയും ചെയ്യുന്നു. ചട്ടങ്ങൾക്ക് അനുസൃതമല്ലാത്ത അപേക്ഷകളിന്മേൽ വ്യക്തമായ കാരണങ്ങൾ ചൂണ്ടിക്കാട്ടി വിശദമായ റിപ്പോർട്ടോടുകൂടി അപേക്ഷ കമ്പ്യൂട്ടർ തന്നെ നിരസിക്കുന്നതിനും ഇതിൽ സംവിധാനമുണ്ട്.

ഇന്ത്യയിൽ ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനങ്ങളായ ആന്ധ്രാപ്രദേശ്, തെലിങ്കാനാ, ഹരിയാന, ജാർഖണ്ഡ്, ഗുജറാത്ത് എന്നിവയിൽ കേരളത്തിലെ IBPMS - നു സമാനമായ OBPMS എന്ന സോഫ്റ്റ്‌വെയർ ആണ് വിജയകരമായി ഉപയോഗിച്ചുവരുന്നത്. ഇന്ത്യയിൽ 18 സംസ്ഥാനങ്ങളിൽ ഈ സോഫ്റ്റ്‌വെയർ നടപ്പിലാക്കിവരുന്നു.


## പ്രത്യേകതകൾ

- ഓരോരോ തദ്ദേശസ്ഥാപനങ്ങൾക്കും ബാധകമായ ചട്ടങ്ങളും വികസന നിയന്ത്രണങ്ങളും ഡ്രോയിംഗ്സുമായി ഒത്തുനോക്കി പരിശോധിക്കുന്നു.
- CAD drawings ലെ അളവുകൾ സോഫ്റ്റ്‌വെയർ മനസ്സിലാക്കി സൂക്ഷ്മ പരിശോധന നടത്തി വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കുന്നു.
- പേപ്പർ വർക്ക് കുറച്ചുകൊണ്ട് ലൈസൻസികളുടെയും ഉദ്യോഗസ്ഥരുടെയും സമയം ലാഭിക്കുന്നതിനു സഹായിക്കുകയും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിശോധിക്കുന്നതിനുള്ള സങ്കീർണ്ണമായ പ്രക്രിയ automate ചെയ്യുകയും ചെയ്യുന്നു.
- ബിൽഡിംഗ് പെർമിറ്റ് ലഭ്യമാക്കുന്നതിനുള്ള ഏകജാലക സംവിധാനമായി പ്രവർത്തിക്കുന്നു.
- ബിൽഡിംഗ് പ്ലാൻ അപ്രൂവൽ പ്രക്രിയ സ്റ്റാൻഡേർഡൈസ് ചെയ്യുകയും രേഖകൾ ഡിജിറ്റൈസ് ചെയ്തു സൂക്ഷിച്ച് ഇ - ഗവേണൻസ് സാധ്യമാക്കുകയും ചെയ്യുന്നു.
- ദൈർഘ്യമേറിയതും സങ്കീർണ്ണവുമായ manual process ഒഴിവാക്കുന്നതിലൂടെ സൂക്ഷ്മ പരിശോധന പ്രക്രിയ ത്വരിതപ്പെടുത്തുന്നു.
- മാനുഷിക ഇടപെടലുകൾ കുറഞ്ഞതു കാരണം എല്ലാതലത്തിലും അഴിമതി കുറയ്ക്കുവാൻ സാധിക്കുന്നു.
- വികസന നിയന്ത്രണങ്ങൾ പലരും പല രീതിയിൽ വ്യാഖ്യാനിക്കുന്നത് ഒഴിവാക്കുന്നതിലൂടെ അപ്രൂവൽ പ്രക്രിയയിൽ ഏകത്വം കൈവരിക്കുകയും അപേക്ഷകളുടെ പരിശോധനയും പെർമിറ്റ് നൽകലും ഓൺലൈൻ വഴി ആയതിനാൽ അംഗീകാര പ്രക്രിയയിൽ ബന്ധപ്പെട്ട എല്ലാവരും (അപേക്ഷകൻ, ലൈസൻസി, ഒഫിഷ്യൽസ്) ഒരേ തട്ടിൽ വരികയും ചെയ്യുന്നു.
- അപേക്ഷയുടെ അംഗീകാര പ്രക്രിയയിൽ സബ്ജെക്ടിവിറ്റി പൂർണ്ണമായും ഒഴിവാക്കി പെർമിറ്റ് നൽകുകയും പെർമിറ്റ് നിരസിക്കുന്നതിനു വ്യക്തമായ കാരണങ്ങൾ നൽകുകയും ചെയ്യുന്നു.
- അപേക്ഷ ഏതു ഘട്ടത്തിലാണെന്ന് ഓൺലൈനായി അപേക്ഷകനും ലൈസൻസിക്കും പരിശോധിക്കാവുന്നതാണ്. □

**അപേക്ഷയുടെ അംഗീകാര പ്രക്രിയയിൽ സബ്ജെക്ടിവിറ്റി പൂർണ്ണമായും ഒഴിവാക്കി പെർമിറ്റ് നൽകുകയും പെർമിറ്റ് നിരസിക്കുന്നതിനു വ്യക്തമായ കാരണങ്ങൾ നൽകുകയും ചെയ്യുന്നു.**

*ലേഖിക മുഖ്യ നഗരാസൂത്രികയാണ്.*

പദ്ധതി വിശേഷം



# നവകേരള സൃഷ്ടിക്കായി സമഗ്ര സംയോജിത പദ്ധതികൾ

■ ഡോ. ജോയ് ഇളമൺ

തദ്ദേശഭരണ സ്ഥാപനങ്ങൾ മികവിന്റെ വർഷം ആചരിക്കുന്ന ഈ സന്ദർഭത്തിൽ രണ്ടാം ജനകീയാസൂത്രണം ഒരുക്കുന്ന സാദ്ധ്യതകൾ പൂർണ്ണമായും ഉപയോഗിക്കത്തക്ക രീതിയിൽ സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങളും ജില്ലാ ആസൂത്രണസമിതികളും മുന്നോട്ടു വരണം.

കേരളത്തിലെ അധികാരവികേന്ദ്രീകരണ പ്രക്രിയയും തദ്ദേശഭരണ സംവിധാനത്തിനും ഏറെ പ്രത്യേകതകളുണ്ട്. ത്രിതല പഞ്ചായത്തുകളും നഗരങ്ങളും പരസ്പരം മുകളിലോ താഴെയോ അല്ല എന്നത് വളരെ പ്രധാനമാണ്. പകരം അവയ്ക്കെല്ലാം കൃത്യമായ ഉത്തരവാദിത്തങ്ങളും അധികാരങ്ങളും നിർവ്വചിച്ചിട്ടുണ്ട്. ജനകീയാസൂത്രണത്തിലും ഓരോ തലത്തിലും ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് വ്യക്തമായ ധാരണയുണ്ട്. ഓരോ തദ്ദേശഭരണ സ്ഥാപനവും ആ പ്രദേശത്തിനാവശ്യമായ രീതിയിലുള്ള വികസന പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. എന്നാൽ പല വികസനപ്രശ്നങ്ങളും ഒരു തദ്ദേശഭരണ സ്ഥാപന അതിർത്തിയിൽ ഒതുങ്ങിനിൽക്കുന്നവയല്ല. പലതിന്റെയും പരിഹാരമാർഗ്ഗങ്ങൾ ഈ അതിർത്തിക

ൾക്കുമപ്പുറം പരന്നു കിടക്കുന്നുമുണ്ട്. ഏറ്റെടുക്കുന്ന വികസനപ്രവർത്തനങ്ങളുടെ ഫലം, ഗുണമേന്മ, ക്ഷമത എന്നിവയൊക്കെ ഉയർത്തുന്നതിനും മറ്റു സമീപ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്നു പ്രവർത്തിക്കേണ്ടതായി വരാം. വികേന്ദ്രീകൃതാസൂത്രണമെന്നാൽ ഓരോ തദ്ദേശഭരണസ്ഥാപനവും കൊട്ടിയടക്കപ്പെട്ട അറകളായി പ്രവർത്തിക്കുക എന്നതല്ല. അവയൊന്നും ഒറ്റപ്പെട്ട ദ്വീപുകളോ തുരുത്തുകളോ അല്ല. വികേന്ദ്രീകൃതമായ ബഹുതല ആസൂത്രണമാണു ജനകീയാസൂത്രണം വിഭാവനം ചെയ്യുന്നത്. അവ പരസ്പര പൂരിതവും ഫലവത്തുമാകണം. സംസ്ഥാനത്തിന്റെ മൊത്തം വികസനത്തിലേക്കുള്ള പാതയുമാണത്. നവകേരളസൃഷ്ടിക്കായി ലക്ഷ്യമിടുന്ന വികസന സൂചികകളിൽ അത്തരം പ്രവർത്തനങ്ങൾ നിർണ്ണായക പങ്കുവഹിക്കണം. സമഗ്രവും സംയോജിതവുമായ പദ്ധതികളുടെ പ്രസക്തി വർദ്ധിക്കുന്നതിവിടെയാണ്.

## ജില്ലാ പദ്ധതിയുടെ പ്രസക്തി

ഗ്രാമപഞ്ചായത്തുകൾ മുതൽ സംസ്ഥാനതലം വരെയുള്ള ബഹുതല ആസൂത്രണ പ്രവർത്തനങ്ങൾക്കിടയിൽ ശ്രദ്ധിക്കപ്പെടാതെ പോകുന്ന ഒട്ടേറെ പ്രശ്നങ്ങളുണ്ടാവാം. ഫലപ്രദമായേക്കാവുന്ന നവീന സാദ്ധ്യതകളുണ്ടാവാം. പരിപാടികളുടെ ഇരട്ടിപ്പും വികസന ലക്ഷ്യങ്ങളിലെ അന്തരവുമെല്ലാം ഒരേ പ്രദേശത്തെ വികസനപ്രവർത്തനങ്ങളുടെ താളം തെറ്റിക്കാനും കാരണമാകാം. ഇത്തരം ഘട്ടങ്ങളിലാണ് ജില്ലാ പദ്ധതിയുടെ പ്രസക്തി വർദ്ധിക്കുന്നത്. ജില്ലയാകെയുള്ള വികസന പരിപ്രേക്ഷ്യവും വികസനലക്ഷ്യങ്ങളും നിർവ്വചിക്കുവാൻ ജില്ലാ പദ്ധതിക്കാവും. ജില്ലയിൽ വിവിധ ഏജൻസികളുടെ ഏകോപനമാണ് ജില്ലാ പദ്ധതിയുടെ ലക്ഷ്യങ്ങളിൽ പ്രധാനം. കേന്ദ്ര, സംസ്ഥാന, പ്രാദേശിക സർക്കാരുകളുടെ പരിപാടികളും മറ്റു വികസന ഏജൻസികളുടെ പരിപാടികളും സമന്വയിപ്പിച്ച് താരതമ്യേന വലുതും ഫലദായകവുമായ പരിപാടികൾക്ക് മാർഗ്ഗദർശിയാകുവാൻ ജില്ലാ പദ്ധതിക്കാവും. അത്തരം സംയോജിത പദ്ധതികൾ ആശയവത്ക്കരിക്കുന്നതിനും ജില്ലാ പദ്ധതിക്ക് മുഖ്യപങ്ക് വഹിക്കാനാവും. 2017-18 വർഷത്തിൽ സംസ്ഥാനമാകെ തയ്യാറാക്കിയ ജില്ലാ പദ്ധതികൾ ഒരളവുവരെ ഈ രീതിയിലാണ് തയ്യാറാക്കപ്പെട്ടിട്ടുള്ളത്.

## സംയുക്ത പ്രൊജക്ടുകൾ

ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ വിഹിതം വകയിരുത്തി അതിൽ തദ്ദേശഭരണ സ്ഥാപനത്തെ മുഖ്യ പങ്കാളിയായി നിർദ്ദേശിച്ച് നിർവഹണം നടത്തുന്നതാണ് സംയുക്ത പ്രൊജക്ടായി കണക്കാക്കുന്നത്. ഇത് സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ G.O.(MS) 11/2018/ LSGQD dt.29.01.2018 ൽ നല്കിയിട്ടുണ്ട്. അവയിൽ ചിലതാണ് താഴെ സൂചിപ്പിക്കുന്നത്.

ജില്ലയിലെ ത്രിതല പഞ്ചായത്തുകളും നഗരസഭകളും കരട് പദ്ധതി തയ്യാറാക്കുന്നതിനു മുമ്പ് കൂടിചേർന്നു ജില്ലാ പദ്ധതിയുടെ ഭാഗമായി ഉയർന്നുവന്നതും അല്ലാത്തതുമായ സംയുക്ത പ്രൊജക്ടുകൾ സംബന്ധിച്ച് തീരുമാനമെടുക്കണം. ജില്ലാ ആസൂത്രണസമിതിയാണ് ഇത്തരം യോഗങ്ങൾ വിളിച്ചുചേർക്കേണ്ടത്. പ്രൊജക്ട് എന്ത്, പങ്കാളികൾ ആരൊക്കെ, മുഖ്യ പങ്കാളി ആര്, പങ്കാളികൾ വകയിരുത്തേണ്ട വിഹിതം ഇവയൊക്കെ തീരുമാനിക്കണം. അങ്ങനെ പങ്കാളിയാകുന്നവർ തീരുമാനിച്ച പ്രകാരം വിഹിതം വകയിരുത്തി പ്രൊജക്ട് തയ്യാറാക്കേണ്ടതും സുലേഖ സോഫ്റ്റ്‌വയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. വിശദമായ പ്രൊജക്ട് തയ്യാറാക്കേണ്ടതിന്റെ ചുമതല മുഖ്യ പങ്കാളിയാകുന്ന തദ്ദേശഭരണ സ്ഥാപനത്തിനാണ്. നിർവ്വഹണം ആരംഭിക്കുന്നതിനു മുമ്പ് തന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ കരാർ ഉടമ്പടിയിൽ ഏർപ്പെടുകയും വേണം.

## സമഗ്രപരിപാടികൾ

സാധാരണഗതിയിൽ ഒരു വികസന ഇടപെടൽ പലരും ചേർന്ന് നടപ്പാക്കുന്നതാണു സംയോജിത പ്രൊജക്ടെങ്കിൽ സമഗ്രപരിപാടികൾ അതിനുമപ്പുറമാണ്. കേന്ദ്ര-സംസ്ഥാന പരിപാടികൾ, മിഷനുകൾ, വിവിധ സർക്കാരുകൾ, ഏജൻസികൾ തുടങ്ങിയവയുടെ സംയോജന സാധ്യതകൾ എല്ലാം പരിഗണിച്ച് വികസന പ്രശ്നത്തെ അതിന്റെ സമഗ്രതയിൽ പരിഹരിക്കുന്നതിന് ആവിഷ്കരിക്കുന്നവയാണ് സമഗ്രപരിപാടികൾ. ഒരു സമഗ്രപരിപാടിയിൽ തന്നെ വിവിധ മേഖലകളിലെ പ്രൊജക്ടുകൾ ഉണ്ടാകാം. മാർഗ്ഗനിർദ്ദേശങ്ങളിൽ നല്കിയിരിക്കുന്ന ഒരുദാഹരണം ഇതാ. സമഗ്രകോളനി വികസനം എന്ന പരിപാടിയിൽ റോഡ് വികസനം, കുടിവെള്ളം, വീടു നിർമ്മാണം, മണ്ണു സംരക്ഷണം എന്നിവ എല്ലാമാകാം. വിവിധ വിഭവസ്രോതസ്സുകളും സ്കീമുകളും ഇതിൽ കൂട്ടിച്ചേർക്കാം. ഒരു തദ്ദേശഭരണ സ്ഥാപനം ഒറ്റയ്ക്കോ മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾ ചേർന്ന് സംയോജിത പരിപാടി ആയോ ഇവ നടപ്പിലാക്കാം. ഒരു സമഗ്രപരിപാടിയിലെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു നോഡൽ ഓഫീസർ ആവശ്യമായി വരും. കൃത്യമായ മോണിറ്ററിംഗ് സംവിധാനവും അനിവാര്യമാണ്. അതതു സ്കീമുകളുടെയും വിഭവസ്രോതസ്സുകളുടെയും നിബന്ധനകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കുമനുസൃതമായി തന്നെ വേണം പരിപാടി നിർവ്വഹിക്കുവാൻ.

## സംയോജിത പരിപാടികൾക്ക് പ്രോത്സാഹനം

ജില്ലാ പദ്ധതിയിലെ സംയോജിത പരിപാടികൾ ഏറ്റെടുക്കുന്നതിനെ പ്രോത്സാഹിപ്പിക്കുവാനായി 40 കോടി രൂപയാണ് സംസ്ഥാന സർക്കാർ നീക്കി വച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച് മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. അടങ്കൽകൊണ്ടും ഗുണഭോക്തൃ പ്രദേശത്തിന്റെ വലിപ്പം കൊണ്ടും താരതമ്യേന വലിയ പരിപാടികളാണ് ഏറ്റെടുക്കേണ്ടത്. വിവിധ പ്രദേശങ്ങളുടെ സംയോജനമോ, വിഭവങ്ങളുടെ സംയോജനമോ, ഒന്നിലേറെ വിഷയമേഖലകളുടെ സംയോജനമോ വിഭാവനം ചെയ്യുന്ന പരിപാടിയായിരിക്കണം. ഒന്നിലധികം പ്രാദേശിക സർക്കാരുകളുടെ വിഭവപങ്കാളിത്തം ഉണ്ടാകണം. മൂന്നുകോടി രൂപയിൽ കൂടുതൽ അടങ്കൽ തുക വരുന്ന പരിപാടിയായിരിക്കണം. സംയോജിത പരിപാടിയുടെ അടങ്കൽ തുക വരുന്ന പരിപാടിയായിരിക്കണം. സംയോജിത പരിപാടിയുടെ അടങ്കൽ തുകയുടെ 20 ശതമാനം, പരമാവധി രണ്ടുകോടി രൂപ പ്രോത്സാഹന ധനസഹായമായി ലഭിക്കും.

പുതിയ കേരള സൃഷ്ടിക്കായുള്ള യജ്ഞത്തിൽ സമഗ്ര സംയോജിത പരിപാടികൾക്കുള്ള പ്രസക്തി ഏറെയാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ മികവിന്റെ വർഷം ആചരിക്കുന്ന ഈ സന്ദർഭത്തിൽ രണ്ടാം ജനകീയാസൂത്രണമൊരുക്കുന്ന സാദ്ധ്യതകൾ പൂർണ്ണമായും ഉപയോഗിക്കത്തക്ക രീതിയിൽ അത്തരം പരിപാടികൾ ഏറ്റെടുക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങളും ജില്ലാ ആസൂത്രണസമിതികളും മുന്നോട്ടു വരണം. □

*ലേഖകൻ കില ഡയറക്ടറാണ്*



നൂതന സംരംഭം

# ബ്ലൂ ആർമി

## ഒരു കൈക്കുമ്പിൾ ജലം നമുക്കും വരുംതലമുറയ്ക്കും

■ സിന്ധു പി.ഡി.

**കാർഷികാവശ്യത്തിനും കുടിവെള്ളത്തിനുമുള്ള ജലലഭ്യത ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ജലസംരക്ഷണം സാധ്യമാക്കുന്നതിന് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് വിഭാവനം ചെയ്ത സംയോജിത പ്രോജക്ടാണ് 'ജലരക്ഷ ജീവരക്ഷ'. ബ്ലൂ ആർമി അതിന്റെ ഭാഗവും.**

അധികാരവികേന്ദ്രീകരണത്തിന്റെയും പ്രാദേശികാസൂത്രണത്തിന്റെയും വലിയ സാധ്യതകളിൽ ഒന്നാണ് സംയുക്ത പ്രോജക്ടുകൾ. പ്രാദേശിക സർക്കാരുകളുടെ പങ്കാളിത്തത്തോടെ ജില്ലാപഞ്ചായത്ത് നേതൃത്വം നൽകുന്ന സംയുക്ത പ്രോജക്ടുകൾ എന്ന ആശയം ജനകീയാസൂത്രണത്തിന്റെ ആദ്യ കാലം മുതലുള്ള സങ്കല്പമാണ്. സംസ്ഥാന സർക്കാരിന്റെ 'ജില്ലാ പദ്ധതി' എന്ന കാഴ്ചപ്പാട് ഈ വികസന സങ്കല്പം യാഥാർത്ഥ്യമാക്കുന്നതിനുള്ള പുതിയ കാൽവയ്പായി. പ്രാദേശിക സർക്കാരുകളും വിവിധ വികസന വകുപ്പുകളും വികസന ഏജൻസികളും പരിശീലന സ്ഥാപനങ്ങളും ഗവേഷണ സ്ഥാപനങ്ങളും കൈകോർത്താൽ ജില്ലയിലെ വിവിധ പ്രശ്നങ്ങൾക്ക സ്ഥായിയായ പരിഹാരം കണ്ടെത്താനാകുമെന്നതിന്റെ ഒരു ഉദാഹരണമാണ് തൃശ്ശൂർ ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന 'ജലരക്ഷ ജീവരക്ഷ' പ്രോജക്ട്.

സമഗ്രമായ ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ ജില്ലയിൽ കാർഷികാവശ്യത്തിനും കുടിവെള്ളത്തിനുമുള്ള ജല ലഭ്യത

ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ജലസംരക്ഷണം സാധ്യമാക്കുന്നതിന് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് വിഭാവനം ചെയ്യുന്ന സംയോജിത പ്രോജക്ടാണ് 'ജലരക്ഷ ജീവരക്ഷ'. ഈ സംയോജിത പ്രോജക്ടിന്റെ സമഗ്രവും സമയബന്ധിതവുമായ നടത്തിപ്പിൽ ജില്ലയിലെ മുഴുവൻ വിദ്യാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുവാൻ 'ബ്ലൂ ആർമി' എന്ന ജലക്ലബ് രൂപീകരിച്ച് പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ഈ പ്രോജക്ട് സംസ്ഥാനത്ത് തന്നെ ആദ്യത്തേതാണ്. വിവരവ്യൂഹത്തിന്റെയും ശാസ്ത്രീയതയുടെയും അടിസ്ഥാനത്തിൽ ജലസുരക്ഷ എന്ന പുതിയ അവബോധത്തിലേക്ക് പൗരസമൂഹത്തെ നയിക്കുവാൻ പ്രാപ്തമാക്കുന്ന ഈ സംയോജിത പ്രോജക്ട് നമ്മുടെ സംസ്ഥാനത്തിന് മാതൃകയാണ്.

തൃശ്ശൂർ ജില്ല സംസ്ഥാനതലത്തിൽ അതീവ വരൾച്ചയനുഭവിക്കുന്ന ജില്ലകളുടെ പട്ടികയിൽ ആറാമതായി ഇടം പിടിച്ചിരിക്കുന്നു. ഓരോ തുള്ളി ജലവും മാത്രയറിഞ്ഞ് സംരക്ഷിക്കേണ്ട വലിയ ഉത്തരവാദിത്തം നമ്മളിൽ നിക്ഷിപ്തമാണ്. ആറുതുള്ളി ചേർന്നാൽ ഒരു മില്ലിലിറ്റർ, ആയിരം മില്ലീലിറ്റർ ചേർന്നാൽ ഒരു ലിറ്റർ എന്ന സത്യം പാഴായി പോകുന്ന ഓരോ തുള്ളി ജലത്തിന്റെയും പ്രസക്തിയും പ്രാധാന്യവും അത് സംരക്ഷിക്കേണ്ട ഉത്തരവാദിത്തവും ചൂണ്ടികാണിക്കുന്നു. ഇത്തരത്തിൽ ജലത്തിന്റെ

**ജില്ലയിലെ വിദ്യാർത്ഥി സമൂഹത്തിന്റെ മുഴുവൻ പങ്കാളിത്തം ഉറപ്പുവരുത്തുക എന്നതാണ് ബ്ലൂ ആർമി ലക്ഷ്യമിടുന്നത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ ചീഫ് കോർഡിനേറ്ററുമായുമുള്ള ബ്ലൂ ആർമി ജില്ലാതല ഉന്നതാധികാര സമിതിയാണ് സ്കൂൾ, കോളേജുതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും നിർദ്ദേശങ്ങൾ നല്കുന്നതും.**

ഒരളവുബോധം ഉൾക്കൊണ്ട് വരും തലമുറയെ കാര്യക്ഷമമായ ജലവിനിയോഗത്തിനും ഊർജ്ജിതമായ ജലസംരക്ഷണത്തിനും സജ്ജമാക്കേണ്ടതുണ്ട്. ഈ പ്രോജക്റ്റിന്റെ നടത്തിപ്പിൽ ജില്ലയിലെ വിദ്യാർത്ഥി സമൂഹത്തിന്റെ മുഴുവൻ പങ്കാളിത്തവും ഉറപ്പുവരുത്തുക എന്നതാണ് ബ്ലൂ ആർമി ലക്ഷ്യമിടുന്നത്. ജില്ലയിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അത്തരത്തിലുള്ള പ്രവർത്തനങ്ങൾ ബ്ലൂആർമി യിലൂടെ യാഥാർത്ഥ്യമാക്കുന്നതിനുവേണ്ട ആത്മാർത്ഥമായ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

### ഏകോപനം

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ ചീഫ് കോർഡിനേറ്ററുമായുള്ള ബ്ലൂ ആർമി ജില്ലാതല ഉന്നതാധികാര സമിതിയാണ് സ്കൂൾ, കോളേജ് തല ബ്ലൂ ആർമി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും നിർദ്ദേശങ്ങൾ നല്കുന്നതും. ബ്ലൂ ആർമിയുടെ രൂപീകരണവും പ്രവർത്തനങ്ങളുടെ ഏകോപനവും അവലോകനവും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിലാണ് നടത്തുന്നത്. ജില്ലാ പഞ്ചായത്ത് മെമ്പർ/ വാർഡ് മെമ്പർ രക്ഷാധികാരിയായ ബ്ലൂ ആർമി സ്കൂൾ/ കോളേജ്/ ടെക്ക്നിക്കൽ വിദ്യാഭ്യാസതല ജലരക്ഷാ സമിതിയാണ് സ്കൂൾ തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ ആണ് സ്കൂൾ/കോളേജ് തലത്തിലെ ചീഫ് കോർഡിനേറ്റർ.

ക്ലാസ്സ് തല ബ്ലൂ ആർമി യൂണിറ്റുകൾ ഓരോ മാസത്തിലെയും അവസാന പ്രവൃത്തി ദിനത്തിൽ ക്ലാസ്സ് രക്ഷാധികാരിയായ ക്ലാസ്സ് ടീച്ചറുടെ നേതൃത്വത്തിൽ യോഗം ചേർന്ന് ജലസംരക്ഷണ സാക്ഷരതാ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. ജലസംരക്ഷണ ചർച്ചകൾ, ബ്ലൂ ആർമി കലണ്ടർ പ്രവർത്തനങ്ങളായ കിണർ/ ടാങ്ക് അണുനശീകരണം, ജലസ്രോതസ്സുകളിലെ അണുനശീകരണം, പച്ചക്കറി/ ഔഷധസസ്യതോട്ടം, കിണർ റീചാർജ്ജിംഗ്, സ്കൂളുകളും പരിസരവും വൃത്തി








യാക്കി സൂക്ഷിക്കുന്നതിനും ശുദ്ധമായ ജലലഭ്യത ഉറപ്പുവരുത്തുന്നതിനും ക്ലീൻ സ്കൂൾ ഡേ ആചരണം, ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങളും പ്രകൃതി സൗഹൃദ ഉല്പന്നങ്ങളുടെ ഉപയോഗവും വ്യാപനവും, സ്കൂളിലും വീടുകളിലും പ്ലാസ്റ്റിക് വർജിച്ച് ഉപയോഗം കുറയ്ക്കുന്നതിനുള്ള ശ്രമങ്ങൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളായ ജലാശയ ശുചീകരണം, വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ, ജലസംരക്ഷണ വിഷയത്തെകുറിച്ചുള്ള ചിത്രരചനാ മത്സരങ്ങൾ, ഉപന്യാസ മത്സരങ്ങൾ, ഐ.ഇ.സി പ്രവർത്തനങ്ങൾ, ഗ്രാമം ദത്തെടുക്കൽ, മഴ നടത്തം, പുഴയോര യാത്രകൾ, മഴപ്പാട്ട്, വെള്ളത്തിന്റെ നാട്ടറിവ്, ആഗോളതാപനം കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, പഠനയാത്രകൾ, ജല ബഡ്ജറ്റ്, ജല ഓഡിറ്റിംഗ്, വരൾച്ച, വെള്ളപ്പൊക്കം, പ്രകൃതിദുരന്ത ങ്ങളെ നേരിടുന്നതിന് പരമ്പരാഗത ജലസ്രോതസ്സുകളുടെ സർവ്വേ നടത്തി പഞ്ചായത്തുകൾക്കു റിപ്പോർട്ട് സമർപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ബ്ലൂ ആർമി നടപ്പിലാക്കി കൊണ്ടിരിക്കുന്നു.

2018 ലെ പ്രളയത്തിനുശേഷം ജില്ലയിൽ ആയിരത്തോളം കിണറുകളുടെ ജലശുദ്ധി പരിശോധിച്ച് ബ്ലൂ ആർമി റിപ്പോർട്ട് കൈമാറിയിട്ടുണ്ട്. തൃശ്ശൂർ വാഷ് എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിചാണ് ഡാറ്റാ ശേഖരിച്ചത്. 2019 ലെ പ്രളയത്തിനു ശേഷവും ജില്ലയിലെ 16 ബ്ലോക്കുകളുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. ഒരു മഴക്കുഴി ഒരു വൃക്ഷം ഒരു കുട്ടിക്ക് എന്ന പ്രത്യേക പദ്ധതികൂടി ഈ വർഷം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നുണ്ട്. ഇതനുസരിച്ച് വീട്ടിൽ സ്ഥല ലഭ്യതയുണ്ടെങ്കിൽ ഓരോ കുട്ടിയും സ്വന്തമായി ഒരു മഴക്കുഴി നിർമ്മിക്കുകയും ഒരു വൃക്ഷ തൈ നടുകയും ചെയ്യേണ്ടതാണ്. 2 മീറ്റർ നീളവും 60 സെ.മീ താഴ്ചയും 60 സെ.മീ. വീതിയുമുള്ള ഒരു കുഴി മുഖേന 700 ലിറ്റർ വെള്ളം ഭൂമിക്കടിയിലേക്കു കടത്തിവിട്ട് ഭൂജലപോഷണം സാധ്യമാക്കുന്നു. ഓരോ ആഴ്ചയും നട്ട ചെടിയുടെ ഉയരം, ഇലകളുടെ എണ്ണം എന്നിവ അളന്ന് ക്ലാസ്സ് ടീച്ചറെ കാണിക്കണം. ചെടിയുടെ തുടർസംരക്ഷണം ഉറപ്പാക്കാൻ വേണ്ടിയാണിത്.

കില ഉൾപ്പെടെയുള്ള ജില്ലാതല ടാസ്ക് ഫോഴ്സാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രോത്സാഹന ധനസഹായമായ 2 കോടിരൂപ ഈ പ്രോജക്ടിന് ലഭ്യമായിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനവും പഞ്ചായത്തുതല ജനകീയ സമിതികളുടെ പ്രവർത്തനങ്ങളും ഒത്തൊരുമിച്ചുകൊണ്ട് നല്ല രീതിയിലാണ് പ്രോജക്ട് പ്രവർത്തിക്കുന്നത്.

കിലയുടെ നേതൃത്വത്തിൽ ബ്ലൂ ആർമിയുടെ പത്തു പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. അധ്യാപകർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങി 850 ഓളം പേർക്ക് പരിശീലനം നല്കി. കില ഉൾപ്പെടെയുള്ള ജില്ലാതലടാസ്ക്ഫോഴ്സാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രോത്സാഹന ധനസഹായമായ 2 കോടിരൂപ ഈ പ്രോജക്ടിന് ലഭ്യമായിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനവും പഞ്ചായത്തുതല ജനകീയ സമിതികളുടെ പ്രവർത്തനങ്ങളും ഒത്തൊരുമിച്ചുകൊണ്ട് നല്ല രീതിയിലാണ് പ്രോജക്ട് പ്രവർത്തിക്കുന്നത്. ഈ വരുന്ന ഡിസംബർ 5 ന് ലോക മണ്ണുദിനത്തിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറയ്ക്കുന്നതിനായി സംസ്ഥാനത്തിന് തന്നെ ശ്രദ്ധേയമായ പ്രവർത്തന ങ്ങൾ നടത്തുന്നതിനുള്ള തയ്യാറെടുപ്പിലാണ് കിലയും ജില്ലാ പഞ്ചായത്തും ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളും ഭരണകൂടവും. □

*ലേഖിക തൃശ്ശൂർ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറും 'ജലരക്ഷ ജീവരക്ഷ' പദ്ധതിയുടെ നോഡൽ ഓഫീസറുമാണ്.*




# കളക്റ്റേഴ്സ് @ സ്കൂൾ

# വരും തലമുറയുടെ ശുചിത്വ പാഠം

■ **അമീർഷാ ആർ.എസ്.**

**മാലിന്യം തരംതിരിച്ച് വൃത്തിയാക്കി സംസ്കരിക്കേണ്ടതിന്റെ അനിവാര്യത പൊതുസമൂഹത്തിന് ബോധ്യപ്പെടത്തക്ക തരത്തിൽ വിദ്യാർത്ഥികളിലൂടെ ഒരു ശുചിത്വ സംസ്കാരത്തിന് തിരികൊളുത്തുന്നതിനാണ് കളക്റ്റേഴ്സ് @ സ്കൂൾ പദ്ധതി ആരംഭിച്ചിട്ടുള്ളത്. 176 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിക്കായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്.**

വിദ്യാർത്ഥികളിൽ വൃത്തിയുടെയും ശുചിത്വത്തിന്റെയും സംസ്കാരം രൂപപ്പെടുത്തുന്നതിനും മാലിന്യം തരംതിരിച്ച് സംസ്കരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനുമാണ് കളക്റ്റേഴ്സ് @ സ്കൂൾ പദ്ധതി. ഹരിത കേരളം മിഷന്റെ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായ ഹരിത ഭവനം, ഹരിത നിയമ സാക്ഷരത തുടങ്ങിയ പദ്ധതികൾക്ക് സഹായകരമാകത്തക്ക രീതിയിൽ മാലിന്യം രൂപപ്പെടുന്നതിന്റെ അളവ് കുറയ്ക്കുന്നതിനും വിദ്യാർത്ഥികളുടെ ഇടപെടലുകളിലൂടെ മാലിന്യം തരംതിരിച്ച് കൈമാറേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച സന്ദേശങ്ങൾ വീടുകളിൽ എത്തിക്കുന്നതിനും വീടുകളിൽ നിന്ന് സമൂഹത്തിലേക്കും ശുചിത്വ സംസ്കാരം പകർന്ന നൽകുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. നാളിതുവരെ 176 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിക്കായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്.

മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് അവ തരംതിരിക്കേണ്ടത് അനിവാര്യമാണ്. നിർഭാഗ്യവശാൽ നിശ്ചിത ശതമാനം വീടുകളിലും സ്ഥാപനങ്ങളിലും പൊതുയിടങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നതിനായി സ്ഥാപിച്ചിട്ടുള്ള ബിന്നുകളിൽ എല്ലാത്തരം മാലിന്യങ്ങളും കൂട്ടികലർത്തിയാണ് നിക്ഷേപിക്കപ്പെടുന്നത്. അത്തരം മാലിന്യം സംസ്കരിക്കുന്നതിന് എളുപ്പമല്ല. കേരളത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തരംതിരിച്ച പ്ലാസ്റ്റിക്കുൾപ്പടെയുള്ള വിവിധതരം പാഴ് വസ്തുക്കൾ ഹരിതകർമ്മ സേന വഴി ശേഖരിച്ച് ശാസ്ത്രീയമായി പുനഃചക്രമണം ചെയ്യുന്നുണ്ട്. ഇത്തരത്തിൽ ശേഖരിക്കപ്പെടുന്ന പാഴ്‌വസ്തുക്കൾ സംഭരിക്കുന്നതിന് ഓരോ തദ്ദേശ സ്ഥാപനത്തിലും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും (എം.സി.എഫ്.) ക്ലസ്റ്ററടിസ്ഥാനത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും (ആർ.ആർ.എഫ്.) പ്രവർത്തിക്കുന്നുണ്ട്.

എന്നാൽ നിരന്തരമായ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് ശേഷവും



ശുചിത്വ മിഷൻ, ഹരിതകേരള മിഷൻ,വിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂൾതലത്തിലെ സന്നദ്ധ സംഘടനകൾ, ഹരിതകർമ്മ സേന, പാഴ് വസ്തു വ്യാപാരികൾ, കുടുംബശ്രീ മിഷൻ, വ്യാപാരി വ്യവസായികൾ എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

ശരിയായ രീതിയിൽ തരംതിരിക്കപ്പെടാതെ വിവിധതരം മാലിന്യങ്ങൾ കൈമാറുന്ന സാഹചര്യം നിലനിൽക്കുന്നു. ഇത്തരത്തിൽ മാലിന്യം സംഭരിക്കുന്നത് ഹരിതകർമ്മസേനയുടെ ജോലിഭാരം കൂട്ടുന്നുവെന്ന മാത്രമല്ല പുനഃചംക്രമണം ചെയ്യാൻ കഴിയാത്ത വസ്തുക്കൾ കൂടുതലായി എത്തുന്നത് എം.സി.എഫ്.കളുടെ പ്രവർത്തനത്തെയും സാരമായി ബാധിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിലാണ് മാലിന്യം തരംതിരിച്ച് വൃത്തിയാക്കി സംസ്കരിക്കേണ്ടതിന്റെ അനിവാര്യത പൊതുസമൂഹത്തിന് ബോധ്യപ്പെടത്തക്ക തരത്തിൽ വിദ്യാർത്ഥികളിലൂടെ ഒരു ശുചിത്വ സംസ്കാരത്തിന് തിരികൊളുത്തുന്നതിനായി കളക്ടേഴ്സ് @ സ്കൂൾ പദ്ധതി ആരംഭിച്ചത്.

### പങ്കാളിത്തം

ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂൾതലത്തിലെ സന്നദ്ധ സംഘടനകൾ, ഹരിതകർമ്മ സേന, പാഴ് വസ്തു വ്യാപാരികൾ,കുടുംബശ്രീ മിഷൻ, വ്യാപാരി വ്യവസായികൾ എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

### പ്രധാന പ്രവർത്തനങ്ങൾ

- മാലിന്യം തരംതിരിച്ച് കൈകാര്യം ചെയ്യുന്നതിനും സംഭരിക്കുന്നതിനും അജൈവ വസ്തുക്കൾ പുനഃചംക്രമണത്തിന് കൈമാറുന്നതിനും വിദ്യാർത്ഥികളെയും അതിലൂടെ വീടുകളെയും സമൂഹത്തെയും പ്രേരിപ്പിക്കുക.
- മാലിന്യം തരംതിരിക്കുന്നതിനുള്ള പ്രവണത വിദ്യാർത്ഥികളിൽ സൃഷ്ടിക്കുന്നതിനായി ആദ്യഘട്ടത്തിൽ 4 തരം അജൈവ വസ്തുക്കൾ (പേപ്പർ, പെറ്റ് ബോട്ടിൽ, ഹാർഡ് ബോട്ടിൽ, പാൽ കവർ എന്നിവ) സംഭരിക്കുന്നതിനുള്ള മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (ശേഖരണ കിയോസ്കുകൾ) സ്കൂളുകളിൽ സ്ഥാപിക്കുക.
- രണ്ടാംഘട്ടത്തിൽ സ്കൂളുകളിൽ രൂപപ്പെടുന്ന കൂടുതൽ വസ്തുക്കൾ ശേഖരിക്കുന്നതിന് സംവിധാനമൊരുക്കി ഹരിത വിദ്യാലയങ്ങളെ സൃഷ്ടിക്കുക.
- വീടുകളിലും വിദ്യാലയങ്ങളിലും രൂപപ്പെടുന്ന 4 തരം അജൈവ വസ്തുക്കൾ തരംതിരിച്ച് വൃത്തിയാക്കി ഉണക്കി സ്കൂളുകളിൽ സ്ഥാപിക്കുന്ന മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ (എം.സി.എഫ്.) വിദ്യാർത്ഥികൾ തന്നെ നേരിട്ട് നിക്ഷേപിക്കുക.
- ഇത്തരത്തിൽ നിക്ഷേപിക്കപ്പെടുന്ന പാഴ്‌വസ്തുക്കൾ അതാത് വിദ്യാലയങ്ങൾ സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഹരിതകർമ്മ സേനയ്ക്കോ പാഴ്‌വസ്തു വ്യാപാരികൾക്കോ പുനഃചംക്രമണത്തിനായി കൈമാറുക.
- വിദ്യാർത്ഥികളിൽ ശീലവത്ക്കരണത്തിന് സഹായകരമാകുന്ന രീതിയിലുള്ള വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും രക്ഷകർത്താക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനായി പി.ടി.എ അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോധവത്ക്കരണ പരിപാടികളും നടത്തുക. ഇത്തരത്തിലുള്ള നിരന്തരമായ പ്രവർത്തനങ്ങളിലൂടെ അജൈവ വസ്തുക്കൾ തരംതിരിച്ച് ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതിന് വീടുകളെയും സ്ഥാപനങ്ങളെയും പ്രാപ്തമാക്കുക.
- ചിട്ടയായ പ്രവർത്തനങ്ങ ളിലൂടെ സംസ്ഥാനത്തെ 65 ലക്ഷത്തോളം വിദ്യാർത്ഥികളിലും അത്രയും തന്നെ ഭവനങ്ങളിലും മാലിന്യം തരംതിരിച്ച് സംസ്ക്കരിക്കുന്നത് സംബന്ധിച്ച അവബോധം എത്തിക്കുക.

## ശേഖരണവും കൈമാറലും

എല്ലാ മാസവും ഒന്നാമത്തെയും മൂന്നാമത്തെയും ബുധനാഴ്ചകളിൽ വിദ്യാർത്ഥികൾ 4 തരം വസ്തുക്കൾ സ്കൂളുകളിൽ സ്ഥാപിക്കുന്ന മിനി മെറ്റീരിയൽ കളക്ഷൻ കിയോസ്കുകളിൽ നിക്ഷേപിക്കേണ്ടതാണ്. എല്ലാ മാസവും ഒന്നാമത്തെയും മൂന്നാമത്തെയും വ്യാഴാഴ്ചകളിൽ വസ്തുക്കൾ ഹരിതകർമ്മ സേനയ്ക്കോ പാഴ്വസ്തു വ്യാപാരികൾക്കോ കൈമാറാവുന്നതാണ്.

## പൈലറ്റ് പദ്ധതി

ഒരു ജില്ലയിൽ നിന്നും 3 സ്കൂളുകൾ വീതം തെരഞ്ഞെടുത്ത് മിനി മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ സ്ഥാപിച്ച് പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു.




## തദ്ദേശസ്ഥാപനങ്ങൾ ചെയ്യേണ്ടത്

- തദ്ദേശസ്ഥാപന അദ്ധ്യക്ഷരുടെ അദ്ധ്യക്ഷതയിൽ സ്കൂൾ പ്രിൻസിപ്പൽമാർ, ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസുമാർ, ശുചിത്വ മിഷന്റെ ഉദ്യോഗസ്ഥർ, സ്കൂൾ തലത്തിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനാ ഭാരവാഹികൾ, ഹരിത കർമ്മസേന കോർഡിനേറ്റർ എന്നിവർ സംയുക്തമായി യോഗം ചേർന്ന് പദ്ധതി നടത്തിപ്പിനുള്ള കർമ്മ പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്.
- ഓരോ തദ്ദേശസ്ഥാപനത്തിന്റെയും അധീനതയിലുള്ള എല്ലാ സ്കൂളുകളിലും പദ്ധതി നടപ്പിലാക്കാവുന്നതാണ്. സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിനാനുപാതികമായി മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാവുന്നതാണ്.
- പദ്ധതി നടത്തിപ്പിന്റെ മേൽനോട്ട പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലെ ഒരുദ്യോഗസ്ഥന് ചുമതല നൽകേണ്ടതാണ്.
- സ്കൂളുകൾ സ്ഥിതിചെയ്യുന്ന വാർഡിൽ പ്രവർത്തിക്കുന്ന ഹരിത കർമ്മ സേന/ പാഴ്വസ്തു വ്യാപാരികൾ എന്നിവരെ സ്കൂളുകളിലെ മിനി എം.സി.എഫിൽ നിന്നും അജൈവ വസ്തുക്കൾ ശേഖരിക്കുന്നതിന് നിർദ്ദേശം നൽകി സജ്ജീകരിക്കേണ്ടതാണ്.
- സ്കൂളുകളിൽ സ്ഥാപിക്കേണ്ട മിനി എം.സി.എഫ്.ന്റെ ഡിസൈൻ, സ്പെസിഫിക്കേഷൻ, എസ്റ്റിമേറ്റ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ശുചിത്വ മിഷന്റെ വെബ്സൈറ്റിൽ (www. sanitation.kerala.gov.in) ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായ വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾക്കും മറ്റ് നിർദ്ദേശങ്ങൾക്കും ജില്ലാ ശുചിത്വ മിഷൻ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.
- ഹരിത കേരളം - ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യം പ്രവർത്തനങ്ങൾക്കായി തദ്ദേശസ്ഥാപനങ്ങൾ നിർബന്ധമായും വകയിരുത്തേണ്ട ഫണ്ടിൽ നിന്നോ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ടിൽ നിന്നോ തുക വകയിരുത്തി സ്കൂളുകളിൽ മിനി എം. സി.എഫ്. നിർമ്മിക്കുന്നതിന് പദ്ധതി വയ്ക്കാവുന്നതാണ്.
- ഫണ്ടുകൾ ലഭ്യമല്ലാത്ത പക്ഷം ഫണ്ടിനായി ശുചിത്വ മിഷനിലേക്ക് പദ്ധതി സമർപ്പിക്കാവുന്നതാണ്.
- സ്പോൺസർഷിപ്പ് മുഖേന മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ സ്ഥാപിക്കുന്നതും പരിഗണിക്കാവുന്നതാണ്.
- സ്കൂൾ അധികൃതർക്ക് വിദ്യാഭ്യാസ വകുപ്പ് മുഖേന ഇതിനോടകം നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂളുകളിലെ എൻ.എസ്.എസ്, എസ്.പി.സി, എൻ.സി.സി, ഭാരത് സ്കൗട്ട് ആന്റ് ഗൈഡ്സ് വിഭാഗങ്ങളുടെ ചുമതലയുള്ള അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർക്ക് ജില്ലാ ശുചിത്വ മിഷൻ മുഖേന പരിശീലനം നൽകി പദ്ധതി നടത്തിപ്പ് വേഗത്തിലാക്കാവുന്നതാണ്.

## ശുചിത്വമിഷനിൽ നിന്നും ലഭ്യമാകുന്ന സഹായങ്ങൾ

- പദ്ധതി നടത്തിപ്പ് സംബന്ധിച്ച ഓറിയന്റേഷൻ ക്ലാസ്സുകൾ അദ്ധ്യാപകർ, അനദ്ധ്യാപകർ, പി.ടി.എ. അംഗങ്ങൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, എൻ.എസ്.എസ്., എസ്.പി.സി., എൻ.സി.സി., ഭാരത് സ്കൗട്ട് & ഗൈഡ്സ് വിഭാഗങ്ങളുടെ ചുമതലയുള്ള കോർഡിനേറ്റർമാർ എന്നിവർക്ക് നൽകുന്നതാണ്.
- ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് കൃത്യമായ സഹായ സഹകരണങ്ങൾ ലഭ്യമാക്കുന്നതാണ്.
- സ്കൂളുകളിൽ മിനി എം.സി.എഫ്. സ്ഥാപിക്കുന്നതിന് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതാണ്.

□

*ലേഖകൻ ശുചിത്വ മിഷനിൽ പ്രോഗ്രാം ഓഫീസറാണ് (സി.സി.ഡി.യു)*

സാമൂഹ്യസുരക്ഷ




# സാമൂഹ്യ സഹായ പെൻഷൻ എന്ത്, എങ്ങനെ?


■ കെ. പ്രശാന്ത് കുമാർ


**അര കോടിയോളം ഗുണഭോക്താക്കളെ ഉൾക്കൊള്ളുന്ന വിപുലവും ശക്തവുമായ സാമൂഹ്യ സുരക്ഷാ പെൻഷൻ സംവിധാനമാണ് ഇപ്പോൾ കേരളത്തിലുള്ളത്. 3.43 % തുക കേന്ദ്രവും ബാക്കി സംസ്ഥാനവും മുടക്കുന്ന ഈ ക്ഷേമ പെൻഷൻ ഘടന കേന്ദ്ര പദ്ധതികൾ സംസ്ഥാനത്തിന്റെ താൽപര്യങ്ങൾക്കനുസരിച്ച് എങ്ങനെ മെച്ചപ്പെടുത്താം എന്നതിന്റെ മികച്ച ദൃഷ്ടാന്തമാണ്.**


ഇന്ത്യയിൽ ഏറ്റവും കൂടിയ തുക സാമൂഹ്യ സുരക്ഷാ പെൻഷനായി നൽകുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ദേശീയ സാമൂഹ്യ സഹായ പദ്ധതിയിൽ ഉൾപ്പെട്ട ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നിവ സംസ്ഥാന വിഹിതം കൂടി ചേർത്ത് ആകർഷകമാക്കിയാണ് കേരളത്തിൽ നടപ്പിലാക്കുന്നത്. വാർദ്ധക്യ പെൻഷന് 200 രൂപയും വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നിവയ്ക്ക് 300 രൂപ വീതവും കേന്ദ്ര വഹിതം ലഭിക്കുന്ന സ്ഥാനത്ത്, മാസം തോറും 1200 രൂപയിൽ കുറയാത്ത തുകയാണ് കേരളത്തിലെ ഓരോ ഗുണഭോക്താവിന്റെയും കൈകളിൽ എത്തുന്നത്.

സംസ്ഥാനത്ത് ദേശീയ സാമൂഹ്യ




| സാമൂഹ്യ സുരക്ഷാ പെൻഷൻ – കേന്ദ്ര സംസ്ഥാന വിഹിതം ഒരു താരതമ്യം (തുക രൂപയിൽ) | | | | | | |
|---|---|---|---|---|---|---|
| പെൻഷൻ ഇനം | പ്രായം 80 വയസ്സിൽ താഴെ | | | 80 വയസ്സും അതിനു മുകളിലും | | |
| | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | കേന്ദ്രവിഹിതം ശതമാനം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | കേന്ദ്രവിഹിതം ശതമാനം |
| വാർദ്ധക്യകാല പെൻഷൻ | 200 | 1000 | 16.67 | 500 | 1000 | 33.33 |
| വിധവാ പെൻഷൻ | 300 | 900 | 25 | 500 | 700 | 41.67 |
| വികലാംഗ പെൻഷൻ | 300 | 900 | 25 | 500 | 700 | 41.67 |
| വികലാംഗ പെൻഷൻ (80ശതമാനത്തിനുമേൽ അംഗവൈകല്യം) | 300 | 1000 | 23 | 500 | 800 | 38.46 |

സഹായ പദ്ധതിയിൽ ഉൾപ്പെട്ട 41,45126 ഗുണഭോക്താക്കളിൽ 6,88,129 പേർക്കു മാത്രമാണ് (16.6%) കേന്ദ്ര വിഹിതം ലഭിക്കുന്നത്. 80 വയസ്സിൽ താഴെ പ്രായമുള്ളവർക്ക് വാർദ്ധക്യ പെൻഷൻ വിഹിതമായി കേന്ദ്ര സർക്കാർ 200 രൂപ നൽകുന്ന സ്ഥാനത്താണ് സംസ്ഥാനം 1000 രൂപ കൂടി ചേർത്ത് 1200 രൂപ ഓരോ ഗുണഭോക്താവിന്റെയും കൈകളിൽ എത്തിക്കുന്നത്. 80 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് കേന്ദ്രം 500 രൂപ നൽകുന്ന സ്ഥാനത്ത് സംസ്ഥാന വിഹിതം കൂടി ചേർത്ത് ഓരോ ഗുണഭോക്താവിനും 1,500 രൂപ ലഭിക്കുന്നു. കേരളത്തിൽ 75 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്കുതന്നെ ഗുണഭോക്താവിന് ഈ ആനുകൂല്യം നൽകുന്നുവെന്നത് എടുത്തുപറയേണ്ടതാണ്. സംസ്ഥാനഫണ്ട് മാത്രമുപയോഗിച്ച് നടപ്പാക്കുന്ന കർഷക ത്തൊഴിലാളി ക്ഷേമനിധി പെൻഷൻ അടക്കമുള്ള ക്ഷേമനിധി പെൻഷനുകൾ ഇതിനു പുറമെയാണ്.

| വിതരണം ചെയ്ത തുക (കോടി രൂപയിൽ) | | | | | | | | |
|---|---|---|---|---|---|---|---|---|
| പെൻഷൻ ഇനം | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 |
| ALP | 264.97 | 265.63 | 247.71 | 370.85 | 382.8 | 470.72 | 541.46 | 797.74 |
| OAP | 102.11 | 225.34 | 145.22 | 542.63 | 1074.42 | 2078.67 | 2537.98 | 3833.43 |
| DP | 111.71 | 188.51 | 245.29 | 285.25 | 322.28 | 355.03 | 421.64 | 690.6 |
| UWWP | 22.66 | 37.31 | 45.8 | 54.29 | 67.58 | 83.35 | 90.23 | 140.71 |
| WP | 283.99 | 359.05 | 654.71 | 841.85 | 1088.43 | 1341.77 | 1438.36 | 2245.3 |

ഏറ്റവും പുതിയ കണക്കുകൾ എടുത്താൽ, ദേശീയ സാമൂഹ്യ സഹായ പദ്ധതിയുടെ ഭാഗമായി കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയിൽ ഭരണ ചെലവുകൾക്ക് വിനിയോഗിക്കാവുന്ന തുക കഴിച്ച് ലഭ്യമായ 210.9 കോടി രൂപയോട് സംസ്ഥാന വിഹിതം കൂടി ചേർത്ത് 6132.19 കോടി രൂപയാണ് ഒരു വർഷം വിതരണം ചെയ്യുന്നത്. മറ്റു സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൂടി കണക്കിലെടുത്താൽ സംസ്ഥാനത്തിന് ഈയിനത്തിൽ ഒരു വർഷം വേണ്ടി വരുന്ന തുക ഏഴായിരം കോടി കവിയും. അര കോടിയോളം ഗുണഭോക്താക്കളെ ഉൾക്കൊള്ളുന്ന വിപുലവും ശക്തവുമായ സാമൂഹ്യ സുരക്ഷാ പെൻഷൻ സംവിധാനമാണ് ഇപ്പോൾ കേരളത്തിലുള്ളത്. 3.43 ശതമാനം തുക കേന്ദ്ര സർക്കാരും ബാക്കിയുള്ളത് സംസ്ഥാന സർക്കാരും മുടക്കുന്ന ഈ ക്ഷേമ പെൻഷൻ ഘടന കേന്ദ്ര പദ്ധതികൾ സംസ്ഥാനത്തിന്റെ താൽപര്യങ്ങൾക്കനുസരിച്ച് എങ്ങനെ മെച്ചപ്പെടുത്താം എന്നതിന്റെ മികച്ച ദൃഷ്ടാന്തമാണ്.

## ദേശീയ സാമൂഹ്യ സഹായ പദ്ധതി: ചരിത്രവും പശ്ചാത്തലവും

ലോകത്തു തന്നെ ഏറ്റവും കൂടുതൽ പേർക്ക് സാമൂഹ്യ സുരക്ഷാ സഹായമെത്തിക്കുന്ന സർക്കാർ പദ്ധതികളിൽ ഒന്നാണ് ഇന്ത്യയിലെ സാമൂഹ്യ സഹായ പദ്ധതി. പദ്ധതിയുടെ ഘടകങ്ങളായ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി (IGNOAPS), ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ പദ്ധതി (IGNWPS), ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതി (IGNDPS) എന്നിവ നമ്മുടെ സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് നടപ്പാക്കുന്നത്. 73, 74 ഭരണഘടനാ ഭേദഗതികളെ തുടർന്ന് കേരളത്തിൽ അധികാരകൈമാറ്റം നടന്ന വർഷത്തിലെ സ്വാതന്ത്ര്യദിനത്തിലാണ് (1995 ആഗസ്റ്റ് 15) പൂർണ്ണമായും കേന്ദ്ര സർക്കാർ ധനസഹായം നൽകുന്ന പദ്ധതിയായി ദേശീയ സാമൂഹ്യ സഹായ പദ്ധതി ആരംഭിച്ചത്. ദേശീയ സാമൂഹ്യസഹായ പദ്ധതിയിലെ ആദ്യകാലത്തെ ഘടകങ്ങൾ താഴെപ്പറയുന്നവയായിരുന്നു.

1. ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി (NOAPS)
2. ദേശീയ കുടുംബക്ഷേമ പദ്ധതി (NFBS)
3. ദേശീയ മാതൃസഹായ പദ്ധതി (NMBS)

2000 ഏപ്രിൽ 1 മുതൽ ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയിൽ ഉൾപ്പെടാത്ത അർഹരായ ഗുണഭോക്താക്കൾക്ക് പ്രതിമാസം 10 കി.ഗ്രാം ഭക്ഷ്യധാന്യം അനുവദിക്കുന്നതിനുള്ള അന്നപൂർണ്ണ പദ്ധതി നടപ്പിലാക്കി. 2001 ഏപ്രിൽ 1 മുതൽ ദേശീയ മാതൃസഹായ പദ്ധതി (NMBS) ജനസംഖ്യാ സ്ഥിരതാ പദ്ധതിയുടെ ഭാഗമായി കുടുംബക്ഷേമ വകുപ്പിലേക്ക് മാറ്റി. 2007ൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള അർഹരായ എല്ലാ ഗുണഭോക്താക്കളെയും പദ്ധതിക്കു കീഴിൽ കൊണ്ടു വരുന്നതിനായി പദ്ധതി വ്യാപിപ്പിക്കുകയും പദ്ധതിയുടെ പേര് ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി എന്ന് മാറ്റം വരുത്തുകയും ചെയ്തു. 2009ൽ ദുർബല വിഭാഗത്തിൽപെട്ട കൂടുതൽ ഗുണഭോക്താക്കളെ പദ്ധതിക്കു കീഴിൽ കൊണ്ടുവരത്തക്ക രീതിയിൽ ദേശീയ സാമൂഹ്യസഹായ പദ്ധതി വിപുലീകരിക്കുകയും 40 വയസു മുതൽ 64 വയസു വരെയുള്ള വിധവകൾക്കായി ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ പദ്ധതിയും 18 വയസു മുതൽ 64 വയസു വരെയുള്ള വികലാംഗർക്കായി ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതിയും നടപ്പിലാക്കുകയുമുണ്ടായി.

നിലവിൽ ദേശീയ സാമൂഹ്യസഹായ പദ്ധതിക്കു കീഴിലുള്ള ഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

1. ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി (IGNOAPS)
2. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ പദ്ധതി (IGNWPS)
3. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതി (IGNDPS)
4. ദേശീയ കുടുംബക്ഷേമ പദ്ധതി (NFBS)
5. അന്നപൂർണ്ണ പദ്ധതി

## അർഹതാ മാനദണ്ഡവും ആനുകൂല്യവും

ദേശീയ സാമൂഹ്യസഹായ പദ്ധതിക്കു കീഴിലുള്ള ഉപപദ്ധതികളുടെ ആനുകൂല്യങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വ്യക്തികൾക്കാണ് ലഭ്യമാകുന്നത്. മറ്റു വ്യവസ്ഥകളും ആനുകൂല്യവും ചുവടെ ചേർക്കുന്നു.

### ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി

60 വയസ്സിനുമേൽ പ്രായമുള്ളവർക്ക് പ്രതിമാസം 200 രൂപയും 80 വയസ്സോ അതിലധികമോ പ്രായമുള്ളവർക്ക് 500 രൂപയും പെൻഷൻ ലഭിക്കും.

### ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ പദ്ധതി

40 വയസ്സിനു മേൽ പ്രായമുള്ളവർക്ക് പ്രതിമാസം 300 രൂപയും 80 വയസ്സോ അതിലധികമോ പ്രായമുള്ളവർക്ക് 500 രൂപയും പെൻഷൻ ലഭിക്കും.

### ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതി

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 18 വയസ്സിനുമേൽ പ്രായമുള്ളവർക്ക് പ്രതിമാസം 300 രൂപയും 80 വയസ്സോ അതിലധികമോ പ്രായമുള്ളവർക്ക് 500 രൂപയും പെൻഷൻ ലഭിക്കും. 80 ശതമാനമോ അതിലധികമോ

അംഗവൈകല്യം ഉണ്ടായിരിക്കണം. സാമാന്യത്തിലധികം ഉയരക്കുറവുള്ളവരും (Dwarfs) ഈ ആനുകൂല്യത്തിന് അർഹരാണ്.

### ദേശീയ കുടുംബക്ഷേമ പദ്ധതി

കുടുംബത്തിന്റെ അന്നദാതാവ് മരണപ്പെടുകയാണെങ്കിൽ 20,000 രൂപ ധനസഹായം. 18 വയസ്സിനുമേൽ 60 വയസ്സിനകം മരണം സംഭവിക്കുന്ന കേസുകളിൽ ആനുകൂല്യം വ്യക്തിയുടെ മരണശേഷമുള്ള കുടുംബനാഥയ്ക്കോ നാഥനോ നൽകും.

### അന്നപൂർണ്ണ പദ്ധതി

ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയിൽ ഉൾപ്പെടാത്ത അർഹരായ ഗുണഭോക്താക്കൾക്ക് പ്രതിമാസം 10 കി.ഗ്രാം ഭക്ഷ്യധാന്യം ലഭിക്കും.

ദേശീയ സാമൂഹ്യസഹായ പദ്ധതിക്കുള്ള കേന്ദ്രവിഹിതം കണക്കാക്കുന്നത് സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ്. 2001 സെൻസസ്, പ്ലാനിംഗ് കമ്മിഷൻ കണക്കാക്കിയ ദാരിദ്ര്യഅനുപാതം എന്നിവ കണക്കിലെടുത്താണ് അർഹരായ ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കുന്നത്. ഇപ്രകാരം കേരളത്തിലെ അർഹരായ ഗുണഭോക്താക്കളുടെ എണ്ണം 6,88,329 ആണ്. അർഹതയുള്ള കൂടുതൽ ഗുണഭോക്താക്കൾ ഉണ്ടെങ്കിൽ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് പെൻഷൻ അനുവദിക്കുന്നതിനും കേന്ദ്ര സർക്കാർ നൽകുന്ന തുകയോടൊപ്പം സംസ്ഥാന വിഹിതം കൂടി ഉൾപ്പെടുത്തി കൂടിയ നിരക്കിൽ പെൻഷൻ നൽകുന്നതിനും അനുമതിയുണ്ട്.

പദ്ധതിയിൽ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകേണ്ടതാണ്. കുഷ്ഠം, ക്ഷയം, എയ്ഡ്സ്, കാൻസർ തുടങ്ങിയ രോഗങ്ങളാൽ കഷ്ടതയനുഭവിക്കുന്നവർ, തോട്ടിപ്പണി ചെയ്യുന്നവർ, കരാർ തൊഴിലാളികൾ, കുറ്റകൃത്യങ്ങളുടെയും പീഡനങ്ങളുടെയും ഇരകളായ സ്ത്രീകൾ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ തുടങ്ങിയവർ മുൻഗണന അർഹിക്കുന്ന വിഭാഗങ്ങളാണ്. എന്നാൽ വിധവകൾ, എയ്ഡ്സ് രോഗികൾ എന്നിവർ ഒഴികെയുള്ളവർക്ക് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരാണെങ്കിൽ മാത്രമെ അർഹതയുള്ളൂ. എല്ലാ ഗുണഭോക്താക്കളും താഴെപ്പറയുന്ന ഒഴിവാക്കൽ ഘടകങ്ങൾ ബാധകമാകാത്തവരായിരിക്കണം.

- സർക്കാർ ജോലിയുള്ളവർ
- അഞ്ച് ഏക്കറിൽ കൂടുതൽ ഭൂമി സ്വന്തമായുള്ളവർ
- സ്വന്തം ഉപയോഗത്തിനുള്ള നാലുചക്ര വാഹനം ഉള്ളവർ

## ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു സംബന്ധിച്ച് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

### ബോധവൽക്കരണം

പദ്ധതിയുടെ ലക്ഷ്യം, നൽകുന്ന സഹായം, അർഹത, നടപടിക്രമം തുടങ്ങിയവ പൊതുജനങ്ങളിൽ എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

### പുതിയ ഗുണഭോക്താക്കളെ കണ്ടെത്തൽ

നിലവിലുള്ള ബി.പി.എൽ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ സ്വമേധയാ കണ്ടെത്തേണ്ടതാണ്. എന്നാൽ അർഹതയുള്ള ഒരു വ്യക്തി ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും സുപ്രീംകോടതിയുടെ 196/2001 നമ്പർ റിട്ട്പെറ്റിഷനിലെ വിധിന്യായത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത വ്യക്തിയുടെ അർഹത നിർണ്ണയിച്ച് ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നതാണ്.

ഗുണഭോക്താക്കളുടെ വയസ്സ് സംബന്ധിച്ച് ജനന സർട്ടിഫിക്കറ്റോ സ്കൂൾ രേഖയോ അടിസ്ഥാനമാക്കണം. അവ ഇല്ലെങ്കിൽ, റേഷൻ കാർഡോ ഇലക്ഷൻ തിരിച്ചറിയൽ കാർഡോ സ്വീകരിക്കാം. ഇവയൊന്നുമില്ലെങ്കിൽ, സർക്കാർ ആശുപത്രിയിലെ ഡോക്ടറുടെ സാക്ഷ്യപത്രം ആധികാരികമായി സ്വീകരിക്കാം.

വിധവകളുടെ കാര്യത്തിൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് അനുയോജ്യരായ റവന്യൂ ഉദ്യോഗസ്ഥരെ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തണം.

അംഗവൈകല്യമുള്ളവരെ സംബന്ധിച്ച്, സർട്ടിഫിക്കറ്റ് നൽകുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കുകയും ഗുണഭോക്താക്കളെ വാഹനത്തിൽ സൗജന്യമായി ക്യാമ്പുകളിൽ എത്തിക്കുകയും അപ്പോൾത്തന്നെ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യേണ്ടതാണ്.

### അപേക്ഷകളുടെ പരിശോധന

പരിശോധനയ്ക്കായി ഒരു ഉദ്യോഗസ്ഥനെയോ ഒരു ടീമിനെയോ ചുമതലപ്പെടുത്തേണ്ടതും അപേക്ഷ അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യുന്നതു സംബന്ധിച്ച ശുപാർശ സഹിതം രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

### ഗ്രാമസഭ/ വാർഡുസഭാ പരിശോധന

അപേക്ഷകരുടെ പട്ടികയും പരിശോധനാ ഉദ്യോഗസ്ഥന്റെ ശുപാർശയും ഗ്രാമസഭ/വാർഡുസഭയിലും തുടർന്ന് പഞ്ചായത്ത്/ കൗൺസിലിലും ചർച്ച ചെയ്യേണ്ടതാണ്.

### അനുമതി

സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തുന്ന അധികാരസ്ഥാനം അനുമതി ഉത്തരവ് അപേക്ഷകനും പഞ്ചായത്ത്/ നഗരസഭയ്ക്കും നൽകണം. അപേക്ഷ ലഭിച്ച തീയതി മുതൽ അപേക്ഷ തീർപ്പാക്കുന്നതു വരെയുള്ള കാലയളവ് 60 ദിവസത്തിൽ കവിയാൻ പാടില്ല.

### അപ്പീലും പുനഃപരിശോധനയും

അപേക്ഷ നിരസിക്കുന്ന കേസുകളിൽ അപേക്ഷകന് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന അപ്പീൽ അധികാരിക്ക് അപ്പീലും പുനഃപരിശോധനാ അധികാരിക്ക് രണ്ടാം അപ്പീലും (പുനഃപരിശോധന) നൽകാം.

### അപേക്ഷയും അനുബന്ധ രേഖകളും

പെൻഷൻ ഗുണഭോക്താക്കളുടെ പട്ടിക പഞ്ചായത്ത്/ നഗരസഭാ ഓഫീസിൽ പ്രദർശിപ്പിക്കേണ്ടതും മൂന്നു മാസത്തിലൊരിക്കൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്. എല്ലാ അപേക്ഷകളുടെയും അപേക്ഷാ രജിസ്റ്ററിന്റെയും അനുമതി/നിരസിക്കൽ ഉത്തരവിന്റെയും പകർപ്പുകൾ ഉൾക്കൊള്ളുന്ന ഫയൽ ഏവർക്കും പരിശോധിക്കാവുന്ന തരത്തിൽ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

### പെൻഷൻ വിതരണം

ബാങ്ക്, പോസ്റ്റ് ഓഫീസ് അക്കൗണ്ടുകൾ മുഖേനയുള്ള വിതരണമാണ് അഭിലഷണീയം. അവശതകളുള്ള ഗുണഭോക്താക്കൾക്ക് മണിഓർഡർ മുഖേനയോ ബാങ്കിംഗ് കറസ്പോണ്ടന്റ് മുഖേനയോ പെൻഷൻ വീട്ടിലെത്തിച്ചു കൊടുക്കാവുന്നതാണ്.

## മോണിറ്ററിംഗും മൂല്യനിർണ്ണയവും

പദ്ധതിയുടെ മോണിറ്ററിംഗിനായി വിപുലമായ വ്യവസ്ഥകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. വിവിധ തലങ്ങളിലുള്ള അഡ്വൈസറി കമ്മിറ്റികൾ, പ്രതിമാസ ത്രൈമാസ പ്രോഗ്രസ് റിപ്പോർട്ടുകൾ, പെർഫോമൻസ് റിവ്യൂ കമ്മിറ്റി, നാഷണൽ ലെവൽ തേഡ് പാർട്ടി മോണിറ്റേഴ്സ്, ജില്ലാതല വിജിലൻസ് മോണിറ്ററിംഗ് കമ്മിറ്റികൾ, വിവിധ തലങ്ങളിലുള്ള

പരാതി പരിഹാര സംവിധാനം, സോഷ്യൽ ഓഡിറ്റ് മുതലായവ കാര്യക്ഷമമായി നടപ്പാക്കുകയാണെങ്കിൽ കുറ്റമറ്റ രീതിയിൽ പദ്ധതി നടപ്പാക്കാൻ സാധിക്കുന്നതാണ്.

## സംസ്ഥാനങ്ങൾക്കായി പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ

പൊതു മാനദണ്ഡങ്ങൾക്ക് വിരുദ്ധമല്ലാത്ത തരത്തിൽ പദ്ധതിക്കായി സംസ്ഥാനങ്ങൾക്ക് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് സ്വാതന്ത്ര്യമുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും പെൻഷൻ അനുവദിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ, അപ്പീലും റിവ്യൂവും ഉൾപ്പെടെ വിവിധ നടപടിക്രമങ്ങൾക്കുള്ള സമയക്രമം, ഭരണപരമായ ക്രമീകരണങ്ങൾ, വിതരണ രീതി, സോഷ്യൽ ഓഡിറ്റിനും വാർഷിക പരിശോധനയ്ക്കുമുള്ള നടപടിക്രമങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തേണ്ടതാണ്.

## കേരളത്തിലെ പെൻഷൻ സ്കീമുകൾ

1973 ൽ ആരംഭിച്ച അഗതി പെൻഷൻ പദ്ധതിയാണ് കേരളത്തിലെ ആദ്യത്തെ പെൻഷൻ പദ്ധതി. 1980 ൽ കർഷക തൊഴിലാളി പെൻഷൻ പദ്ധതിയും 1982 ൽ അഗതി പെൻഷനിൽ നിന്ന് വേർപെടുത്തി വികലാംഗർക്കുള്ള പെൻഷൻ പദ്ധതിയും ആരംഭിച്ചു. 1995 ൽ ദേശീയ സാമൂഹ്യ സഹായ പദ്ധതി നിലവിൽ വന്നപ്പോൾ വാർദ്ധക്യകാല പെൻഷൻ അതിന്റെ ഭാഗമാവുകയും അഗതി പെൻഷനിൽ വിധവകൾ മാത്രമായി ചുരുങ്ങുകയും ചെയ്തു. 2001 ൽ 50 വയസിനുമേൽ പ്രായമുള്ള അവിവാഹിത സ്ത്രീകൾക്കായി പെൻഷൻ പദ്ധതി ആരംഭിച്ചു.

കർഷക തൊഴിലാളി പെൻഷൻ പദ്ധതി തൊഴിൽ വകുപ്പ് മുഖേനയും അഗതി പെൻഷനും വികലാംഗ പെൻഷനും റവന്യൂ വകുപ്പ് മുഖേനയുമാണ് നടപ്പിലാക്കിയിരുന്നത്. 1995 ൽ ദേശീയ സാമൂഹ്യ സഹായ പദ്ധതിയുടെ ഭാഗമായി വാർദ്ധക്യകാല പെൻഷൻ പദ്ധതി നടപ്പാക്കിയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയായിരുന്നു. അഗതി പെൻഷനും വികലാംഗ പെൻഷനും 1997 ലും കർഷക തൊഴിലാളി പെൻഷൻ പദ്ധതി 1998 ലും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറി.

### അർഹതാ മാനദണ്ഡങ്ങൾ

#### പൊതുമാനദണ്ഡങ്ങൾ

- കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.
- സർവ്വീസ് പെൻഷനർ ആകരുത്.
- ആദായ നികുതി നൽകുന്നയാൾ ആകരുത്.
- സ്വന്തം പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ ഭൂമി ഉണ്ടാകരുത് (പട്ടികവർഗ്ഗത്തിൽപ്പെട്ട വർക്ക് ബാധകമല്ല).
- തനതു ഫണ്ടുപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽ നിന്ന് പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്ക് 600 രൂപ നിരക്കിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കും.
- ആധാർ വിവരമോ ആധാർ ലഭിച്ചിട്ടില്ലെങ്കിൽ റേഷൻ കാർഡോ ഹാജരാക്കണം.
- 1000 CC ൽ കൂടുതൽ എൻജിൻ കപ്പാസിറ്റിയുള്ള ടാക്സി അല്ലാത്ത വാഹനം സ്വന്തമായി ഉള്ളവർ ആകരുത് (അംബാസിഡർ കാറുകൾക്ക് ബാധകമല്ല).
- പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് വിരമിച്ച് പെൻഷൻ കൈപ്പറ്റുന്നവർ ആകരുത്.
- ക്ഷേമനിധി ബോർഡുകളിലെ കുടുംബ പെൻഷൻകാർക്ക് മറ്റു പെൻഷൻ ലഭിക്കുന്നില്ലെങ്കിൽ ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ പൂർണ്ണ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്.
- വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്കു വിധേയമായി 600 രൂപ നിരക്കിൽ മറ്റൊരു പെൻഷൻ അനുവദിക്കാവുന്നതാണ്. മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ/ ക്ഷേമനിധി പെൻഷൻ ലഭിക്കുന്ന വികലാംഗനായ ഗുണഭോക്താവിന് പുതുതായി 600 രൂപ നിരക്കിൽ വികലാംഗ പെൻഷനും ലഭിക്കുന്നതാണ്.
- പ്രതിമാസം 2000 രൂപ വരെ ഇ.പി. എഫ് പെൻഷൻ ലഭിക്കുന്നവർക്ക് പൂർണ്ണ നിരക്കിലും അതിനു മുകളിൽ പെൻഷനുള്ളവർക്ക് 600 രൂപ നിരക്കിലും പെൻഷൻ ലഭിക്കുന്നതാണ്.

**ഗുണഭോക്താക്കളുടെ എണ്ണം**

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| കർഷക തൊഴിലാളിപെൻഷൻ | 455936 |
| വാർദ്ധക്യകാല പെൻഷൻ | 2394996 |
| വികലാംഗ പെൻഷൻ | 399145 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 83343 |
| വിധവാ പെൻഷൻ | 1331937 |
| **ആകെ** | **4665357** |

## പ്രത്യേക മാനദണ്ഡങ്ങളും പെൻഷൻ നിരക്കും

### ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി

60 വയസിനു മേൽ പ്രായം, മൂന്നു വർഷമായി കേരളത്തിൽ താമസിക്കുന്നവരാകണം, യാചക വൃത്തി തൊഴിലായി സ്വീകരിച്ചവർ ആകരുത്.

75 വയസോ അതിലധികമോ പ്രായമുള്ളവർക്ക് 1500 രൂപ, മറ്റുള്ളവർക്ക് 1200 രൂപ.

### ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ പദ്ധതി

ഭർത്താവ് മരണപ്പെടുകയോ 7 വർഷത്തിലധികമായി ഭർത്താവിനെ കാണാൻ ഇല്ലാത്തതോ ആയ യഥാർത്ഥ വിധവകൾക്കു മാത്രമേ അർഹതയുള്ളൂ. ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ 7 വർഷമായി കാണാനില്ലെന്ന റവന്യൂ അധികാരികളുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

പെൻഷൻ നിരക്ക് 1200 രൂപ.

### ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതി

അംഗവൈകല്യമുള്ളവരും (ബധിരർ, മൂകർ, അന്ധർ, അസ്ഥിസംബന്ധമായ വൈകല്യമുള്ളവർ), മാനസിക വെല്ലുവിളി നേരിടുന്നവരും അർഹരാണ്. 40 ശതമാനത്തിലധികം അംഗവൈകല്യമോ ഐ.ക്യൂ ലെവൽ 50ൽ താഴെയുള്ളവരോ ആയിരിക്കണം. അന്ധതയുടെ കാര്യത്തിൽ പൂർണ്ണമായും കാഴ്ചയില്ലാത്തവരോ ലെൻസ് ഉപയോഗിക്കുമ്പോഴുള്ള മെച്ചപ്പെട്ട കണ്ണിന്റെ കാഴ്ച ശക്തി 6/60 അല്ലെങ്കിൽ 2/20 snellen അല്ലെങ്കിൽ limitation of the fields 20 ഡിഗ്രിയോ അതിൽ കുറവോ കോണളവ് സൃഷ്ടിക്കുന്നതോ ആയിരിക്കണം. രണ്ടു വർഷമായി കേരളത്തിൽ താമസിക്കുന്നവരാകണം, യാചകവൃത്തി ചെയ്യുന്നവരാകരുത്.

80 ശതമാനത്തിലേറെ വൈകല്യമുള്ളവർക്ക് 1300 രൂപ, മറ്റുള്ളവർക്ക് 1200 രൂപ.

### കർഷക തൊഴിലാളി പെൻഷൻ

60 വയസ് കഴിഞ്ഞിരിക്കണം, കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിരുന്ന ആളായിരിക്കണം, നിരക്ക് 1200 രൂപ.

**അൻപത് വയസിനു മുകളിൽ പ്രായമുള്ള അവിവാഹിതസ്ത്രീകൾക്കുള്ള പെൻഷൻ**

അൻപത് വയസിനു മുകളിൽ പ്രായമുള്ള അവിവാഹിത ആയിരിക്കണം. അവിവാഹിതരായ അമ്മമാർക്കും അർഹതയുണ്ട്. സംസ്ഥാനത്ത് സ്ഥിരതാമസമായിരിക്കണം. നിരക്ക് 1200 രൂപ.

## ഗുണഭോക്തൃതെരഞ്ഞെടുപ്പ്

വിവിധ പെൻഷൻ സ്കീമുകൾ പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനായി നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, ആവശ്യമായ രേഖകൾ സഹിതം അവർ താമസിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ സമർപ്പിക്കേണ്ടതാണ്. നിലവിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. അപേക്ഷകളിന്മേൽ സർക്കാർ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള, ബന്ധപ്പെട്ട മേഖലയിലെ ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി അപേക്ഷകന്റെ അർഹത സംബന്ധിച്ച റിപ്പോർട്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകുന്നു. റിപ്പോർട്ട് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിക്കുകയും ശുപാർശ സഹിതം പഞ്ചായത്ത്/ കൗൺസിലിന് നൽകുകയും ചെയ്യുന്നു. അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെയും മറ്റു വിവരങ്ങളുടെയും അടിസ്ഥാനത്തിൽ പഞ്ചായത്ത്/കൗൺസിൽ പെൻഷൻ അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യുന്നതിന് തീരുമാനിക്കുകയും സെക്രട്ടറി വിവരം അപേക്ഷകനെ അറിയിക്കുകയും ചെയ്യുന്നു. പെൻഷൻ അനുവദിച്ച ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ സേവന പെൻഷൻ സൈറ്റിൽ അപ്രൂവ് ചെയ്ത് ഡിജിറ്റൽ സൈൻ ചെയ്യുന്നതോടെ അവർക്ക് ആ മാസം മുതൽ പെൻഷൻ ലഭിക്കുന്നതാണ്. ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ/വാർഡ് സഭയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്.

## അപ്പീൽ

പെൻഷൻ നിരസിക്കുന്ന കേസുകളിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്. വാർദ്ധക്യകാല പെൻഷന്റെ കാര്യത്തിൽ പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടറും മറ്റുള്ള പെൻഷനുകളുടെ കാര്യത്തിൽ ജില്ലാ കളക്ടറുമാണ് അപ്പീൽ അധികാരി.

## പെൻഷൻ വിതരണം

മണിഓർഡർ മുഖേനയാണ് ആദ്യകാലത്ത് പെൻഷൻ വിതരണം ചെയ്തിരുന്നത്. പദ്ധതി ആരംഭിച്ചപ്പോൾ അതതു വകുപ്പുകളും പദ്ധതി കൈമാറിയ ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തുക സർക്കാർ ഫണ്ടിൽ നിന്ന് പിൻവലിച്ച് മണിഓർഡറായി വിതരണം ചെയ്യുന്ന രീതിയാണ് നിലവിലുണ്ടായിരുന്നത്. 2015 ഏപ്രിൽ മാസം മുതൽ പെൻഷൻ പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി.സെൽ മുഖേന വിതരണം ചെയ്യാൻ ആരംഭിച്ചു. സർക്കാർ ആനുകൂല്യങ്ങൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നേരിട്ട് നൽകുക (Direct Benefit Transfer) എന്ന സർക്കാർ നയത്തിന്റെ ഭാഗമായാണ് ഈ മാറ്റം വന്നത്. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട്, പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് എന്നിവയിലേക്കും ബാങ്ക് അക്കൗണ്ട് കൈകാര്യം ചെയ്യുന്നതിന് ബുദ്ധിമുട്ടുള്ളവർക്ക് മണിഓർഡറായും തുക വിതരണം ചെയ്യുന്നതായിരുന്നു രീതി. നിലവിൽ ഗുണഭോക്താക്കൾ തെരഞ്ഞെടുക്കുന്നതനുസരിച്ച് ബാങ്ക് അക്കൗണ്ട് മുഖേനയോ പ്രാദേശിക സഹകരണ ബാങ്കുകൾ മുഖേന നേരിട്ട് വീട്ടിൽ എത്തിച്ചു നൽകുകയോ ചെയ്യുന്ന രീതിയാണ് ഉള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സേവന വെബ് സൈറ്റിൽ രേഖപ്പെടുത്തുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പെൻഷൻ വിതരണം നടത്തുന്നത്.

## പ്രധാന നിർദ്ദേശങ്ങൾ

പെൻഷൻ വിതരണം സുതാര്യവും കാര്യക്ഷമവുമാക്കുന്നതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ 28.09.2019 ൽ ഡിബിറ്റി1-2021/2019 നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- പെൻഷൻ അനുവദിച്ചവരുടെയും നിരസിച്ചവരുടെയും പട്ടിക ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്. ഗ്രാമസഭ ആക്ഷേപം ഉന്നയിക്കുന്ന ഗുണഭോക്താക്കളുടെ അർഹത പുനഃപരിശോധിക്കേണ്ടതും അനർഹനാണെന്ന് കാണുന്ന പക്ഷം കൈപ്പറ്റിയ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്.
- അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം തീരുമാനമെടുത്ത് അപേക്ഷകനെ അറിയിക്കണം.
- ഡാറ്റാബേസിലുള്ള അപേക്ഷകന്റെ വിവരങ്ങളിലെ തെറ്റുകൾ പ്രാദേശിക സർക്കാരുകൾ തന്നെ തിരുത്തണം.
- പെൻഷൻ വിതരണം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലായതിനാൽ കുടിശ്ശിക ലഭിക്കാനുള്ള ഗുണഭോക്താക്കൾക്ക് സർക്കാർ ഉത്തരവ് ലഭിക്കുമ്പോൾ മാത്രമേ തുക ലഭിക്കുകയുള്ളൂവെന്ന വിവരം അറിയിക്കേണ്ടതാണ്.
- ഗുണഭോക്താവ് മരണപ്പെട്ടതായി വിവരം ലഭിച്ചാൽ അന്വേഷണം നടത്തി പെൻഷൻ റദ്ദാക്കേണ്ടതാണ്.
- ഗുണഭോക്താവ് മരണപ്പെട്ട ശേഷം ബാങ്ക് അക്കൗണ്ടിലെത്തുന്ന തുക സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കാൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.
- സ്വന്തം പേരിലെ വാഹനം കൈമാറ്റം ചെയ്ത ശേഷം അർഹത നേടുന്നവർ പുതുതായി അപേക്ഷ നൽകണം.
- മൂന്നു തവണയിലധികം തുടർച്ചയായി പെൻഷൻ കൈപ്പറ്റാത്തവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർ അർഹതയുള്ളവരാണെങ്കിൽ ലിസ്റ്റിൽ നിന്ന് നീക്കം ചെയ്യേണ്ടതും വിവരങ്ങളിൽ തെറ്റുണ്ടെങ്കിൽ തിരുത്തേണ്ടതുമാണ്.

## കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്

പെൻഷൻ വിതരണം സുഗമമാക്കുന്നതിനും ഫണ്ടിന്റെ ലഭ്യതയിലെ പരിമിതികൾ മറികടക്കുന്നതിനുമായി സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെയും ക്ഷേമനിധി പെൻഷനുകളുടെയും വിതരണത്തിനായി പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്നുള്ള കമ്പനി രൂപീകരിക്കുകയുണ്ടായി. ഈ കമ്പനി മുഖേനയാണ് നിലവിൽ പെൻഷൻ വിതരണത്തിനുള്ള ഫണ്ട് ലഭ്യമാക്കുന്നതും മറ്റു നടപടികൾ സ്വീകരിക്കുന്നതും. □

*ലേഖകൻ പഞ്ചായത്ത് വകുപ്പിൽ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസറാണ്.*



# കുടുംബശ്രീയെ ശക്തിപ്പെടുത്താൻ
# സമന്വയം

കുടുംബശ്രീയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കാനും കുടുംബശ്രീയുടെ ലക്ഷ്യബോധവും സാമൂഹ്യ- രാഷ്ട്രീയ കാഴ്ചപ്പാടും ശക്തിപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള സമന്വയം പരിപാടിക്കു തുടക്കമായി. കുടുംബശ്രീ മിഷനും കിലയും ചേർന്നു വിഭാവനം ചെയ്തിട്ടുള്ള ഈ പരിപാടിയിൽ നേതൃത്വപരമായ പങ്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കും. കുടുംബം മുതൽ കുടുംബശ്രീ മിഷൻ തലം വരെയുള്ള പദ്ധതി രൂപപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. അതോടൊപ്പം ഗ്രാമസഭയിലെയും വർക്കിംഗ് ഗ്രൂപ്പിലെയും കുടുംബശ്രീ അംഗങ്ങളുടെ ക്രിയാത്മക ഇടപെടലിന്റെ ശേഷി വർദ്ധിപ്പിക്കാനും ഉദ്ദേശ്യമുണ്ട്.

വികസനത്തിലും ആസൂത്രണത്തിലും വനിതകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക, വനിതാഘടക പദ്ധതി മെച്ചപ്പെടുത്തുക, സാമൂഹ്യനീതിയിൽ ഊന്നിയ വികസനം ഉറപ്പുവരുത്തുക, ഗ്രാമസഭകൾ ശക്തിപ്പെടുത്തുക, അയൽക്കൂട്ടവും സമൂഹവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുക, പരിശീലനങ്ങളും സാമൂഹ്യപ്രവർത്തനങ്ങളും സംഘടിപ്പിക്കുക തുടങ്ങിയവയാണ് മറ്റ് ലക്ഷ്യങ്ങൾ.

സമന്വയം 2019 ന്റെ കൂടിയാലോചനാ യോഗം കിലയിൽ തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി എ.സി. മൊയ്തീൻ ഉദ്ഘാടനം ചെയ്തു. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് തുളസി ടീച്ചർ അദ്ധ്യക്ഷയായിരുന്നു. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ സ്വാഗതമാശംസിച്ചു. സാക്ഷരതാമിഷന്റെ സമ പദ്ധതിയെക്കുറിച്ച് സാക്ഷരതാമിഷൻ ഡയറക്ടർ ഡോ.പി.എസ്. ശ്രീകല വിശദീകരിച്ചു. ജീവിതസാഹചര്യങ്ങൾ മൂലം വിദ്യാഭ്യാസം നേടാൻ സാധിക്കാതിരുന്ന കുടുംബശ്രീ അംഗങ്ങൾക്കു പത്ത്, പ്ലസ്-ടു വിദ്യാഭ്യാസം നൽകുന്ന സമ പദ്ധതി 2020 ജനവരിയിൽ ആരംഭിക്കും. സ്ത്രീശാക്തീകരണത്തിന്റെ അടിത്തറ ശക്തിപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം. കുടുംബശ്രീ മിഷൻ എക്സ്ക്യൂട്ടീവ് ഡയറക്ടർ ഹരികിഷോർ ഐ.എ.എസ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മദൻ മോഹൻ എന്നിവർ സംസാരിച്ചു. ഗ്രാമ - ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് അസോസിയേഷനുകളുടെയും മുനിസിപ്പൽ ചെയർമാൻ ചേംബറിന്റെയും കോർപ്പറേഷൻ മേയർമാരുടെയും പ്രതിനിധികൾ, കുടുംബശ്രീ മിഷൻ കോർഡിനേറ്റർമാർ എന്നിവരാണ് യോഗത്തിൽ പങ്കെടുത്തത്.

ഭാവിപ്രവർത്തനങ്ങൾക്കു ദിശാബോധം നൽകുന്ന കരട് പദ്ധതിരേഖ ചർച്ചകൾക്കു ശേഷം അംഗീകരിച്ചു. ചർച്ചകളുടെ അടിസ്ഥാനത്തിൽ ഈ രേഖ സമ്പുഷ്ടമാക്കി തുടർപ്രവർത്തനങ്ങൾ നടത്താനും തീരുമാനിച്ചു. □



*സമന്വയം 2019 ന്റെ കൂടിയാലോചനായോഗം കിലയിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി എ.സി. മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു*

**ചരിത്രം**



# കേരളം വന്ന വഴി

■ വെള്ളനാട് രാമചന്ദ്രൻ

**ചേരളത്തിൽ തുടങ്ങി കേരളത്തിൽ എത്തിനില്ക്കുന്ന മലയാളിയുടെ മാതൃഭൂമിക്ക് 1956-ൽ നിയതമായ അതിരുകൾ വരച്ചിട്ടുവെങ്കിലും മലയാളമൊഴി ഉറപ്പിച്ചെടുക്കുവാനുള്ള ആർജ്ജവം നമുക്കിനിയും കൈവന്നിട്ടില്ല.**

വാക്കുകൾ ചിതലരിച്ച ഒരു റിബൺപോലെ ഇന്ത്യാ ഭൂപടത്തിൽ തെക്കു പടിഞ്ഞാറെ മൂലയിൽ മലനിരകൾക്കും കടലലകൾക്കുമിടയിൽ നീണ്ടു നിവർന്നു കിടക്കുന്ന കേരളം മലയാളികളുടെ മാതൃഭൂമിയാണല്ലോ. നിരപ്പുകൾ കുറഞ്ഞും ഏറ്റിറക്കങ്ങളാൽ സമൃദ്ധവുമായ ഈ ഭൂവിഭാഗത്തിന് മലനാടെന്ന് പഴന്തമിഴ് പാട്ടുകളിൽ (സംഘകാലകൃതികൾ) വ്യവഹരിച്ചു കാണുന്നു. മലയോടുചേർന്ന അളം (ഭൂമി) എന്ന അർത്ഥത്തിൽ മലനാട്ടിന് മലയാളമെന്നും മദ്ധ്യകാലത്ത് വിളിപ്പേരുണ്ടായിരുന്നു. ഇന്നത്തെ കേരളം കൂടി ഉൾപ്പെട്ടിരുന്ന പഴയതമിഴകത്തിന്റെ പൊതുഭാഷയായിരുന്ന പൂർവ്വദ്രാവിഡത്തിന്റെ ഒരു ദേശഭേദമായിരുന്ന മലനാട്ടുവഴക്കം അഥവാ മലനാട്ടുമൊഴിക്ക് മലയാളം എന്ന പേരു വന്നത് കേരളത്തിൽ പാശ്ചാത്യവിദ്യാഭ്യാസം വേരുറച്ചതിനു ശേഷമാണ്. മലയും അളവും ചേർന്ന് രൂപപ്പെട്ട മലയാളം എന്ന ദേശപ്പേരു പിൽക്കാലത്ത് ഭാഷപ്പേരായി മാറുകയാണുണ്ടായത്.

രണ്ടു മൺസൂണുകൾ സമൃദ്ധമായി ലഭിച്ചിരുന്ന മലനാട് എക്കാലത്തും ജൈവവൈവിദ്ധ്യത്താൽ സമ്പന്നമായിരുന്നു. മലനാട്ടിനെ വിശ്വപ്രസിദ്ധമാക്കിയത് ഇവിടെ വിളഞ്ഞിരുന്ന അതിവിശിഷ്ടങ്ങളായ സുഗന്ധവ്യഞ്ജനങ്ങളായിരുന്നു. വ്യഞ്ജനങ്ങളുടെ റാണിയായ കുരുമുളകും തോഴികളായ ഇഞ്ചിയും മഞ്ഞളും ഏലവും കറുകയും തേടി ചരിത്രാതീത കാലം മുതൽക്കുതന്നെ വിദേശിയർ ഇവിടെയെത്തിയിരുന്നു എന്നതിന് തെളിവുകൾ ലഭ്യമാണ്.

ക്രിസ്തുവിന് മുൻപ് ഏകദേശം ആയിരാമാണ്ടിൽ ഇസ്രായേൽ ഭരിച്ചിരുന്ന സോളമൺ ചക്രവർത്തിയുടെ കൊട്ടാരത്തിൽ മലനാട്ടിൽമാത്രം വളരുന്ന തേക്കു കൊണ്ടുള്ള തടിയുപകരണങ്ങൾ ഉണ്ടായിരുന്നുവത്രേ. മാത്രമല്ല, അദ്ദേഹം ഭാരതത്തിൽനിന്നും സുഗന്ധവ്യഞ്ജനങ്ങൾ ശേഖരിച്ച് കൊടുക്കുന്നതിനായി ഫിനീഷ്യൻ രാജാവുമായി കരാറിൽ ഏർപ്പെട്ടിരുന്നു എന്നു ചരിത്രം. ഈജിപ്ഷ്യൻ പിരമിഡുകളിലെ കല്ലറകളിൽ കേരളത്തിന്റെ തനതുവിളയായ കുരുമുളകിന്റെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞിട്ടുണ്ട്. ഇതെല്ലാം സൂചിപ്പിക്കുന്നതു പ്രാചീനലോകത്തിന് കേരളവുമായുണ്ടായിരുന്ന കച്ചവടബന്ധങ്ങളെയാണ്. മറ്റിടങ്ങളിൽ അലഭ്യമായ കുരുമുളകിന്റെ എരിവും കർപ്പൂരത്തിന്റെ സുഗന്ധവും മണത്തുകൊണ്ട് ഏഴുകടൽ താണ്ടിയെത്തിയ വിദേശി

കൾ നിരവധിയാണ്. ഈജിപ്ത്യർ, റോമർ, അറബികൾ, ഇറാനികൾ, ചീനർ, ഫിഷീഷ്യർ തുടങ്ങിയ വിദേശീയർ മാത്രമല്ല മഗധർ, പഞ്ചാബികൾ, ഗുജറാത്തികൾ തുടങ്ങിയ തദ്ദേശീയരും കേരളവുമായി കച്ചവടബന്ധം സ്ഥാപിച്ചിരുന്നു. അന്നവർ ഈ കൊച്ചുമലനാടിനെ എങ്ങനെയാണ് വ്യവഹരിച്ചിരുന്നതെന്നും എന്തുപേരിട്ടാണ് വിളിച്ചിരുന്നതെന്നും അന്വേഷിക്കുന്നതു കൗതുകകരമായിരിക്കും.

ഭാരതത്തിന്റെ പൗരാണിക ചരിത്രം രേഖപ്പെടുത്തിയ അൽബറൂനി (AD 973-1048) മുതലിങ്ങോട്ടുള്ള അറബി സഞ്ചാരികളെല്ലാം തന്നെ കേരളത്തെ മലബാർ, മലിബാർ, മനിബാർ, മുലിബാർ, മുനിബാർ എന്നിങ്ങനെ ഭേദബുദ്ധിയന്യേ വിളിച്ചിരുന്നു. മലബാറിന്റെ ഉച്ചാരണഭേദങ്ങളാണ് ഇവയെല്ലാം എന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ മലബാർ എന്ന പദത്തിന്റെ നിരുക്തിയെ സംബന്ധിച്ചിടത്തോളം രണ്ട് അഭിപ്രായങ്ങൾ ഗവേഷകരുടെ ഇടയിൽ നിലനില്ക്കുന്നു. മലബാറിന്റെ ഉല്പത്തി അർദ്ധവൈദേശികമാണെന്നാണ് ഒരഭിപ്രായം. 'മല' എന്ന ദ്രാവിഡ പദവും രാജ്യം എന്നർത്ഥമുള്ള 'ബാർ' എന്ന പേർഷ്യൻ പദവും ചേർന്നാണത്രേ മലബാർ രൂപം കൊണ്ടത്. എന്നാൽ അതല്ല തദ്ദേശരൂപമായ 'മലവാരം' വൈദേശികരുടെ നാവിൽ മലബാറായും മലിബാറായും മുനിബാറായും മാറിയെന്നാണ് മറുപക്ഷം വാദിക്കുന്നത്. ഇതിന്റെ നിജസ്ഥിതി എന്തായാലും തദ്ദേശീയരാരും തന്നെ കേരളത്തിനെ മലബാർ എന്നു വിളിച്ചുകാണുന്നില്ല.

പ്രാചീന ഭാരതീയർ കേരളത്തെ ചേരം, ചേരളം, ചേരനാട്, ചേരപുത്രം എന്നൊക്കെയാണ് പരാമർശിച്ചു കാണുന്നത്. മൗര്യചക്രവർത്തിയായിരുന്ന അശോകന്റെ (BC 273-236) ശാസനങ്ങളിൽ കേലലപുതോ (കാൽഡിശാസ്ത്രർ), കേരഢപുതോ (ഷാബാദ് ഗാർഹി), കേരളപുതാ (മാൻദേരാ) എന്നൊക്കെയാണ് രേഖപ്പെടുത്തിക്കാണുന്നത്. AD 60 ൽ കേരളം സന്ദർശിച്ച അജ്ഞാതനാമാവായ ഒരു യവനസഞ്ചാരി എഴുതിയ "പെരിപ്ലസ് ഓഫ് ദി എറിത്രിയൻ സീ" എന്ന കൃതിയിൽ "കെപ്രോ ബൊത്ര" എന്നും ഈജിപ്തുകാരനായ ടോളമി (AD-95-162) 'കേരോ ബോത്ര' എന്നും റോമാക്കാരനായ പ്ലീനി (AD-23-79) 'കെലോ ബോത്ര' എന്നും കേരളത്തെ പരാമർശിച്ചു കാണുന്നു. കേരളപുത്രം എന്ന ദേശപ്പേരിന്റെയോ കേരളപുത്രൻ എന്ന ദേശാധിപന്റെയോ വാമൊഴിഭേദങ്ങളാവാം മേൽപ്പറഞ്ഞവയെല്ലാം.

സീതാന്വേഷണകാലത്ത് സുഗ്രീവൻ വാനരസേനയെ കേരളത്തിലേക്കയച്ചതായി വാല്മീകി രാമായണത്തിൽ വായിക്കാം. മഹാഭാരതത്തിലും കേരളപരാമർശം കാണാം. മഹാഭാരതത്തിന്റെ അനുബന്ധകൃതിയായ ഹരിവംശത്തിൽ കേരളം കടന്നുവരുന്നതിങ്ങനെ;

തേശാം ജനപദാഃ പാണ്ഡ്യ
ചോള കുല്യശ്ച കേരളം.

ഭാരതത്തിന്റെ കവികുലഗുരുവായ കാളിദാസൻ രഘുവിന്റെ ദിഗ്‌വിജയ വർണ്ണനയിൽ (രഘുവംശം) ഇങ്ങനെ കുറിക്കുന്നു.

ഭയോൽ സൃഷ്ട വിഭൂഷാണാം
തേന കേരള യോഷിതാം
അളകേഷു ചമുരേണുശ്ചൂർണ്ണ
പ്രതിനിധീകൃതഃ

(ഭയംകൊണ്ട് ആഭരണങ്ങൾ വെടിഞ്ഞ കേരള സ്ത്രീകളുടെ കുറുനിരകളിൽ കുങ്കുമാദി അലങ്കാരദ്രവ്യങ്ങൾക്കുപകരം രഘുവിന്റെ പടയോട്ടം മൂലമുണ്ടായ പൊടിപടലങ്ങൾ അണിഞ്ഞു)

ഇതെല്ലാം വ്യക്തമാക്കുന്നത് ഔത്തരാഹൻമാർക്ക് പ്രാചീനകാലം മുതൽ തന്നെ മലനാട്ടിനെ അറിയാമായിരുന്നു എന്നും അവർ ഈ ഭൂപ്രദേശത്തെ കേരളം എന്നു വിളിച്ചിരുന്നു എന്നുമാണ്.

കേരത്തിന്റെ അഥവാ തെങ്ങിന്റെ നാടായതുകൊണ്ടാണ് കേരളം എന്നു വിളിക്കപ്പെട്ടത് എന്നൊരഭിപ്രായം നിലവിലുണ്ട്. പക്ഷെ ഈ നിഗമനം ചരിത്രവുമായി പൊരുത്തപ്പെട്ടുപോകുന്നില്ല. AD 6-ാം നൂറ്റാണ്ടിനുമുൻപ് കേരളം സന്ദർശിച്ചവരാരും തന്നെ ഇവിടെ തെങ്ങുണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടില്ല. വഴിയിൽ കണ്ടതെല്ലാം വർണ്ണിച്ചു കൂട്ടിയ പ്ലീനിപോലും കേരളത്തിൽ തെങ്ങുണ്ടായിരുന്നതായി പറയുന്നില്ല. കേരളത്തിലെ കേരവൃക്ഷങ്ങളെക്കുറിച്ച് ആദ്യം പരാമർശിച്ചുകാണുന്നത് AD 550 ൽ കേരളം സന്ദർശിച്ച ബൻസാന്റിയൻ പാതിരിയായ കോസ്മോസ് ഇൻഡിക്ലോപ്ലത്തുസ് (ഈജിപ്റ്റ്) ആണ്. തന്റെ യാത്രാവിവരണ ഗ്രന്ഥമായ 'ക്രിസ്ത്യൻ ടോപ്പോഗ്രഫി'യിൽ കേരളതീരങ്ങളിൽ കുലച്ചു കുമ്പിട്ടുനില്ക്കുന്ന തെങ്ങുകളെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. കേരളത്തെ 'മലേ' എന്നാണ് കോസ്മോസ് തന്റെ കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

നാലാം നൂറ്റാണ്ടിനും അഞ്ചാം നൂറ്റാണ്ടിനുമിടയിൽ പൂർവ്വേഷ്യൻ രാജ്യങ്ങളിലെങ്ങോ നിന്നു ശ്രീലങ്ക വഴി കേരളത്തിലേക്കു കുടിയേറിയ വൃക്ഷമാണ് തെങ്ങ് എന്ന ചരിത്രനിഗമനത്തെ ഈ രേഖകൾ പിന്താങ്ങുന്നു. ചുരുക്കത്തിൽ കേരളത്തിൽ കേരം പ്രത്യക്ഷപ്പെടുന്നതിനു മുൻപ് കുറഞ്ഞത് അഞ്ചുനൂറ്റാണ്ടു മുൻപെങ്കിലും മലനാട്ടിന് കേരളമെന്നപേർ ഉറച്ചിരുന്നു എന്നു സാരം. മാത്രമല്ല, തേങ്ങയ്ക്ക് നാളികേരം എന്നാണ് പ്രാചീനസംസ്കൃതത്തിൽ പറഞ്ഞിരുന്നതെന്നും ഈ നാരികേരമാണ് നാരിയേൽ എന്ന് ഹിന്ദിയിലേക്ക് രൂപം മാറിയതെന്നും ചരിത്രകാരനായ ഡി.ഡി. കൊസാംബി നിരീക്ഷിക്കുന്നു. നാളികേരത്തിന്റെയും നാരിയേലിന്റെയുമൊക്കെ രൂപാന്തരമാണത്രേ കേരളീയന്റെ നാളികേരം. ഒന്നൊതുക്കിപ്പറഞ്ഞാൽ കേരവും കേരളവും തമ്മിൽ ഉച്ചാരണസാമ്യമല്ലാത്ത ചരിത്രബന്ധമൊന്നുമില്ലെന്നു വ്യക്തം.

മലനാടു ഭരിച്ച ആദിചേരന്മാരുടെ വംശനാമത്തിൽ നിന്നാണ് കേരളം എന്ന ദേശനാമം രൂപം കൊണ്ടത് എന്നതിനു ഭാഷാപരവും ചരിത്രപരവുമായുമുള്ള തെളിവുകൾ നിരവധിയാണ്. ക്രിസ്തുവർഷം ആദ്യശതകങ്ങളിൽ രചിക്കപ്പെട്ട സംഘകാല കൃതികളിൽ ചേരരാജാക്കന്മാരെ 'ചേരൻ' എന്ന പദം കൊണ്ടാണ് സംബോധന ചെയ്തിരുന്നത്. ചേരരാജപ്രശസ്തികൾ മാത്രം പ്രതിപാദിക്കപ്പെടുന്ന 'പതിറ്റുപ്പത്തി'ൽ ഉദിയൻ ചേരൻ, നെടും ചേരൻ ആനൻ, അന്തുവൻ ചേരൻ, നാർമുടിച്ചേരൻ, ഇളംചേരൻ ഇരുമ്പൊറൈ എന്നീ രാജാക്കന്മാരുടെ വർണ്ണനകൾ കാണാം. ചേരരുകളുടെ രാജ്യമെന്ന അർഥത്തിൽ ചേരളമെന്നും അറിയപ്പെട്ടു. ഈ ചേരളത്തിന്റെ തത്ഭവമാണ് കേരളം. 'ച'കാരം 'ക' കാരമായി മാറുന്നതിനു നിരവധി ഉദാഹരണങ്ങൾ ദ്രാവിഡഭാഷകളിൽ കാണാൻ കഴിയും.

മലയാളത്തിൽ 'ചീര' കീരയായി മാറുന്നതും ജ്യേഷ്ഠം എന്ന നക്ഷത്രനാമം കേട്ടയായി മാറുന്നതും നമുക്ക് പരിചിതം. നമ്മുടെ തൊട്ടയൽഭാഷയായ തുളുവിൽ നിരവധി ഉദാഹരണങ്ങൾ വേറെ കാണാം. മലയാളത്തിലെ ചേരയും ചേരിയും ചേനയും യഥാക്രമം കേരയും കേരിയും കേനയുമാണ്. നമ്മുടെ ചെന്നി തുളുവർക്ക് കെന്നിയാണ്. ചേരളമാണ് കേരളമായതെന്ന അഭിപ്രായത്തിന് പിൻബലമേകുന്നതാണ് ഐതരേയാരണ്യകത്തിലെ 'ചേരപാദർ' എന്ന് കേരളീയരെ പരാമർശിക്കുന്ന പ്രയോഗം.

ബി.സി. 302-ൽ ചന്ദ്രഗുപ്തമൗര്യന്റെ കാലത്ത് ഇന്ത്യ സന്ദർശിക്കുകയും 'ഇൻഡിക' എന്ന യാത്രാവിവരണ ഗ്രന്ഥം രചിക്കുകയും ചെയ്ത യവന സഞ്ചാരി മെഗസ്തനീസ് കേരളത്തെ വിളിച്ചത് 'ചേർമ' എന്നാണ്. ചേരലിന്റെ രാജ്യം എന്ന അർത്ഥത്തിലോ ചേരന്മാരുടെ അളം എന്ന അർത്ഥത്തിലോ ഉത്തരേന്ത്യക്കാരും ചേര, കേര പദങ്ങൾ മാറി മാറി കേരളത്തെ പരാമർശിക്കാൻ ഉപയോഗിച്ചിരുന്നു എന്നു വ്യക്തം.

പരശുരാമ ഖണ്ഡമെന്നും ഭാർഗ്ഗവക്ഷേത്രമെന്നുമുള്ള കാവ്യാത്മക പ്രയോഗങ്ങളും കേരളത്തെക്കുറിച്ച് കേൾക്കാറുണ്ട്. ക്ഷത്രിയവൈരിയും ഭൃഗുവംശജനുമായ പരശുരാമൻ മഴുവെറിഞ്ഞു വരുണ പ്രസാദം കൊണ്ട് കടലിൽനിന്നും നേടിയെടുത്തതാണ് കേരളം എന്ന ഐതിഹ്യത്തിൽനിന്നും രൂപമെടുത്തതാണ് ഈ പ്രയോഗങ്ങൾ. മഴുവെറിഞ്ഞത് ഗോകർണ്ണത്തു നിന്നാണെന്നും അതല്ല തിരിച്ച് കന്യാകുമാരിയിൽ നിന്നാണെന്നും ബ്രാഹ്മണസൃഷ്ടങ്ങളായ 'കേരളോല്പത്തിക്കഥകൾ' പ്രസ്താവിക്കുന്നു. എന്നാൽ പരശുരാമൻ എറിഞ്ഞത് മഴുവല്ല ശൂർപ്പം അഥവാ മുറമാണെന്നും ബ്രഹ്മാണ്ഡ പുരാണം പറയുന്നു. ഗോകർണ്ണത്തിന് ശൂർപ്പാരകം എന്നൊരു മറുപേരുമുണ്ടത്രേ. AD 6-ാം നൂറ്റാണ്ടിനു ശേഷം പലപ്പോഴായി എഴുതപ്പെട്ട സ്കന്ദപുരാണത്തിലും ബ്രഹ്മാണ്ഡപുരാണത്തിലുമാണ് ആദ്യമായി പരശുരാമകഥ പ്രത്യക്ഷപ്പെടുന്നത്. വരുത്തൻമാരായ ബ്രാഹ്മണർ തങ്ങൾ ഇരുത്തൻമാരെന്ന് വരുത്തിത്തീർക്കുവാൻ പുരാണകഥകളെ പുരസ്കരിച്ച് എഴുതപ്പെട്ട അർവാചീനങ്ങളായ ഈ കേരളോല്പത്തിക്കഥകളാണ് കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ കേരളചരിത്രസാമഗ്രികളായി ഗണിച്ചിരുന്നത്. Geological encyclopedia of ancient India' എന്ന ഗ്രന്ഥത്തിൽ കേരളത്തെ സപ്തകൊങ്കണങ്ങളിൽ ഒന്നായി ഉൾപ്പെടുത്തിയിരിക്കുന്നു. പരശുരാമൻ ശൂർപ്പം അഥവാ മുറം എറിഞ്ഞ് സൃഷ്ടിച്ച ഏഴ് കൊങ്കണങ്ങൾ ഇവയാണത്രേ; കേരളം, തുളുഗം, സൗരാഷ്ട്രം, കൊങ്കണം, കരഹാടകം, കർണ്ണാടകം, ബർബരം. പുരാണകാലത്ത് രൂപമെടുത്ത ഒരു മിത്തിനെ ദേശകാലങ്ങൾക്ക് ചേർന്ന ഉടയാടകൾ ചാർത്തി ബ്രാഹ്മണ്യം തങ്ങളുടെ ആധിപത്യസ്ഥാപനത്തിനായി പരിഷ്കരിച്ചെടുത്തതാണ് പരശുരാമമിത്തും ഭാർഗ്ഗവക്ഷേത്രപ്രയോഗവും.

> കേരത്തിന്റെ അഥവാ തെങ്ങിന്റെ നാടായതുകൊണ്ടാണ് കേരളം എന്നു വിളിക്കപ്പെട്ടത് എന്നൊരഭിപ്രായം നിലവിലുണ്ട്. പക്ഷെ ഈ നിഗമനം ചരിത്രവുമായി പൊരുത്തപ്പെട്ടുപോകുന്നില്ല. AD 6-ാം നൂറ്റാണ്ടിനുമുൻപ് കേരളം സന്ദർശിച്ചവരാരും തന്നെ ഇവിടെ തെങ്ങുണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടില്ല.

മലബാർ, കേരളം, ഭാർഗ്ഗവക്ഷേത്രം എന്നീ നാമഭേദങ്ങൾ നമുക്ക് പരിചിതമാണെങ്കിലും 'അടുക്കനാട്' എന്ന പേര് നമുക്കത്ര സുപരിചിതമല്ല. എന്നാൽ മദ്ധ്യകാലഘട്ടത്തിൽ കേരളത്തിന് ഇങ്ങനെയൊരു പേരുണ്ടായിരുന്നതായി ചില ബ്രിട്ടീഷ് രേഖകളിൽ കാണാം. തമിഴ്നാട്ടിലെ എഗ്മോർ പട്ടണത്തിലെ റെക്കോർഡ് ഓഫീസിൽ സൂക്ഷിച്ചിരുന്ന "ദി ഏഷ്യൻ ഡിവിഷൻസ് ആന്റ് സിസ്റ്റം ഓഫ് അഡ്മിനിസ്ട്രേഷൻ ഇൻ മലബാർ" എന്ന് ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്തിയിട്ടുള്ള റിപ്പോർട്ട് പരിശോധിച്ചതിനുശേഷം പണ്ഡിതവരേണ്യനായ ചിറയ്ക്കൽ ബാലകൃഷ്ണൻ നായർ അടുക്കനാടിനെക്കുറിച്ച് വിശദീകരിക്കുന്നു. ഈ റിപ്പോർട്ടിൽ കേരളമെന്ന പേരോ, പരശുരാമകഥയോ, ഗോകർണ്ണം, കന്യാകുമാരി എന്നീ അതിർത്തി ദേശങ്ങളോ പരാമർശിക്കപ്പെടുന്നില്ല. കേരളം എന്ന അടുക്കനാട്ടിലെ ദേശവിഭാഗങ്ങളുടെ പേരുകളും അവയിലെ ഭരണവ്യവസ്ഥയുമാണ് ഈ റിപ്പോർട്ടിന്റെ ഉള്ളടക്കം.

കേരളത്തിന് അടുക്കനാട് എന്ന് പേരുവന്നതിനെക്കുറിച്ചും വ്യത്യസ്ത അഭിപ്രായങ്ങൾ നിലവിലുണ്ട്. അന്നത്തെ നിലയ്ക്ക് അടുക്കും ചിട്ടയുമുള്ള ഒരു ഭരണക്രമം നിലനിന്നിരുന്നത് കൊണ്ടാണ് അടുക്കനാട് എന്ന വിളിക്കപ്പെട്ടത് എന്നാണ് ഒരഭിപ്രായം. പക്ഷെ കേരളനാട്ടിലാകെ ഇത്തരത്തിലൊരു "മാതൃകാജനാധിപത്യ" ക്രമം നിലനിന്നിരുന്നു എന്ന നമുക്ക് ലഭ്യമായിട്ടുള്ള ശിലാരേഖകളും സാഹിത്യകൃതികളും ജാതികേന്ദ്രീകൃത സാമൂഹ്യവ്യവസ്ഥയും സമ്മതിച്ചു തരികയില്ല. എന്നാൽ യുക്തിസഹമായ മറ്റൊരഭിപ്രായം 'അടു' എന്ന പദത്തിന് 'മല' എന്നും അടുക്കൽ എന്നതിനു മലവാരം എന്നും പഴന്തമിഴിൽ അർത്ഥമുണ്ട്. അതിനാൽ മലയടിവാരമെന്ന നാട് എന്ന ധ്വനിയിൽ അടുക്കനാട് എന്ന വിളിക്കപ്പെട്ടതായി ഭാഷാശാസ്ത്രകാരന്മാർ കരുതുന്നു. കേരളത്തിന്റെ ഭൂപ്രകൃതി ഈ നിഗമനം ശരിവയ്ക്കുന്നു.

എന്നാൽ സൂചിപ്പിച്ചതുപോലെ അടുക്കും ചിട്ടയുമായ ഒരു ഭരണസമ്പ്രദായം കേരളത്തിലെവിടെയെങ്കിലും നിലനിന്നിരുന്നുവോ എന്നും പരിശോധിക്കേണ്ടതുണ്ട്. AD 14-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ലക്ഷ്മീദാസൻ രചിച്ച ശുകസന്ദേശം എന്ന സംസ്കൃത സന്ദേശകാവ്യത്തിൽ പ്രത്യക്ഷപ്പെടുന്ന ഒരു നാട്ടുരാജ്യമാണ് വെന്നനാട്. 1665-ൽ കൊച്ചിയും ഡച്ചുമായുണ്ടാക്കിയ കച്ചവട ഉടമ്പടിയിലും വെന്നനാട് പരാമർശിക്കപ്പെടുന്നുണ്ട്. തൃപ്പൂണിത്തുറ മുതൽ വൈക്കം വരെ വിസ്തൃതിയുണ്ടായിരുന്നുവത്രേ ഈ നാടിന്. ബ്രാഹ്മണ മേൽക്കോയ്മ നിലനിന്നിരുന്ന ഈ വെന്നനാട്ടിൽ "അടുക്കും ചിട്ടയുമുള്ള" ഭരണം നിലനിന്നിരുന്നതായി കെ.ടി. രാമവർമ്മ തന്റെ തൃപ്പൂണിത്തുറ വിജ്ഞാനം എന്ന കൃതിയിൽ രേഖപ്പെടുത്തുന്നു.

മലനാടു മുതൽ അടുക്കനാടു വരെയുള്ള കേരളപ്പേരുകളിൽ ഭൂപ്രകൃതിയും സംസ്കാരവും ഭാഷയും രാഷ്ട്രീയവുമെല്ലാം സൂക്ഷ്മഭാവത്തിൽ അടയാളപ്പെട്ടു കിടക്കുന്നുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. ചേരളത്തിൽ തുടങ്ങി കേരളത്തിൽ എത്തി നില്ക്കുന്ന മലയാളിയുടെ മാതൃഭൂമിക്ക് 1956 ൽ നിയതമായ അതിരുകൾ വരച്ചിട്ടുവെങ്കിലും മലയാളമൊഴി ഉറപ്പിച്ചെടുക്കുവാനുള്ള ആർജ്ജവം നമുക്കിനിയും കൈവന്നിട്ടില്ല.

## പരിശോധിത ഗ്രന്ഥങ്ങൾ


1 *സഞ്ചാരികൾ കണ്ട കേരളം - വേലായുധൻ പണിക്കശ്ശേരി, കറന്റ് ബുക്സ്,*

2 *അശോക ശാസനങ്ങൾ - എം.ആർ. രാഘവവാര്യർ, എസ്.പി.സി.എസ്.*

3 *തൃപ്പൂണിത്തുറ വിജ്ഞാനം - കെ.ടി. രവിവർമ്മ, സൈകതം ബുക്സ്.*

4 *സാഹിത്യപഞ്ചാനന്റെ സമ്പൂർണ്ണ കൃതികൾ - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്*

5 *ചിറയ്ക്കൽ ബാലകൃഷ്ണൻ നായരുടെ പ്രബന്ധങ്ങൾ - കേരള സാഹിത്യ അക്കാദമി.*


☐

*ലേഖകൻ ചരിത്രകാരനാണ്*

# കില ന്യൂസ്



പൊതുഭരണത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കുള്ള പരിശീലനപരിപാടി കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്യുന്നു

## പൊതുഭരണത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക പരിശീലനം

പൊതുഭരണത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കുള്ള പന്ത്രണ്ടുദിവസത്തെ പരിശീലനപരിപാടി കിലയിൽ തുടങ്ങി. പ്രമോഷനിലൂടെ സെക്രട്ടറിമാരായവർക്കാണ് ഈ പരിശീലനം. ആദ്യബാച്ചിന്റെ ഉദ്ഘാടനം കില ഡയറക്ടർ ഡോ. ജോയ് ഇളമൺ നിർവഹിച്ചു. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി. രാജൻ സ്വാഗതമാശംസിച്ചു. കോഴ്സ് കോർഡിനേറ്റർ എ.എസ്. പ്രതാപ് സിംഗ് പരിശീലനപരിപാടികൾ വിശദീകരിച്ചു. 27 ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരാണ് പരിശീലനത്തിൽ പങ്കെടുത്തത്.

പ്രാദേശികഭരണസംവിധാനം ഇന്ത്യയിലും കേരളത്തിലും, കേരള പഞ്ചായത്ത് രാജ് നിയമം, ഗ്രാമപഞ്ചായത്ത് ചുമതലകൾ, ഉദ്യോഗസ്ഥസംവിധാനം, നവകേരള കർമ്മപരിപാടി, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ഓഫീസ് നടപടിക്രമങ്ങൾ, ജനപ്രതിനിധി-ഉദ്യോഗസ്ഥ ബന്ധം, നിർവഹണ ഉദ്യോഗസ്ഥരുടെ ചുമതലകൾ, ധനമാനേജ്മെന്റ്, കേരള സർവീസ് റൂൾസ്, നികുതികൾ, ഫീസുകൾ, വസ്തുനികുതി, തൊഴിൽ നികുതി, മാലിന്യപരിപാലനം, പഞ്ചായത്തുകളിൽ ഉപയോഗിക്കുന്ന വിവിധ സോഫ്റ്റ് വെയറുകൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പുപദ്ധതി, പെർഫോർമൻസ് ഓഡിറ്റ് തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം.

## പശ്ചിമബംഗാളിലെ ജനപ്രതിനിധികൾ കിലയിൽ

കേരളത്തിലെ ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്ത് ഭരണസംവിധാനത്തെക്കുറിച്ച് നേരിൽ കണ്ടു പഠിക്കുന്നതിനു പശ്ചിമബംഗാളിൽനിന്നുള്ള ജില്ലാപഞ്ചായത്ത് സ്റ്റാൻഡിംഗ്കമ്മിറ്റി ചെയർമാൻമാരും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരും വൈസ് പ്രസിഡന്റുമാരും അഞ്ചുദിവസത്തെ സന്ദർശനത്തിനായി കിലയിലെത്തി. മൂന്നു ജില്ലാപഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരും പന്ത്രണ്ട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്-വൈസ് പ്രസിഡന്റുമാരുമടങ്ങുന്ന സംഘത്തിൽ സംസ്ഥാന ഗ്രാമവികസന വകുപ്പ് ഇൻസ്റ്റിറ്റ്യൂട്ടിലെ നാല് ഉദ്യോഗസ്ഥരുമുണ്ട്.



കിലയിലെത്തിയ പശ്ചിമ ബംഗാളിലെ ജനപ്രതിനിധികൾ തൃശ്ശൂർ ജില്ലാപഞ്ചായത്ത് സന്ദർശിച്ചപ്പോൾ



*തമിഴ്നാട്ടിലെ എട്ടു ജില്ലകളിൽനിന്നുള്ള ജൈവവൈവിധ്യബോർഡ് മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾക്കു കില അഗളി കേന്ദ്രത്തിൽ സംഘടിപ്പിച്ച പരിശീലനപരിപാടി*

## തമിഴ്നാട്ടിലെ ജൈവവൈവിധ്യബോർഡ് മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾക്കു പരിശീലനം

തമിഴ്നാട്ടിലെ എട്ടു ജില്ലകളിൽനിന്നുള്ള ജൈവവൈവിധ്യ ബോർഡ് മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾക്കു മൂന്നുദിവസത്തെ പരിശീലനം കില അഗളി കേന്ദ്രത്തിൽ സംഘടിപ്പിച്ചു. കില, ജി.ഐ.ഇസഡ് ഇന്ത്യ, തമിഴ്നാട് ജൈവവൈവിധ്യബോർഡ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലായിരുന്നു പരിശീലനം.

കേരളത്തിലെ ജൈവവൈവിധ്യം, ജൈവസമ്പത്തിലുണ്ടായ ശോഷണം, ജൈവസമ്പത്തിന്റെ സംരക്ഷണരീതി, ബി.എം. സികൾക്കുള്ള പങ്ക്, ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന വിവരങ്ങൾ തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. അട്ടപ്പാടിയിലെ വിവിധ പഞ്ചായത്തുകളിൽനിന്നുള്ള ജനപ്രതിനിധികൾ, ബി.എം.സി അംഗങ്ങൾ, കർഷകർ എന്നിവരുമായി ചർച്ചകളുമുണ്ടായി.

## ദുരന്തനിവാരണശേഷി: തദ്ദേശസ്ഥാപനങ്ങളെ പ്രാപ്തരാക്കാൻ ശില്പശാല

ദുരന്തനിവാരണശേഷിയോടു കൂടിയ ആസൂത്രണപ്രവർത്തനങ്ങൾ ആവിഷ്കരിക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനുള്ള ശില്പശാല കിലയിൽ സംഘടിപ്പിച്ചു. ഇതുമായി ബന്ധപ്പെട്ട പരിശീലനപരിപാടികൾക്കുള്ള മൊഡ്യൂളും മാർഗ്ഗരേഖയും ശില്പശാല അംഗീകരിച്ചു. തൃശ്ശൂർ ജില്ലയിലെ തെക്കുംകര, എറിയാട് ഗ്രാമപഞ്ചായത്തുകളെ കേന്ദ്രീകരിച്ച് റഡാർ ഇന്ത്യയുടെയും കിലയുടെയും നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ് മാർഗ്ഗരേഖ തയ്യാറാക്കിയത്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, ജനപ്രതിനിധികൾ, കൃഷി ഓഫീസർമാർ, മൃഗഡോക്ടർമാർ, ഫിഷറീസ് ഉദ്യോഗസ്ഥർ, വിദ്യാഭ്യാസ ഓഫീസർമാർ, കില ഫാക്കൽററി അംഗങ്ങൾ തുടങ്ങിയവർ ശില്പശാലയിൽ പങ്കെടുത്തു. റഡാർ പ്രതിനിധികളായ ഡോ.ജോസ് സി.റാഫേൽ, മന്ദർ വൈദ്യ, അംഗോം ദില്ലി റോസ്, മൊബീർ ഷാ, കില കോർഡിനേറ്റർ എം. രേണുകുമാർ എന്നിവരാണ് കരട് നിർദ്ദേശങ്ങൾ അവതരിപ്പിച്ചത്. തുടർന്നു നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ രൂപം നൽകിയ മാർഗ്ഗനിർദ്ദേശങ്ങളും പരിശീലന മൊഡ്യൂളും കില ഡയറക്ടർ ഡോ. ജോയ് ഇളമണിനു കൈമാറി.



*ദുരന്തനിവാരണശേഷിയോടു കൂടിയ ആസൂത്രണപ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പരിശീലന മൊഡ്യൂളും കില ഡയറക്ടർ ഡോ. ജോയ് ഇളമണിനു കൈമാറിപ്പോൾ.*

## സുസ്ഥിരവികസനലക്ഷ്യങ്ങൾ: തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ ബോധവൽക്കരിക്കാൻ പരിശീലനപരിപടി

സുസ്ഥിരവികസന ലക്ഷ്യങ്ങളിലൂന്നി ജനകീയാസൂത്രണത്തിലൂടെ നവകേരള കർമ്മപരിപാടി കാര്യക്ഷമമായി നിർവഹിക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള പരിശീലനപരിപാടിക്കു തുടക്കമായി. സുസ്ഥിരവികസന ലക്ഷ്യങ്ങളിലൂന്നിയുള്ള പദ്ധതികൾ തയ്യാറാക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ പ്രാപ്തമാക്കുകയാണ് പരിശീലന ലക്ഷ്യം. ഇതിന്റെ മുന്നോടിയായുള്ള സംസ്ഥാനതല ഏകദിന പരിശീലക പരിശീലനം കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. പരിശീലനപരിപാടികളെക്കുറിച്ച് ഡോ. ജെ.ബി. രാജൻ വിശദീകരിച്ചു. കോർഡിനേററർ ഷൈജു സ്വാഗതമാശംസിച്ചു. ജനകീയാസൂത്രണത്തിന്റെ ജില്ലാ കോർഡിനേറ്റർമാരും രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ കോർഡിനേററർമാരുമാണ് പരിശീലക പരിശീലനത്തിൽ പങ്കെടുത്തത്.

ഗ്രാമപഞ്ചായത്തുകളിലെ വികസന-ക്ഷേമകാര്യ സ്ററാൻഡിംഗ് കമ്മിറ്റി മെമ്പർമാർക്കു ജില്ലാതലത്തിൽ തുടർ പരിശീലനം നൽകും. 2015 സെപ്റ്റംബറിൽ നടന്ന ഉച്ചകോടിയിൽ യു.എൻ. ജനറൽ അസംബ്ലിയിലെ 193 അംഗങ്ങളും അംഗീകരിച്ച "സുസ്ഥിരവികസന ലക്ഷ്യം-2030" 2016 ജനവരി ഒന്നുമുതൽ നിലവിൽ വന്നതാണ്. 2030 ഓടെ ഭൂമിയിലെ എല്ലാ ജനങ്ങൾക്കും അഭിവൃദ്ധിയാണ് ലക്ഷ്യം. നിരന്തരമായ ചർച്ചകളിലൂടെ സുസ്ഥിരവികസന നയത്തിലൂന്നിയ 17 അജണ്ടയാണ് അംഗീകരിച്ചിട്ടുള്ളത് സുസ്ഥിരവികസന ലക്ഷ്യങ്ങൾ കൈവരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു നിർണായക പങ്കുവഹിക്കാനുണ്ട്.

# വാർത്തകൾ വിശേഷങ്ങൾ

## കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഭേദഗതി ചെയ്തു

കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് 1999. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 എന്നിവ ഭേദഗതി ചെയ്ത് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 പുറപ്പെടുവിച്ചു.

## അജൈവ മാലിന്യം ശേഖരിക്കാൻ ക്ലീൻ കേരള കമ്പനിക്ക് അനുമതി

എല്ലാ സർക്കാർ അർധസർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, മറ്റ് സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഇ- മാലിന്യങ്ങൾ, ആപൽക്കരമായ മാലിന്യങ്ങൾ, പുനചംക്രമണ യോഗ്യമല്ലാത്ത മറ്റ് അജൈവ മാലിന്യങ്ങൾ എന്നിവയുടെ ശേഖരണം നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നതിന് ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകി ഉത്തരവായി.
(ജിഒ (ആർ ടി) നമ്പർ 2300/2019/ എൽഎസ്ജി ഡി, തീയതി 19. 10. 2019)

## മരണ രജിസ്ട്രേഷന് ആധാർ നിർബന്ധമല്ല

മരണ രജിസ്ട്രേഷൻ നടത്തുന്നതിന് മരിച്ചയാളുടെയോ അപേക്ഷകന്റെയോ ആധാർ വിവരങ്ങളോ ഡിക്ലറേഷനോ നിർബന്ധമായി ഹാജരാക്കുന്നതിന് നിഷ്കർഷിക്കേണ്ടതില്ല എന്ന് നിർദ്ദേശിച്ച് സർക്കുലർ പുറപ്പെടുവിച്ചു.
(സർക്കുലർ നമ്പർ ബി- 1/30277/ 2017, തീയതി 19. 10. 2019)

## പാഴ്വസ്തു വ്യാപാരികൾക്ക് രജിസ്ട്രേഷൻ

കേരളത്തിൽ പാഴ്വസ്തു വ്യാപാര മേഖലയിൽ പ്രവർത്തിക്കുന്ന വ്യാപാരികളുടെ രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായി പോലീസ് ക്ലിയറൻസ് ലഭ്യമാക്കുന്നതിന് പാഴ്വസ്തു വ്യാപാരികളിൽ നിന്ന് പോലീസ് വെരിഫിക്കേഷൻ ഫീസ് ആയ 525 രൂപ ഈടാക്കി തുക പോലീസ് വകുപ്പിൽ അടയ്ക്കുന്നതിന് ശുചിത്വമിഷന് അനുമതി നൽകി ഉത്തരവായി.
(ജിഒ (ആർ ടി) നമ്പർ 2299/2019/ എൽഎസ്ജി ഡി, തീയതി 19. 10. 2019)

## പെൻഷൻ ഗുണഭോക്താക്കളുടെ മസ്റ്ററിംഗ്: ഡിസംബർ 15 വരെ നീട്ടി

സാമൂഹ്യ സുരക്ഷാ പെൻഷൻ, ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾ മസ്റ്ററിംഗ് നടത്തേണ്ട തീയതി ഡിസംബർ 15 വരെ സർക്കാർ നീട്ടി. കിടപ്പുരോഗികളുടെ മസ്റ്ററിംഗ് അക്ഷയ കേന്ദ്രം പ്രതിനിധികൾ ഡിസംബർ 11 മുതൽ 15 വരെ വീട്ടിൽ വന്ന് ചെയ്യും. ഇവരുടെ വിവരങ്ങൾ കുടുംബാംഗം ഡിസംബർ ഒൻപതിനകം ബന്ധപ്പെട്ട തദ്ദേശസ്ഥാപന സെക്രട്ടറിയെ അറിയിക്കണം. ഇവരുടെ ലിസ്റ്റ് സെക്രട്ടറി ബന്ധപ്പെട്ട അക്ഷയ കേന്ദ്രത്തെ 10നകം അറിയിക്കണം. jeevanrekha.gov.in മുഖേന മാത്രമേ മസ്റ്ററിംഗ് നടത്താവൂ. മസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ അക്ഷയ കേന്ദ്രത്തിൽ നിന്നും രസീത് കൈപ്പറ്റണം. മസ്റ്റർ ചെയ്യുന്നതിന് ഗുണഭോക്താവ് അക്ഷയ കേന്ദ്രത്തിൽ ഫീസ് അടയ്ക്കേണ്ട. മസ്റ്റർ ചെയ്യുന്നവർക്ക മാത്രമേ അടുത്ത ഗഡു മുതൽ പെൻഷൻ ലഭിക്കുകയുള്ളൂ.

## ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്: പുതിയ മാർഗ്ഗനിർദ്ദേശങ്ങളായി

ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി കേരളത്തിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പഞ്ചായത്ത് ഡയക്ടർ പുറത്തിറക്കി. ഗ്രാമപഞ്ചായത്തുകളിലെ ഫ്രണ്ട് ഓഫീസിനോടനുബന്ധിച്ച് ഈസ് ഓഫ് ഡൂയിംഗ് ഹെൽപ് ഡെസ്കുകൾ ആരംഭിക്കും. ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക് എന്നിവർക്കായിരിക്കും ഇതിന്റെ ചുമതല. ഗ്രാമപഞ്ചായത്തുകളിൽ സംരംഭം ആരംഭിക്കാനെത്തുന്നവർക്ക് ആവശ്യമായ മുഴുവൻ സഹായവും ഹെൽപ് ഡെസ്കിൽ നിന്ന് നൽകണം. സർക്കാരിന്റെ വ്യവസായ നയം, നിയമങ്ങളിലും ചട്ടങ്ങളിലും വരുത്തിയ ലഘൂകരിച്ച വ്യവസ്ഥകൾ, കെ സ്വിഫ്റ്റ് ആപ്ലിക്കേഷൻ സംബന്ധിച്ച വിവരം എന്നിവ സഹായ ഡെസ്കിൽ ലഭിക്കും. ഹെൽപ് ഡെസ്ക് സജ്ജീകരിച്ചിട്ടുണ്ടെന്നും കൃത്യമായി പ്രവർത്തിക്കുന്നുവെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാരും പരിശോധന നടത്തി ഉറപ്പാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

അധികാരികളുടെ കൃത്യമായ നിരാക്ഷേപ പത്രമുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് ഭരണസമിതികൾ ലൈസൻസ് അപേക്ഷ നിരസിക്കുന്നത് ക്രമവിരുദ്ധമാണ്. ഇതുസംബന്ധിച്ച് പരാതികൾ ലഭിക്കുന്നുണ്ട്. ഭരണസമിതിയുടെ ഇത്തരം നടപടി 2018ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിനും 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടിനും വിരുദ്ധമായതിനാൽ പഞ്ചായത്ത് സെക്രട്ടറിമാർ ഭരണസമിതികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകണം. ഇതിനുശേഷവും ക്രമവിരുദ്ധമായി നടപടി സ്വീകരിച്ചാൽ ചട്ടങ്ങൾ പ്രകാരമുള്ള നടപടി സെക്രട്ടറി സ്വീകരിക്കാനും മാർഗ്ഗനിർദ്ദേശത്തിൽ വ്യക്തമാക്കുന്നു. പരമാവധി അഞ്ച് വർഷ കാലയളവിലേക്ക് നിശ്ചിത ഫീസ് ഈടാക്കിയാണ് ലൈസൻസ് അനുവദിക്കേണ്ടത്. ലൈസൻസ് നൽകുമ്പോൾ മറ്റു വകുപ്പുകളും സ്ഥാപനങ്ങളും നൽകുന്ന നിരാക്ഷേപ സാക്ഷ്യപത്രങ്ങൾക്ക് അഞ്ചു വർഷകാലയളവ് ഇല്ലെങ്കിൽ ഓരോന്നും അവസാനിക്കുന്ന തീയതി ലൈസൻസ് നിബന്ധനകളിൽ പ്രത്യേകം രേഖപ്പെടുത്തി നൽകണം. ഈ തീയതിക്ക് മുമ്പ് നിരാക്ഷേപ സാക്ഷ്യപത്രം പുതുക്കണമെന്നും അല്ലാത്തപക്ഷം ഉണ്ടാവുന്ന സാമ്പത്തിക ബാധ്യതയ്ക്കും മറ്റു നഷ്ടങ്ങൾക്കും ലൈസൻസിയായിരിക്കും ഉത്തരവാദിയെന്നും രേഖപ്പെടുത്തണമെന്ന് നിർദ്ദേശമുണ്ട്.
(സർക്കുലർ നമ്പർ PAN /6080/19/C 4 (DP), തീയതി 11.11.2019.)

**തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.**



# മാലിന്യസംസ്കരണത്തിലെ തളിപ്പറമ്പ് മാതൃക

■ എബ്രഹാം തോമസ് രഞ്ജിത്

**ഹരിതകർമ്മസേന എന്ന ആശയം ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രാവർത്തികമാക്കുകയാണ് തളിപ്പറമ്പ് നഗരസഭ. 'നെല്ലിക്ക' എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്തിയാണ് മാലിന്യശേഖരണ പ്രവർത്തനങ്ങൾ നടത്തുന്നതും മോണിറ്റർ ചെയ്യുന്നതും.**

മാലിന്യസംസ്കരണത്തെ വിഭവപരിപാലനം എന്ന സുസ്ഥിര വികസന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ നോക്കികാണുകയും ആ അത്തരത്തിലുള്ള നടപടികളും പദ്ധതികളുമായി മുന്നോട്ടു പോകുകയുമാണ് കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് മുനിസിപ്പാലിറ്റി. മാലിന്യസംസ്കരണത്തിൽ വിജയമാതൃക സൃഷ്ടിക്കുന്നതിന് ലോകോത്തര സാങ്കേതികവിദ്യ അന്വേഷിച്ച് പോകേണ്ടതില്ല, പകരം കൃത്യമായ ബിസിനസ് പ്ലാനും ദൈനംദിന മോണിറ്ററിംഗും സാധ്യമാക്കുകയാണ് വേണ്ടത് എന്നതിന് തെളിവാണ് തളിപ്പറമ്പ്. ഇവർ സാങ്കേതികവിദ്യയെ ആശ്രയിക്കുന്നത് മാലിന്യം സംസ്കരിക്കുന്നതിനായല്ല, മറിച്ച് ശേഖരണം, യൂസർ ഫീ കളക്ഷൻ, സേവനം ഉറപ്പാക്കൽ, അളവ് തിട്ടപ്പെടുത്തൽ തുടങ്ങിയ മാനേജ്മെന്റ് രീതികൾക്കാണ്.

ഹരിതകേരള മിഷന്റെ ഹരിതകർമ്മ സേന എന്ന ആശയം വ്യത്യസ്തമായ രീതിയിൽ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രാവർത്തികമാക്കുകയാണ് തളിപ്പറമ്പ് നഗരസഭ ചെയ്തത്. നിർമ്മൽ ഭാരത് ചാരിറ്റബിൾ ട്രസ്റ്റ് എന്ന സംഘടനയാണ് നഗരസഭയ്ക്ക് ഇതിനുള്ള സാങ്കേതിക പിന്തുണ ലഭ്യമാക്കുന്നത്. സംഘടന രൂപപ്പെടുത്തിയ 'നെല്ലിക്ക' എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്തിയാണ് മാലിന്യശേഖരണ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നത്. ഓരോ വീട്ടിലും മാലിന്യശേഖരണത്തിനായി എത്തുന്ന ഹരിതകർമ്മസേന അംഗത്തിനും വീട്ടുകാർക്കും വ്യത്യസ്തമായ ആപ്ലിക്കേഷൻ ആണ് നൽകിയിരിക്കുന്നത്.

ആപ്ലിക്കേഷനിലൂടെ മാലിന്യശേഖരണ ദിവസം, സമയം, പ്ലാസ്റ്റിക്കിനോടൊപ്പം ഓരോ മാസവും ശേഖരിക്കുന്ന മറ്റ് പാഴ്വസ്തു, ഇനം തുടങ്ങിയ വിവരങ്ങൾ



മൊബൈൽ സന്ദേശമായി നല്കുന്നതിലൂടെ ജനങ്ങൾക്ക് പാഴ്‌വസ്തുക്കൾ തയ്യാറാക്കി വയ്ക്കുന്നതിനും യൂസർ-ഫീ കരുതിവയ്ക്കുന്നതിനും സാധിക്കുന്നു.

നഗരസഭാ പരിധിയിലെ മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും സർവ്വേ നടത്തി QR കോഡ് പതിച്ചാണ് പ്രവർത്തനം ആരംഭിച്ചത്. ഹരിതകർമ്മസേന വീട്ടിലെത്തി ആദ്യം അവരുടെ മൊബൈലിൽ ഇൻസ്റ്റാൾ ചെയ്തിട്ടുള്ള ആപ്ലിക്കേഷൻ ഉപയോഗിച്ച് QR കോഡ് സ്കാൻ ചെയ്യുന്നു. മൊബൈൽ നമ്പരോ കെട്ടിട നമ്പരോ നൽകിയും അവരുടെ വിവരങ്ങൾ പരിശോധിക്കാം. അവിടെനിന്നും ശേഖരിക്കുന്ന മാലിന്യത്തിന്റെ തൂക്കവും ഈടാക്കുന്ന യൂസർഫീയും ആപ്ലിക്കേഷനിൽ രേഖപ്പെടുത്തുമ്പോൾ വീട്ടുടമസ്ഥന്റെ മൊബൈൽ ഫോണിൽ സ്ഥിരീകരണ സന്ദേശം ലഭിക്കുന്നു. കോഡ് സ്കാൻ ചെയ്യുമ്പോൾ ലഭിക്കുന്ന ഡാറ്റയിൽ അഡ്രസ്സ്, ഫോൺ നമ്പർ, കഴിഞ്ഞ മാസങ്ങളിലെ വിശദാംശങ്ങൾ തുടങ്ങിയവ ലഭ്യമാകും. വീട്ടിൽ ആൾക്കാർ ഇല്ലാത്ത അവസരത്തിൽ ആവശ്യമെങ്കിൽ അവരുമായി ഫോണിൽ ബന്ധപ്പെടാനും സാധിക്കും.

വീട്ടുകാർ അവരുടെ മൊബൈൽ പരിശോധിച്ചാൽ തന്റെ വീട്ടിൽ വന്ന ഹരിതകർമ്മസേനാംഗത്തിന്റെ പേരടക്കമുള്ള മുഴുവൻ വിവരങ്ങളും ലഭ്യമാകും. ഇനി അവർ വരുന്ന തീയതി അറിയുവാനും അടിയന്തരമായി നീക്കം ചെയ്യേണ്ട മാലിന്യങ്ങളാണെങ്കിൽ അതിന് സഹായം അഭ്യർത്ഥിക്കാനും ഈ ആപ്ലിക്കേഷൻ സഹായിക്കുന്നു. ബോധവൽക്കരണ സന്ദേശങ്ങൾ ദിവസേന ഈ ആപ്ലിക്കേഷനിൽ ലഭ്യമാകുന്നുണ്ട്. ഓരോ ദിവസവും വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന പാഴ്‌വസ്തുക്കളുടെ അളവിന്റെ വിവരങ്ങളും ലഭിക്കും. ഹരിതകർമ്മസേനാംഗത്തിന് ജി.പി.ആർ.എസ്. സംവിധാനം ഉപയോഗിച്ച് വീടുകളുടെ കൃത്യമായ സ്ഥാനം മനസ്സിലാക്കുന്നതിന് ആപ്ലിക്കേഷനിലൂടെ സാധിക്കുന്നു. ഹരിതകർമ്മസേനാംഗത്തെകുറിച്ചോ ശേഖരണരീതിയെകുറിച്ചോ പരാതികൾ ഉണ്ടെങ്കിൽ അത് ആപ്ലിക്കേഷനിലൂടെ ബന്ധപ്പെട്ടവരെ അറിയിക്കുന്നതിനും കഴിയും.

●●●

**തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്ന മോണിറ്ററിംഗ് ആപ്ലിക്കേഷനിൽ ഹരിതകർമ്മസേന അംഗങ്ങളുടെ ഹാജർ, ഓരോ വീട്ടിലും അവർ ചെലവഴിക്കുന്ന സമയം, ശേഖരിക്കുന്ന മാലിന്യത്തിന്റെ അളവ്, യൂസർ ഫീയായി ലഭിച്ച തുകയുടെ വിശദാംശങ്ങൾ, പൊതുജനങ്ങളുടെ പരാതികൾ മുതലായ മുഴുവൻ കാര്യങ്ങളും ലഭിക്കും.**

●●●

തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്ന മോണിറ്ററിംഗ് ആപ്ലിക്കേഷനിൽ ഹരിതകർമ്മസേന അംഗങ്ങളുടെ ഹാജർ, ഓരോ വീട്ടിലും അവർ ചെലവഴിക്കുന്ന സമയം, ശേഖരിക്കുന്ന മാലിന്യത്തിന്റെ അളവ്, യൂസർ ഫീയായി ലഭിച്ച തുകയുടെ വിശദാംശങ്ങൾ, പൊതുജനങ്ങളുടെ പരാതികൾ മുതലായ മുഴുവൻ കാര്യങ്ങളും ലഭിക്കും. ഓരോ ദിവസവും സേവനം നൽകുന്ന വീടുകളുടെ എണ്ണം, ഓരോ വീട്ടിൽ നിന്നും കൈമാറിയ പാഴ്‌വസ്തുക്കളുടെ അളവ്, യൂസർ-ഫീ പിരിച്ചതിന്റെ വിശദാംശങ്ങൾ എന്നിവയെല്ലാം ആപ്ലിക്കേഷനിലൂടെ സൂപ്പർവൈസർക്ക് ലഭ്യമാകുകയും ഇതിലൂടെ കൃത്യമായ മോണിറ്ററിംഗ് സാധ്യമാവുകയും ചെയ്യുന്നു. മാത്രമല്ല, ഓരോ ജീവനക്കാർക്കും നിശ്ചയിച്ച് നൽകിയിട്ടുള്ള മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും സേവനം നൽകുവാൻ കഴിഞ്ഞിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ കണ്ടെത്തി പരാതികൾക്ക് ഇടയാകാത്ത വിധം പരിഹരിക്കുന്നതിനും സാധിക്കുന്നു. ഇതിലൂടെ ഹരിതകർമ്മസേനയുടെ പ്രവർത്തനത്തെ കൃത്യമായി നിരീക്ഷിക്കാൻ മുനിസിപ്പാലിറ്റിക്ക് സാധിക്കുന്നു.

## മുന്നൊരുക്കം

ജനസാന്ദ്രതയേറിയ നഗരസഭയ്ക്ക് കുമിഞ്ഞുകൂടിക്കൊണ്ടിരുന്ന മാലിന്യം വലിയ തലവേദനയാണ് സൃഷ്ടിച്ചിരുന്നത്. നാൾക്കുനാൾ പ്രശ്നം രൂക്ഷമായി കൊണ്ടിരിക്കെ 2015-16 കാലയളവിലാണ് മാലിന്യ ശേഖരണത്തിനായി നഗരസഭയിൽ നിർമ്മൽ ഭാരത് ചാരിറ്റബിൾ ട്രസ്റ്റ് ഒരു പദ്ധതി





സമർപ്പിക്കുന്നത്. പദ്ധതി പ്രകാരം നഗര സഭയിലെ മുഴുവൻ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാസത്തിൽ ഒരു തവണ പ്ലാസ്റ്റിക് പാഴ്‌വസ്തുക്കളും അതോടൊപ്പം ഗ്ലാസ്, തുണി, ഇ-വേസ്റ്റ്, ചെരുപ്പ്, ബാഗ് എന്നീ 5 ഇനങ്ങളിൽ ഒരു ഇനവും ഓരോ മാസവും മാറി മാറി ശേഖരിക്കുന്നതിന് ആരംഭിച്ചു. ഇവ തരംതിരിച്ച് സൂക്ഷിക്കുന്നതിനുള്ള ബാഗുകൾ നിർമ്മൽ ഭാരത് ചാരിറ്റബിൾ ട്രസ്റ്റ് വീടുകൾക്കും സ്ഥാപനങ്ങൾക്കും നല്കി. ശേഖരിക്കുന്നതിനായി ഓരോ വാർഡിലെയും വീടുകളുടെയും സ്ഥാപനങ്ങളുടെയും എണ്ണം, ഇവയുടെ അകലം, ഓരോ വാർഡിലും ആകെ സഞ്ചരിക്കേണ്ട ദൂരം എന്നിവ കണക്കാക്കി ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിച്ചു. നഗരസഭയിൽ ആകെയുള്ള 34 വാർഡുകളിലെ 15150 മാലിന്യ ഉറവിടങ്ങളിൽ (വീടുകൾ, സ്ഥാപനങ്ങൾ) നിന്നും പാഴ്‌വസ്തുക്കൾ ശേഖരിക്കുന്നതിനായി 34 ഹരിതകർമ്മസേനാംഗങ്ങളെയാണ് തെരഞ്ഞെടുത്ത് പരിശീലനം നൽകി നിയോഗിച്ചത്. ഇവർ വീടുകളും സ്ഥാപനങ്ങളും കയറിയിറങ്ങി തരംതിരിച്ച് സൂക്ഷിച്ചിട്ടുള്ള അജൈവ പാഴ്‌വസ്തുക്കൾ ശേഖരിക്കുന്നു.

ആദ്യഘട്ടത്തിൽ വീടുകളിലും സ്ഥാപനങ്ങളിലും സൂക്ഷിച്ചിട്ടുള്ള പാഴ്‌വസ്തുക്കളുടെ അളവ് മനസിലാക്കുന്നതിനും ശേഖരണ പരിപാടിയെകുറിച്ചും യൂസർ - ഫീ സംബന്ധിച്ചും അവബോധം സൃഷ്ടിക്കുന്നതിനുമായി 5 പേരടങ്ങുന്ന സന്നദ്ധപ്രവർത്തക സംഘം വീടുവീടാന്തരം ബോധവത്ക്കരണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിരുന്നു. ഇതിലൂടെ പരമാവധി ആളുകളെ പദ്ധതിയുമായി സഹകരിപ്പിക്കാൻ സാധിച്ചതിന് പുറമേ ദിവസേന ശേഖരിക്കേണ്ട മാലിന്യത്തിന്റെ അളവ്, അവ ശേഖരിക്കുന്നതിനും തരംതിരിക്കുന്നതിനും ആവശ്യമായി വരുന്ന തൊഴിലാളികളുടെ എണ്ണം, തരംതിരിച്ച് സൂക്ഷിക്കുന്നതിന് ആവശ്യമായി വരുന്ന സ്ഥലസൗകര്യംഎന്നിവ സംബന്ധിച്ച് ധാരണ ഉണ്ടാക്കുന്നതിന് സാധിച്ചിരുന്നു.

## തരംതിരിവും ലോഡിംഗും

മാലിന്യപരിപാലനത്തിലെ വെല്ലുവിളി എന്നുപറയുന്നത് പരിപാലന- സംസ്കരണ കേന്ദ്രത്തിലേക്കുള്ള ഗതാഗതവും ചെലവുമാണ്. ഇവിടെയാണ് ബേലിംഗ്, വണ്ടിയിലേക്കുള്ള ലോഡിംഗ് എന്നിവയുടെ പ്രാധാന്യം. ഇതിനായി ഈ മേഖലയിൽ പ്രവർത്തിച്ച് പരിചയമുള്ള ആളുകളെ കണ്ടെത്തി ജീവനക്കാർക്ക് പരിശീലനം നൽകി. ഇതിലൂടെ തരംതിരിവ്, ബേലിംഗ്, ലോഡിംഗ് എന്നീ മേഖലകളിൽ പരമാവധി കാര്യക്ഷമത കൈവരിക്കുന്നതിന് സാധിച്ചു. പ്രാവീണ്യമുള്ള ആളുകൾ ജോലി ചെയ്യാൻ തുടങ്ങിയതോടുകൂടി 125 മുതൽ 135 വരെ കിലോഗ്രാം തൂക്കം ഉണ്ടായിരുന്ന ഓരോ ബേലിംഗ് ബ്ലോക്കുകളും 150-155 കിലോഗ്രാമായി ഉയർത്തുന്നതിന് സാധിച്ചു. ഇതോടെ വാഹനങ്ങളിൽ 14 ടണ്ണോളം കയറ്റുന്നതിനും ഒരു കിലോ പാഴ്‌വസ്തുവിന്റെ ശരാശരി കടത്തുകൂലി 5 രൂപയിൽ നിന്നും 4.25 രൂപയായി കുറയ്ക്കുന്നതിനും സാധിച്ചു. മൈസൂർ, ഗുജറാത്ത്, പോണ്ടിച്ചേരി, മംഗലാപുരം തുടങ്ങിയ സ്ഥലങ്ങളിലേക്കാണ് പുനഃചംക്രമണത്തിനായി പാഴ്‌വസ്തുക്കൾകൊണ്ടുപോകുന്നത്. ബാഗുകൾ, ചെരുപ്പുകൾ പോലുള്ളവ സിമെന്റ് ഫാക്ടറികളിൽ ഇന്ധനമായി ഉപയോഗിക്കുന്നതിനായി നൽകുന്നു. ഇ-മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നു.

## എം.സി.എഫ്.

ഏകദേശം 2000 ച.കി.മീ. വിസ്തീർണ്ണമുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയാണ് മുനിസിപ്പാലിറ്റി നിർമ്മിച്ചിട്ടുള്ളത്. ഇതിന് 18 ലക്ഷം രൂപ ചെലവായി. ശേഖരിച്ച് കൊണ്ടുവരുന്ന പാഴ് വസ്തുക്കൾ തരംതിരിക്കുന്നതിനും ഇനം അനുസരിച്ച് സൂക്ഷിക്കുന്നതിനുമുള്ള സൗകര്യം ഇവിടെ ഉണ്ട്. ഏകദേശം 10200 വീടുകൾ/ സ്ഥാപനങ്ങൾക്കാണ് നിലവിൽ സേവനം നൽകുന്നത്. ഇതിൽനിന്നും മാസം ഏകദേശം 7-8 ടൺ കട്ടി കുറഞ്ഞ പ്ലാസ്റ്റിക്കുകളും ഒരു ടണ്ണോളം കട്ടിയുള്ള പ്ലാസ്റ്റിക്കുകളും 20-24 ടൺ പാഴ്കടലാസുകളുമാണ് പ്രധാനമായും ലഭിക്കുന്നത്. ഇതിന് പുറമെ 6 മാസത്തിൽ ഒരിക്കൽ ചില്ല് (15-20 ടൺ), ചെരിപ്പ് - 15 ടൺ, ബാഗ് - 6-8 ടൺ, ഇ-മാലിന്യം -2.5 ടൺ എന്നിവ ശേഖരിക്കുന്നുണ്ട്.

## സ്ത്രീകൾക്ക് തൊഴിൽ

ശരാശരി 10000 രൂപ വീതം 35 പേർക്ക് പ്രതിമാസം ശമ്പളം നൽകുന്ന പദ്ധതിയിൽ പ്രവർത്തിക്കുന്ന 80 % പേരും സ്ത്രീകളാണ്. ദിവസേന 5-6 മണിക്കൂർ മാത്രം ജോലി ചെയ്ത് മോശമല്ലാത്ത ഒരു തുക സമ്പാദിക്കുന്നതിനും ആത്മവിശ്വാസത്തോടെ ജീവിക്കുന്നതിനും സ്ത്രീകൾക്ക് അവസരമുണ്ടാക്കിയിരിക്കുകയാണ് ഈ പദ്ധതി.

☐

*ലേഖകൻ ശുചിത്വ മിഷനിൽ പ്രോഗ്രാം ഓഫീസറാണ്*





മാതൃക

# കണ്ടാണശ്ശേരി തട്ടകത്തിലെ കളമൊരുക്കം

■ ഷെയിൻ ചാക്കോ

"ഒരു കുളം ഒരു തടാകം, മുകൾപ്പരപ്പിൽ നിറഞ്ഞുമുറ്റിയ പായൽ. പായൽ മാത്രം. ജലം കാണാനേ ഇല്ല. അപ്പോൾ തടാകത്തിന്റെ മധ്യത്തിൽ ഒരു കല്ല് വീഴുന്നു. കല്ല് എവിടെ വീണുവോ അവിടെ മാത്രം ചലനം. ഒരു ചലനം. ആ ചലനത്തിൽ പേറ് നടക്കണം. ഇല്ലേ മരണം

*ജലം എന്നാൽ ജീവൻ*
*ചലനം എന്നാൽ ജീവന്റെ ചലനം"*

(കോവിലൻ:-തട്ടകം)

തൃശ്ശൂർ ജില്ലയിലെ ഗുരുവായൂരിനടുത്ത് സ്ഥിതി ചെയ്യുന്ന 16 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പഞ്ചായത്ത്-കണ്ടാണശ്ശേരി. കോവിലന്റെ തട്ടകത്തിലൂടെ ആസ്വാദകമനസ്സിൽ ഇടംപിടിച്ച "മൂപ്പിലശ്ശേരി"ക്ക് വിത്ത് പാകിയ മായികഭൂമി. പെരുന്തച്ചൻ ക്ഷേത്ര നിർമ്മാണത്തിനിടയ്ക്ക് ഉളിതിരുകിവെച്ചെന്ന് ഐതിഹ്യങ്ങളിലിടം നേടിയ അരികന്നിയൂർ ക്ഷേത്രം സ്ഥിതി ചെയ്യുന്ന, മാമുനിമാരുടെ തപസ്സിന് അറയൊരുക്കിയ, ആത്മാക്കളുടെ നിത്യശാന്തിക്ക് കുടക്കല്ലിന്റെ മേലാപ്പൊരുക്കിയ, അത്ഭുതനീരുറവ പ്രത്യക്ഷപ്പെട്ട് വിശ്വാസികളുടെ ആശ്വാസമായ നാട്-കണ്ടാണശ്ശേരി.

ഇവിടെ കാർഷികവൃത്തിയിലൂന്നിയ ജീവിതചര്യ തുടരുന്ന ഭൂരിഭാഗം ജനങ്ങളും. കാലാവസ്ഥാ വ്യതിയാനവും മഴലഭ്യതക്കുറവും കർഷകരുടെ മനസ്സിൽ ആശങ്കയുടെ നിഴൽ പരത്തിയ കാലം. പെയ്തൊഴിയുന്ന



വരും തലമുറയെ വേനലിന്റെ വറുതിയിലേക്ക് തള്ളിവിടാതിരിക്കാൻ, പരിസ്ഥിതിക്കും കർഷികവ്യവസ്ഥിതിക്കും ഇനിയൊരാഘാതമേൽക്കാതിരിക്കാൻ ഒരെളിയ ശ്രമം.... കണ്ടാണശ്ശേരിയിൽ കളമൊരുക്കം തുടരുകയാണ്...........

മഴയെ എങ്ങനെ കുടെക്കൂട്ടാം എന്ന ചിന്തയ്ക്ക് ആഴം വന്നു.

കുളങ്ങളെയും ജലാശയങ്ങളെയും ഇനിയും മരിക്കാൻ അനുവദിച്ചുകൂടാ എന്ന തീരുമാനം മാത്രമല്ല സാധ്യമായ എല്ലാ സംവിധാനങ്ങളുപയോഗിച്ചും പുതിയ കുളങ്ങൾ നിർമ്മിക്കേണ്ട ആവശ്യകതയെക്കുറിച്ചും എല്ലാവരും ബോധവാൻമാരായി. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ അതിലെ അംഗങ്ങൾ ഈ ആശയത്തിന് ജീവൻ നൽകി. തരിശായി കിടന്നിരുന്ന പ്രദേശങ്ങൾ, വെട്ടിതെളിച്ച്, വാരകോരി, ചെത്തിയിറക്കി, പടവുകളൊരുക്കി അവർ മഴത്തുള്ളികളെ കുടിയിരുത്തി.

സന്നദ്ധരായ വ്യക്തികളുടെ പുരയിടങ്ങളിൽ സൗജന്യമായി കുളമൊരുക്കാം എന്ന ആശയത്തെ സംശയത്തോടെ വീക്ഷിച്ചവരേറെ, സ്ത്രീകൾ മാത്രം അതും പുല്ലുപറിക്കൽ മാത്രം ചെയ്യുന്നവരെന്ന് പഴികേൾക്കുന്ന ഇത്തരമൊരു കൂട്ടായ്മ എങ്ങനെ ഇത് പൂർത്തിയാക്കുമെന്ന് സന്ദേഹിച്ചവർ അതിലേറെ. തിരുവത്ര കണ്ടിയൂർ സ്വദേശി പള്ളിക്കൽ ശ്രീധരനാണ് വീട്ടുവളപ്പിൽ കൃഷിയാവശ്യങ്ങൾക്കും ജലസംരക്ഷണത്തിനുമായി ഒരു കുളം വേണം എന്നതിന് ആദ്യമായി സന്നദ്ധത അറിയിച്ചത്. ശരാശരി 25 തൊഴിലാളികൾ, ഏകദേശം 40 ദിവസത്തെ പണി. ഏറ്റവും അടിയിലേക്കിറങ്ങാൻ 20 പടവുകൾ സഹിതം 120 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള കുളം. സന്ദേഹികൾ പറന്നകന്നു. മണ്ണ് ഉർവ്വരമായി. വൃക്ഷത്തലപ്പുകൾ ആഹ്ലാദത്തോടെ തലയാട്ടി. മഴമേഘങ്ങൾ നിറഞ്ഞനുഗ്രഹിച്ചു. ടിപ്പുവിന്റെ പടയെ വീറോടെ നേരിട്ട ആ പാരമ്പര്യത്തിന്റെ കണ്ണിചോരാതെ ജലക്ഷാമത്തിനെതിരെ ഉശിരോടെ പൊരുതുന്നു കണ്ടാണശ്ശേരിയിലെ തൊഴിലുറപ്പ് അംഗങ്ങൾ. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 9 കുളങ്ങളാണ് ഇവർ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിർമ്മിച്ചത്. വിദഗ്ധ തൊഴിലാളികൾ മാത്രം ചെയ്തിരുന്ന ഇത്തരം ജോലികൾ കൂട്ടായ അധ്വാനത്തിലൂടെ കൈപ്പിടിയിലൊതുക്കിയിരിക്കുന്നിവർ. ഈ തുലാപെയ്ത്തിനുശേഷം 2 വാർഡുകളിൽ കുളത്തിന്റെ നിർമ്മാണം ആരംഭിക്കാനിരിക്കുന്നു. പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. പ്രമോദിന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയും ജീവനക്കാരും തൊഴിലുറപ്പ് വിഭാഗവും ചൊവ്വന്നൂർ ബ്ലോക്കിലെ ഉദ്യോഗസ്ഥരും-എല്ലാവരുടെയും ഒത്തൊരുമിച്ചുള്ള പ്രവർത്തനം ഈ മഹത്തായ പ്രവൃത്തിക്ക് ഗതിവേഗം നൽകുന്നു.

മൺമറഞ്ഞ ജലാശയങ്ങൾക്കും നികത്തപ്പെട്ട കുളങ്ങൾക്കും പ്രായശ്ചിത്തമായി പുതുകാലത്തിന്റെ സാന്ത്വനം. വരും തലമുറയെ വേനലിന്റെ വറുതിയിലേക്ക് തള്ളിവിടാതിരിക്കാൻ, പരിസ്ഥിതിക്കും കർഷികവ്യവസ്ഥിതിക്കും ഇനിയൊരാഘാതമേൽക്കാതിരിക്കാൻ ഒരെളിയ ശ്രമം.... കണ്ടാണശ്ശേരിയിൽ കളമൊരുക്കം തുടരുകയാണ്........... □

*ലേഖകൻ കണ്ടാണശ്ശേരി ഗ്രാമ പഞ്ചായത്ത് അക്കൗണ്ടന്റാണ്*





# അഴിയൂരിൽ മുടി മാലിന്യം സംസ്ക്കരിക്കാൻ പദ്ധതി

കോഴിക്കോട് ജില്ലയിലെ അഴിയൂർ ഗ്രാമ പഞ്ചായത്തിൽ ബാർബർ ഷോപ്പ്, ബ്യൂട്ടിപാർലർ എന്നിവയിലെ മുടി മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുവാൻ സംവിധാനം ഒരുങ്ങി. പുതുപ്പാടി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന എം.ആർ. എം സ്റ്റാർട്ടപ്പ് കമ്പനിയുമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്. 23 സ്ഥാപനങ്ങളാണ് തുടക്കത്തിൽ പദ്ധതിയുമായി സഹകരിക്കുന്നത്. കുഞ്ഞിപ്പള്ളിയിൽ വെച്ച് മുടി മാലിന്യങ്ങളുടെ വാഹനത്തിന്റെ ഫ്ലാഗ് ഓഫ് സി.കെ. നാണു എംഎൽഎ നിർവ്വഹിച്ചു.

ബാർബർ ഷോപ്പിലെയും ബ്യൂട്ടീഷൻ ഷോപ്പിലെയും മുടി മാലിന്യങ്ങൾ പ്രത്യേക സഞ്ചിയിൽ സൂക്ഷിച്ച് കമ്പനി വാഹനത്തിൽ കൊണ്ടുപോയി ശാസ്ത്രീയമായി പ്രകൃതിക്ക് ദോഷം ഉണ്ടാക്കാത്ത രീതിയിൽ സംസ്കരിക്കുകയാണ് ചെയ്യുക. ഓരോ തവണയും മാലിന്യം എടുക്കുമ്പോൾ 400 രൂപ ഫീസ് ഈടാക്കും. മലേഷ്യൻ ടെക്നോളജി ഉപയോഗിച്ചാണ് മുടി മാലിന്യം സംസ്കരിക്കുന്നത്.. പദ്ധതിയിൽ ചേർന്നവർക്ക് നല്കുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലായിരിക്കും പഞ്ചായത്ത് ഇനി സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുക. ഈ പദ്ധതിയിൽ അംഗമാകാത്തവരെ പ്രവർത്തിക്കുവാൻ അനുവദിക്കുന്നതല്ല. ചാക്കിൽ കെട്ടിയ മുടി മാലിന്യം റോഡ് സൈഡിലും പുഴയോരത്തും കടൽ തീരങ്ങളിലും വ്യാപകമായി കണ്ടെത്തിയതിനെ തുടർന്ന് ധാരാളം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് പദ്ധതി ആസൂത്രണം ചെയ്തത്. കോഴി മാലിന്യത്തിന് പുറമെ മുടി മാലിന്യവും ശാസ്ത്രീയമായി സംസ്കരിക്കുന്നതിലൂടെ അഴിയൂർ പഞ്ചായത്ത് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ മികച്ച മാതൃകകളാണ് സൃഷ്ടിക്കുന്നത്. ടെയ്‌ലറിംഗ് ഷോപ്പിലെ തുണി മാലിന്യം സംസ്കരിക്കുവാനും പഞ്ചായത്തിൽ പദ്ധതി ഉണ്ട്.

# പ്ലാസ്റ്റിക് മാലിന്യ രഹിത പഞ്ചായത്താകാൻ എടവിലങ്ങ്



ജലാശയങ്ങളിലും പരിസരത്തും ഉപേക്ഷിക്കുന്ന കാരിബാഗുകൾ, കളിപ്പാട്ടങ്ങൾ, മറ്റ് അജൈവ പാഴ്‌വസ്തുക്കൾ തുടങ്ങിയവ പരിസ്ഥിതിക്ക് ആപത്തായി മാറുന്ന സാഹചര്യം ഇല്ലാതാക്കി, പ്ലാസ്റ്റിക് മാലിന്യ രഹിത പഞ്ചായത്താകാൻ തയ്യാറെടുക്കുകയാണ് എടവിലങ്ങ് ഗ്രാമപഞ്ചായത്ത്.

പ്ലാസ്റ്റിക്ക് പൂർണ്ണമായും ഉപേക്ഷിക്കുവാൻ കഴിയാത്ത ഇന്നത്തെ സാഹചര്യത്തിൽ, ജനങ്ങൾക്കിടയിൽ അവബോധം വളർത്തിയും പ്ലാസ്റ്റിക് മാലിന്യവും പാഴ്‌വസ്തുക്കളും സംസ്കരിക്കുന്നതിന് ശാസ്ത്രീയ സംവിധാനങ്ങൾ ഏർപ്പെടുത്തിയും പ്ലാസ്റ്റിക് മാലിന്യരഹിത പഞ്ചായത്തെന്ന ലക്ഷ്യത്തിലേക്ക് നീങ്ങുക എന്നതാണ് പഞ്ചായത്തിന്റെ സമീപനം.

വാർഡ് മെമ്പർമാർ, കുടുംബശ്രീ, തൊഴിലുറപ്പ്, ആരോഗ്യ പ്രവർത്തകർ, ആശാ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ വിപുലമായ ബോധവൽക്കരണത്തിലൂടെ ആരോഗ്യ, ശുചിത്വ സന്ദേശം ജനങ്ങളിൽ എത്തിച്ചാണ് ഈ മുൻകൈ പ്രവർത്തനത്തിന് പഞ്ചായത്ത് തുടക്കമിട്ടത്. 2019 ഫെബ്രുവരി ഒന്നിന് പഞ്ചായത്തിൽ ഒരു പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് ആരംഭിച്ചു. കുടുംബങ്ങളും സ്ഥാപനങ്ങളും അവരുണ്ടാക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കഴുകി വൃത്തിയാക്കി സ്വന്തം ഉത്തരവാദിത്തത്തിൽ സൂക്ഷിക്കുന്നു. ഹരിതകർമ്മസേനാംഗങ്ങൾ ഇത് ശേഖരിച്ച് ഷ്രെഡിംഗ് യൂണിറ്റിൽ എത്തിക്കുന്നു.

വീടുകളിൽ നിന്ന് 30 രൂപ വീതവും സ്ഥാപനങ്ങളിൽ നിന്ന് 50 രൂപ വീതവും യൂസർ ഫീ ഈടാക്കുന്നു.

നാളിതുവരെ ഏകദ്ദേശം 680 ചാക്ക് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ച് ഷ്രെഡിങ്ങ് നടത്തി. ഇത് റോഡ് ടാറിംഗിനായി ക്ലീൻ കേരള കമ്പനിക്ക് കൈമാറി.

പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറച്ച്, ആരോഗ്യമുള്ള സമൂഹത്തെ സൃഷ്ടിക്കുകയാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നതെന്ന് എടവിലങ്ങ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.പി.ആദർശ് പറയുന്നു.







# ഷോക്കേസ്സിൽ ചേക്കേറിയ പറയും ചങ്ങഴിയും നാഴിയും

■ മുരളീധരൻ തഴക്കര

ആറ്റിൽ കളഞ്ഞാലും അളന്നു കളയണം എന്ന പഴമൊഴി സൃഷ്ടിച്ച മലയാളി, സ്വന്തം ധാന്യശേഖരം അളക്കാൻ ആവശ്യാധിഷ്ഠിതമായ അളവുപാത്രങ്ങളും സൃഷ്ടിച്ചു.

പത്തായത്തിനരികിൽ കാത്തുനിന്ന് അന്നന്നത്തെ ആഹാരത്തിന് അരി അളന്ന് വാങ്ങിയിരുന്ന അനന്തിരവന്മാരുടെ കാലം കഴിഞ്ഞു. മരുമക്കത്തായത്തിന്റെ ചൂടേറിയ ദിനങ്ങളായിരുന്നു അത്. കൂട്ടുകുടുംബത്തിൽ എത്രപേർ ഉണ്ടെന്ന് നോക്കിയാണ് അളവ്. നാഴി, ഇടങ്ങഴി, പറ എന്നിങ്ങനെയായിരുന്നു അളവുകൾ. ആറ്റിൽ കളഞ്ഞാലും അളന്നു കളയണം എന്ന പഴമൊഴി സൃഷ്ടിച്ച മലയാളി, സ്വന്തം ധാന്യശേഖരം അളക്കാൻ ആവശ്യാധിഷ്ഠിതമായ അളവുപാത്രങ്ങളും സൃഷ്ടിച്ചു.

കേരളം മുഴുവൻ ഇതേ അളവു സമ്പ്രദായം ഏറിയോ കുറഞ്ഞോ നിലനിന്നു. മലബാറിൽ അളവു സമ്പ്രദായത്തിൽ ചില്ലറ വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. നാഴിയും പറയും ഏകീകരിക്കപ്പെട്ട അളവുകളായിരുന്നു. ഇടങ്ങഴി എന്ന അളവ് ചിലേടത്ത് നാല് നാഴിയും മറ്റു ചിലേടത്ത് അഞ്ചുനാഴിയും ആയിരുന്നു. നാട്ടുഭാഷയിൽ നാം ചില താരതമ്യപ്പെടുത്തലുമായി ബന്ധപ്പെട്ട് സാധാരണ പറയാറില്ലേ, എല്ലാം കണക്കാ, ഒരു പറയും പത്തിടങ്ങഴിയും! എന്ന്. ധാന്യങ്ങൾ അളക്കാൻ മാത്രമല്ല ദ്രാവകങ്ങൾ അളക്കാനും, പൂവ് അളക്കാനും പഴയകാലത്ത് പറ ഉപയോഗിച്ചിരുന്നു. ക്ഷേത്രങ്ങളിലും രാജാക്കന്മാർക്ക് മുന്നിലും പറയിൽ പൊന്നളക്കുന്നത് സമ്പത്തിന്റെ പ്രകടനമായി കരുതപ്പെടുന്നു. ഇങ്ങനെയാണ് 'പൊൻപറ' എന്ന പ്രയോഗം വന്നത്. ശക്തൻ തമ്പുരാൻ പ്രതാപശാലിയായി കൊച്ചിയിൽ വാണിരുന്ന കാലത്ത് സമ്പന്നനായിരുന്ന ഒരു തറവാട്ടുകാരണവർ പൊൻപറ വച്ചതിൽ അസഹിഷ്ണുവായ തമ്പുരാൻ ആ തറവാട് കുളംതോണ്ടി എന്നൊരു കഥ ഐതീഹ്യമാലയിലുണ്ട്.

'കള്ളപ്പറയും ചെറുനാഴിയും എള്ളോളമില്ല പൊളിവചനം' മഹാബലി ചക്രവർത്തി നാടുവാണ നന്മനിറഞ്ഞ കാലത്തെ

## ...എന്ന് വായനക്കാർ

### വിജ്ഞാനപ്രദം

2019 ഒക്ടോബർ ലക്കം പഞ്ചായത്ത് രാജ് മാസികയിൽ പ്രസിദ്ധീകരിച്ച മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച് ജനങ്ങളും ഉദ്യോഗസ്ഥരും ജനപ്രതിനിധികളും അറിയേണ്ട സമഗ്രവിവരങ്ങൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ ഡോ. ദിവ്യ എസ്. അയ്യരുടെ ലേഖനം വിജ്ഞാനപ്രദവും മികവുറ്റതുമായിരുന്നുവെന്ന് സസന്തോഷം അറിയിക്കുന്നു. മഹാത്മാഗാന്ധിയുടെ ജീവചരിത്രത്തിലെ അറിയപ്പെടാത്ത ഏടുകളിലേക്ക് വെളിച്ചം വീശിയ ഷിജു ഏലിയാസിന്റെ 'എന്തുകൊണ്ട് ഗാന്ധിജി' എന്ന ലേഖനം കാലികപ്രസക്തമായി.

കേരളത്തിൽ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃതപദ്ധതികളെ സംബന്ധിച്ച ലേഖനങ്ങളും അറിവുപകരുന്നതായിരുന്നു. ആർ.ജി.എസ്.എ. പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകൾക്ക് നൂതന സംരംഭങ്ങൾ തുടങ്ങുന്നതിന് പദ്ധതികൾ ആവിഷ്കരിക്കാമെന്നത് പുതിയൊരു അറിവായി. മാസികയുടെ അണിയറശില്പികൾക്ക് എല്ലാവിധ ഭാവുകങ്ങളും.

**ശങ്കരദാസ്,**
**ഭരണിക്കാവ്**

പഞ്ചായത്ത് രാജ്
മാസികയിലേക്കുള്ള ലേഖനങ്ങളും
കത്തുകളും prmdp2018@gmail.com
എന്ന ഇ മെയിൽ വിലാസത്തിൽ
അയയ്ക്കേണ്ടതാണ്.

---

സൂചിപ്പിക്കുന്ന ഈ വരികളിൽ പറയും നാഴിയുമൊക്കെ പരാമർശിക്കപ്പെടുന്നു. ഇന്നും ഏതൊരുവിശേഷപ്പെട്ട ചടങ്ങിനും നിലവിളക്കിനൊപ്പം നിറപറയും അതിനുള്ളിൽ തെങ്ങിൻ പൂക്കുലയും വെയ്ക്കുന്നത് ഏറെ ഐശ്വര്യപ്രദമാണെന്ന് മലയാളികരുതുന്നു. നിറപറ വയ്ക്കുക എന്നാൽ ഒപ്പം നിറനാഴിയും ചങ്ങഴിയും കൂടിവെച്ചാലേ നിറപറ സമർപ്പണം സമ്പൂർണ്ണമാകൂ. പറ നിറഞ്ഞ് പത്തായവും നിറഞ്ഞാൽ മനവും നിറയുമെന്ന് വിശ്വസിച്ച് കൃഷിയെ സ്നേഹിച്ച ഒരു തലമുറയുടെ പിന്മുറക്കാരാണ് നാം. നെല്ലും വയലും നെൽകൃഷിയുമെല്ലാം അന്യമായിക്കൊണ്ടിരിക്കുന്ന ഈ പഴയകർഷകഭൂമിയിൽ നിറപറയും നിറനാഴിയുമൊരുക്കാൻ പറയും ചങ്ങഴിയും നാഴിയും നെല്ലും വാടകയ്ക്കെടുക്കുന്ന കാലമാണിത്. നെൽകൃഷി ഏറെയും അന്യം നിന്നതോടെ നെല്ലളന്നിരുന്ന അളവ് ഉപകരണങ്ങളായിരുന്ന പറയും ചങ്ങഴിയും നാഴിയുമെല്ലാം അരങ്ങൊഴിഞ്ഞു. ഇവ നന്നായി വാർണിഷ് ചെയ്ത് സ്വീകരണമുറിയിലെ ഷോക്കെയ്സ്സിൽ കൗതുകകാഴ്ചയ്ക്കായി വയ്ക്കുകയാണിപ്പോൾ. പുതിയ വീടുവെച്ചു കഴിഞ്ഞാൽ സ്വീകരണമുറിയിൽ അലങ്കാരത്തിനായി ലോഹനിർമ്മിത പറ വാങ്ങിവയ്ക്കുന്നവരുമുണ്ട്. ഏറെ കലാചാതുര്യത്തോടെ പറയും ചങ്ങഴിയും നാഴിയുമുണ്ടാക്കി പിത്തളകെട്ടി സൂക്ഷിക്കുന്നത് ഒരുകാലത്ത് കാർഷികപെരുമയുടെയും തറവാട്ട് മഹിമയുടെയും മുഖമുദ്രയായിരുന്നു.

പറയുടെ കൊടുക്കൽ വാങ്ങലിലും കൈകാര്യം ചെയ്യുന്നതിലുമൊക്കെ ചില നാട്ടാചാരങ്ങളും നിഷ്ഠകളും നിലനിന്നിരുന്നു. നെല്ലായാലും വിത്തായാലും അളന്നു കൊടുത്തു കഴിഞ്ഞാൽ ഒരു പിടി ധാന്യമണികൾ പറയിലിട്ടു മാത്രമേ അവ തിരികെ വയ്ക്കുമായിരുന്നുള്ളൂ. അറയിൽ നിന്നും പറയിൽ നിന്നും പത്തായത്തിൽ നിന്നും നെല്ലൊഴിയരുതെന്നുള്ള വിശുദ്ധസങ്കൽപ്പമാകാം ഇതിനുപിന്നിൽ ചൊവ്വ, വെള്ളിദിവസങ്ങളിൽ പറയുടെ കൊടുക്കൽ വാങ്ങൽ ഒഴിവാക്കിയിരുന്നു. മാത്രമല്ല ത്രിസന്ധ്യകഴിഞ്ഞാൽ പിന്നെ ഏതാവശ്യത്തിനായാലും പറ മറ്റൊരാൾക്ക് കൊടുക്കുകയുമില്ല.

പ്ലാവിന്റെ കാതലാണ് പറയും ചങ്ങഴിയും ഉണ്ടാക്കാനായി ഉപയോഗിച്ചിരുന്നത്. ഇവ ശിൽപ്പഭംഗിയോടെ പണിതെടുക്കുന്നതിൽ ഏറെ പ്രാവീണ്യവും കലാചാതുര്യവുമുള്ള മരപ്പണിക്കാരുമുണ്ടായിരുന്നു. ഈ അളവ് ഉപകരണങ്ങൾ കൂടുതലായി നിർമ്മിച്ച് ഉത്സവാഘോഷങ്ങളോടനുബന്ധിച്ചും പള്ളിപ്പെരുന്നാളിനും മറ്റും വിൽപ്പന നടത്തുന്ന പതിവുണ്ടായിരുന്നു. ഇന്നും ചെട്ടികുളങ്ങര കുംഭ ഭരണി ചന്തയിലും തെള്ളിയൂർക്കാവിലെ വൃശ്ചികവാണിഭത്തിനും മറ്റും ചുരുങ്ങിയതോതിലെങ്കിലും പറയും ചങ്ങഴിയും നാഴിയും തടിയിൽ തീർത്ത് ഇപ്പോഴും വില്പനയ്ക്കായി എത്തിക്കുന്ന പതിവുണ്ട്.

മധ്യതിരുവിതാംകൂറിൽ മറ്റൊരു ആചാരത്തിലും പറയ്ക്കും ചങ്ങഴിക്കും നാഴിക്കും വലിയ പ്രാധാന്യമുണ്ട്. രണ്ടാം വിളകൊയ്ത്ത് കഴിയുന്ന അവസരത്തിൽ ഇവിടെ മിക്ക ക്ഷേത്രങ്ങളിലും 'പറയ്ക്കെഴുന്നെള്ളിപ്പ്' എന്ന അനുഷ്ഠാനപരമായ ചടങ്ങ് നടക്കുന്നു. വാദ്യഘോഷങ്ങളോടെ വർഷത്തിലൊരിക്കൽ ദേശദേവനോ ദേവിയോ വീടുകൾ തോറും കടന്നുവന്ന് ഭഗവത് സാന്നിദ്ധ്യവും ചൈതന്യവും അനുഭവവേദ്യമാക്കുകയാണ്. ദേവചൈതന്യത്തെ മൂലബിംബത്തിൽ ആവാഹിച്ച് ശ്രീകോവിലിന്റെ നന്നേ ചെറിയ മാതൃക രണ്ട് തണ്ടിൻമേൽ ഉറപ്പിച്ച് മുന്നിലും പിന്നിലും പൂജാരിമാർ നിന്ന് തോളിലേറ്റിയാണ് പറയെടുപ്പിനായി വീടുകളിലേക്കെത്തുക. ഭക്ത്യാദരപൂർവ്വം ചാണകം മെഴുകിയ തറയിൽ നെൽപ്പറയിട്ട് ദീപം തെളിച്ച് വായ്ക്കുരവയോടെ ജീവതയിൽ എഴുന്നള്ളുന്ന ദേശത്തിന്റെ കാവലാളായി കരുതുന്ന ദേവിയേയൊ ദേവനേയൊ ആചാരപൂർവ്വം സ്വീകരിക്കുന്ന ആദ്ധ്യാത്മിക ചടങ്ങിന് ഇന്നും മുടക്കം വന്നിട്ടില്ല.

മകരക്കൊയ്ത്ത് കഴിഞ്ഞ് അറയും പറയും പുന്നെല്ലു നിറയുന്ന കാലത്താണ് ഈ പറയ്ക്കെഴുന്നെള്ളിപ്പ് നടക്കുക. പത്തായത്തിൽ നിന്ന് അളന്നെടുത്തുവെച്ചിരിക്കുന്ന നെല്ലുകൊണ്ടു പറയും ചങ്ങഴിയും നാഴിയും നിറച്ച് പറയിടുകയും ആ ധാന്യം ക്ഷേത്രത്തിലേക്ക് നൽകുകയുമായിരുന്നു പരമ്പരാഗത സമ്പ്രദായം. നെല്ലും നെൽപ്പാടവും പത്തായങ്ങളും അറമുറികളും തിരോഭവിച്ചതോടെ നെല്ലെടുത്ത് പറയിടുകയും അതിനുള്ള പണം ദേവസ്വത്തിലേക്ക് നൽകുകയും ചെയ്യുന്നു. ചുരുക്കത്തിൽ നാഴൂരി പാലുകൊണ്ട് നാടാകെ കല്യാണം എന്ന രീതിയിലായി അവസ്ഥ. രണ്ടോ മൂന്നോ പറ നെല്ലുക്കൊണ്ട് ഒരു ദേശത്തെയാകെ പറയിടൽ വഴിപാട് നടത്തുകയായിന്ന്.

ഇതിലൊക്കെ പരിതപിച്ചിട്ടിനി കാര്യമില്ല. തടംതകർത്തൊഴുകുന്ന കാലപ്രവാഹത്തിൽ പലതും മാഞ്ഞു മറഞ്ഞുപോയില്ലേ? പക്ഷെ നമ്മുടെ മനസ്സിലെ ഈ പഴയമുദ്രകളിലേക്ക് ഇടയ്ക്കിടെയൊരു മടക്കയാത്ര നല്ലതുതന്നെ. അത് നമ്മുടെ യഥാർത്ഥ ഗ്രാമജീവിതത്തിന്റെ നനുത്ത ഓർമ്മകൾ മടക്കിക്കൊണ്ടുവരും - പുതിയ ജീവിതത്തെ അത് കൂടുതൽ അർത്ഥപൂർണ്ണമാക്കുകയും ചെയ്യും ☐





## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

**പഞ്ചായത്ത്‌രാജ്**

വാർഷിക വരിസംഖ്യ ₹ 120



**PANCHAYAT RAJ (Monthly)** November 2019
Annual Subscription ₹120, Published on 20 November 2019

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20




Printed & Published by Dr. B.S. Thirumeni IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: Dr. B.S. Thirumeni IAS